# ബൈബിൾഭാഷ്യം

## സങ്കീർത്തനങ്ങൾ ഒരു പഠനം

പത്രാധിപക്കുറിപ്പ്

സങ്കീർത്തനങ്ങൾ: നമ്മുടെ പ്രാർത്ഥനാഗീതങ്ങൾ

ഡോ. തോമസ് കയ്യാലപറമ്പിൽ

പ്രാർത്ഥിക്കുന്ന മനുഷ്യൻ വിലാപസങ്കീർത്തനങ്ങളിൽ

ഡോ. ജെ. തുരുത്തുമാലിൽ

ഇസ്രായേലിന്റെ സ്തുതിപ്പുകളുടെ ദൈവശാസ്ത്രം

റൂയി ദ മെനസസ് എസ്. ജെ.

സങ്കീർത്തനങ്ങൾ അഥവാ പ്രാർത്ഥിക്കുന്ന ഇസ്രായേൽ

ഫാ. എഫ്. റിപ്പോൾ എസ്. ജെ. ബോംബെ



ദേവാലയവും കർത്താവിന്റെ ഭവനവും

ഡോ. (മിസ്) വി. മെല്ലർ, പാററ്ന.

ബൈബിൾ ആരാധനക്രമത്തിൽ

ബൈബിൾ വാർത്തകൾ

ഗ്രന്ഥനിരൂപണം

1979

ജൂൺ

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

# പത്രാധിപസമിതി

ചീഫ് എഡിറ്റർ

മാത്യു വെള്ളാനിക്കൽ

അസി: എഡിറ്റർ

ജോസഫ് കോട്ടയ്ക്കൽ

മാനേജിംഗ് എഡിറ്റർ

തോമസ് കയ്യാലപ്പറമ്പിൽ

ബുക്ക്സ് റിവ്യു എഡിറ്റർ

ജോർജ്ജ് മങ്ങാട്ടു്

അസോ: എഡിറ്റേഴ്സ്

ജോൺ ബക്ക്മാൻസ്, പൂനാ
സി. എം. ചെറിയാൻ, ഡൽഹി
ജോർജ്ജ് കുന്താനം, ആലുവാ
ലൂസിയൻ ലെഗ്രാൻഡ്, ബാംഗ്ളൂർ
കെ. ലൂക്ക്, തൃശ്ശൂർ
ജോസഫ് പാത്രപാങ്കൽ, ബാംഗ്ളൂർ
ആർ. ജെ. രാജാ, തിരുച്ചിറപ്പള്ളി
ജോർജ്ജ് സ്വാരസ് പ്രഭു, പൂനാ
ജെ. എൻ. എം. വൈൻഗാർഡ്സ്, ന്യൂയോർക്ക്

എഡിറ്റോറിയൽ അഡ്വൈസേഴ്സ്

റുഡോൾഫ് പെഷ്, ഫ്രാങ്ക്ഫർട്ടു്, പ. ജർമ്മനി
ഇഞ്ഞാസ് ദ് ലാ പോത്തെരി, റോമാ, ഇററലി
റുഡോൾഫ് ഷ്നാക്കെൻബുർഗ്, വ്യർസ്ബർഗ്,
പ. ജർമ്മനി
ബ്രൂസ് വോട്ടെർ, ഷിക്കാഗോ, അമേരിക്ക

പബ്ളീഷർ

മോൺ. സക്കറിയാസ് വാഴപ്പിള്ളി

www.malankaralibrary.com

ബൈബിൾ വിജ്ഞാനീയത്തിന്
ഒരു ത്രൈമാസികം

# ബൈബിൾഭാഷ്യം

വാല്യം VIII ലക്കം 2 ജൂൺ, 1979

## സങ്കീർത്തനങ്ങൾ ഒരു പഠനം

പേജ്

പത്രാധിപക്കുറിപ്പ്

സങ്കീർത്തനങ്ങൾ: നമ്മുടെ പ്രാർത്ഥനാഗീതങ്ങൾ 103
ഡോ. തോമസ് കയ്യാലപറമ്പിൽ

പ്രാർത്ഥിക്കുന്ന മനുഷ്യൻ വിലാപസങ്കീർത്തനങ്ങളിൽ 118
ഡോ. ജെ. തുരുത്തുമാലിൽ

ഇസ്രായേലിൻെറ സ്തുതിപ്പുകളുടെ ദൈവശാസ്ത്രം 136
റൂയി ദ മെനസസ് എസ്. ജെ.

സങ്കീർത്തനങ്ങൾ അഥവാ പ്രാർത്ഥിക്കുന്ന ഇസ്രായേൽ 155
ഫാ. എഫ്. റിപ്പോൾ എസ്. ജെ. ബോംബെ

ദേവാലയവും കർത്താവിൻെറ ഭവനവും 162
ഡോ. (മിസ്) വി. മെല്ലർ, പാററ്ന.

ബൈബിൾ ആരാധനക്രമത്തിൽ 170

ബൈബിൾ വാർത്തകൾ 183

ഗ്രന്ഥനിരൂപണം 185

സെൻറ് തോമസ് അപ്പസ്തോലിക് സെമിനാരി
വടവാതൂർ, കോട്ടയം — 686010.

www.malankaralibrary.com

സങ്കീർത്തനങ്ങൾക്ക് ഒരാമുഖമാണ് ആദ്യത്തെ ലേഖനം. കോട്ടയം സെൻറ് തോമസ് അപ്പസ്തോലിക് സെമിനാരിയിലെ ബൈബിൾ പ്രൊഫസറായ ഡോ. തോമസ് കയ്യാലപ്പറമ്പിലാണ് ലേഖനകർത്താവ്. സങ്കീർത്തനങ്ങളെ എപ്രകാരം നമ്മുടെ പ്രാർത്ഥനകളാക്കി മാററാമെന്നാണ് അദ്ദേഹം പ്രതിപാദിക്കുക.

ആലുവാ പൊന്തിഫിക്കൽ സെമിനാരിയിലെ ബൈബിൾ പ്രൊഫസറായ ഡോ. ജോസഫ് തുരുത്തുമാലിയുടേതാണ് ദ്വിതീയ ലേഖനം. ഇസ്രായേൽക്കാരുടെ ജീവിതപശ്ചാത്തലത്തിൽ, വിലാപകീർത്തനങ്ങളുടെ ഉത്ഭവം, സ്വഭാവം എന്നിവയാണ് അദ്ദേഹം പ്രതിപാദിക്കുന്നത്.

പൂന പൊന്തിഫിക്കൽ അത്തിനിയത്തിലെ പഴയനിയമ പ്രൊഫസറായ ഫാ. റൂയി മെനസെസ് S. J. സ്തുതിപ്പുകളുടെ വിഭാഗത്തിലുള്ള സങ്കീർത്തനങ്ങളെക്കുറിച്ചു നടത്തിയ പഠനത്തിൻെറ ഫലമാണ് മൂന്നാമത്തെ ലേഖനം. നമ്മുടെ സ്തുതിയുടെയും കൃതജ്ഞതയുടെയും വികാരങ്ങൾ ദൈവതിരുമുമ്പിൽ പ്രകാശിപ്പിക്കുവാൻ ഈ പഠനം നമ്മെയും സഹായിക്കും.

''സങ്കീർത്തനങ്ങൾ അഥവാ പ്രാർത്ഥിക്കുന്ന ഇസ്രായേൽ'' എന്ന ശീർഷകത്തിലുള്ള നാലാമത്തെ ലേഖനത്തിൽ ബോംബെയിലെ സെൻറ് പീയൂസ് X കോളേജിലെ പ്രൊഫസറായ ഫാ. റിപ്പോൾ S. J., സങ്കീർത്തനങ്ങൾ എപ്രകാരം ഇസ്രായേലിൻെറ പ്രാർത്ഥനാജീവിതം പ്രതിഫലിപ്പിക്കുന്നുവെന്നു വിശദീകരിക്കുകയാണ്.

ഈ ലക്കത്തിലെ അവസാനത്തെ ലേഖനം പാററ്‌ന വിമൻസ് കോളേജിലെ പ്രൊഫസ്സറായ ഡോ. (മിസ്) വി. മെല്ലറിൻേറതാണ്. 'ദേവാലയം' എന്ന പ്രയോഗത്തിൻെറ അർത്ഥവും വിശുദ്ധ ഗ്രന്ഥത്തിലെ അതിൻെറ ഉപയോഗവുമാണ് അവരുടെ ലഘുലേഖനത്തിലെ പ്രതിപാദ്യം.

www.malankaralibrary.com

# സങ്കീർത്തനങ്ങൾ –
# നമ്മുടെ പ്രാർത്ഥനാഗീതങ്ങൾ

## ഗ്രന്ഥശീർഷകം

ഹീബ്രു ബൈബിളിൽ സങ്കീർത്തനങ്ങളുടെ ശീർഷകം Tehillim എന്നാണ്. ഈ നാമത്തിൻെറ ഉത്ഭവം 'സ്തുതിക്കുക' എന്നർത്ഥമുള്ള 'Hll' എന്ന ക്രിയാപദത്തിൽനിന്നാണ്. അപ്പോൾ ശീർഷകത്തിൻെറ അർത്ഥം 'സ്തുതിപ്പുകൾ' എന്നാകുന്നു. ബി. സി. അഞ്ചും, നാലും ശതകങ്ങളിൽ സങ്കീർത്തനങ്ങളുടെ സമാഹരണം പൂർത്തിയായതിനുശേഷമാണ് ഈ ശീർഷകം ഉപയോഗത്തിൽ വന്നതു്. എങ്കിലും, എല്ലാ സങ്കീർത്തനങ്ങളും സ്തുതിഗീതങ്ങളല്ല. സെപ്റ്റുവജിന്റ് വിവർത്തകന്മാർ സ്വീകരിച്ചതു് 'Psalmoi' (സങ്കീർത്തനങ്ങൾ) എന്ന കുറെക്കൂടി പൊതുവായ പദമാണ്. സെപ്റ്റുവജിന്തിലെ കയ്യെഴുത്തുപ്രതികളിൽ വിഭിന്ന ശീർഷകങ്ങൾ കാണുന്നു. സങ്കീർത്തനങ്ങളുടെ പുസ്തകം (Biblos Psalmon) അഥവാ സങ്കീർത്തനങ്ങൾ (Psalmoi) എന്നിവയാണ് ചിലതിലെ ശീർഷകങ്ങളെങ്കിൽ മററു ചിലതിൽ തന്ത്രിവാദ്യം (Psalterion) എന്നാണ് കാണുന്നതു് Psalterion ആണ് 'Psalter' (സങ്കീർത്തനസമാഹാരം) എന്ന ആംഗ്ലേയപദത്തിനടിസ്ഥാനം. ആകയാൽ, സംഗീതോപകരണങ്ങളുടെ അകമ്പടിയോടെ ആലപിക്കേണ്ട ഗീതങ്ങളാണ് സങ്കീർത്തനങ്ങൾ.

## സങ്കീർത്തനങ്ങൾ – ഗീതങ്ങൾ

പ്രാർത്ഥനാഗാനങ്ങളാണ് സങ്കീർത്തനങ്ങൾ. ഗീതങ്ങളും മതങ്ങളും തമ്മിൽ അഭേദ്യമായ ബന്ധമുണ്ടു് ദൈവത്തിലേയ്ക്കുള്ള മനുഷ്യാത്മാവിൻെറ ആന്തരികാരോഹണം താളലയങ്ങളുടെ ഭാഷയിൽ പ്രകാശിതമാകുന്നു. ദൈവാരാധനയുടെ സമയത്തു് ഭക്തൻെറ അത്യഗാധമായ ഹൃദയവികാരങ്ങൾക്കു രൂപവും ഭാവവും നൽകുവാനും അവൻെറ ആത്മാവിനു് കുളിർമ്മ നൽകുവാനും സംഗീതത്തിനു് കഴിയും.

നിർദ്ദിഷ്ടാർത്ഥത്തിൽ, സങ്കീർത്തനങ്ങൾ പദ്യശകലങ്ങളാണ്. തുടർന്നുവരുന്ന രണ്ടു വരികൾ തമ്മിലുള്ള ഗാഢമായ

www.malankaralibrary.com

സമാനത ഹീബ്രുകവിതയുടെ പ്രത്യേകതയാണ്. ഉദാ:

"കർത്താവേ, എത്രപേർ എന്നെ ഞെരുക്കുന്നു!
എത്രപേർ എനിക്കെതിരായി നില്ക്കുന്നു"! (സങ്കീ. 3:1).

ഹീബ്രുപദ്യശാഖയിലെ മറെറാരു സവിശേഷതയാണ് അക്ഷരമാലക്രമത്തിലുള്ള വരികളും ഖണ്ഡികകളും. ഹീബ്രുവിൽ 22 അക്ഷരങ്ങളുണ്ട്. ഇതിൻെറ മാതൃകയിൽ ഓരോ പദ്യത്തിലും 22 വരികളോ ഖണ്ഡികകളോ കാണും. ഓരോന്നും അക്ഷരമാലയിലെ ക്രമത്തിലാണുതാനും (സങ്കീ. 9–10; 25, 34, 37, 111–112, 119, 145).

ആരാധകർ സങ്കീർത്തനങ്ങൾ ചൊല്ലുകയല്ല; ആലപിക്കുകയാണ് ചെയ്യുന്നത്. ചില സങ്കീർത്തനങ്ങളുടെ പ്രാരംഭംതന്നെ ആലാപാഹ്വാനമാണ്. 'നമുക്കു നാഥനെ പാടിപ്പുകഴ്ത്താം! നമുക്ക് ആനന്ദകരമായ ശബ്ദമുയർത്താം' (സങ്കീ. 95:1). ഗാനമാലപിക്കുന്നത് ചിലപ്പോൾ സമൂഹമാകാം; മററവസരങ്ങളിൽ പുരോഹിതരുടേയും ലേവായരുടേയും ഗായകസംഘമാകാം. ഗായകസംഘം പാടുന്ന ഓരോ ഈരടികൾക്കും മറുപടിയായി, "അവിടുത്തെ സ്നേഹം എന്നും നിലനില്ക്കുന്നു" (സങ്കീ. 136) എന്നോ 'ഹല്ലേലൂയാ' എന്നോ ജനങ്ങൾ ആവർത്തിച്ച പാടുക പതിവായിരുന്നു. ബലിയർപ്പണവേളകളിലാണ് ആരാധകർ സാധാരണയായി പാടിയിരുന്നത്. പ്രദക്ഷിണത്തിൻെറ അവസരങ്ങളിൽ അവർ തീർത്ഥാടകഗാനങ്ങളാലപിച്ചിരുന്നു.

## സംഗീതോപകരണങ്ങൾ

ദേവാലയങ്ങളിൽ സങ്കീർത്തനാലാപത്തിനു പ്രധാനമായും അഞ്ചു വ്യത്യസ്ത ഉപകരണങ്ങൾ ഉപയോഗിച്ചിരുന്നു. കൈത്താളം: ഇതു കൂട്ടിയടിച്ച ശബ്ദമുണ്ടാക്കുന്ന രണ്ടു പിച്ചളത്തകിടുകൾ ആകുന്നു. വലിപ്പമേറിയ വല്ലകി: ഇതിൻെറ തന്ത്രികൾ മീട്ടുമ്പോൾ സ്വരം പുറപ്പെടുന്നു. കിന്നരം അഥവാ വിപഞ്ചി എന്നൊക്കെ ഇതിനെ വിളിക്കാം. ചെറിയ വല്ലകി: ഇത് വീണ എന്ന പേരിലും അറിയപ്പെടുന്നു. ഉച്ചഭാഷിണികുഴൽ: ലോഹനിർമ്മിതമായ ഇത് ഊതുമ്പോൾ ഉച്ചത്തിലുള്ള സ്വരമുണ്ടാകും. പുരോഹിതന്മാരാണ് ഇതു സാധാരണ ഉപയോഗിക്കുക. കൊമ്പ്: മുട്ടനാടിൻെറ കൊമ്പുകൊണ്ടാണ് ഇത് നിർമ്മിച്ചിരുന്നത്. ചെറിയ സംഗീതോപകരണങ്ങൾ ഇനിയുമുണ്ട് സങ്കീ. 150 ലെ പട്ടികയിൽ.

www.malankaralibrary.com

## സങ്കീർത്തനഗ്രന്ഥത്തിനു പുറമെയുള്ള ഗീതങ്ങൾ

പഴയനിയമത്തിലെ ഇതര ഗ്രന്ഥങ്ങളിലും ഗീതങ്ങൾ ധാരാളമുണ്ട്. കടൽക്കരയിൽവച്ചുള്ള ഇസ്രായേൽക്കാരുടെ ഗീതം (പുറ. 15 : 1–18), മൂശയുടെ ഗീതം (ആവ. 32 : 1–43), ഹന്നായുടെ പ്രാർത്ഥന (1 സാമു. 2:1–10), ജോനാസിന്റെ പ്രാർത്ഥന (ജോനാ. 2:3–10), തോബിയാസിന്റെ പ്രാർത്ഥന (തോബി. 13) എന്നിവയെല്ലാം ഗീതങ്ങളാണ്. ജെറേമിയാസിന്റെ പുസ്തകത്തിലും അനേകം ഗാനങ്ങളുണ്ട്. ഇത്തരത്തിലുള്ള ധാരാളം ഗീതങ്ങൾ ഇന്നത്തെ സങ്കീർത്തനഗ്രന്ഥത്തിലേക്കു സ്വീകരിച്ചിട്ടുണ്ട്. ജെറേമിയാസിന്റെ വിലാപഗാനം (ജെറേ. 15:15–21), തീച്ചൂളയിൽവെച്ച് മൂന്നു ബാലന്മാർ ആലപിച്ച സ്തുതിപ്പ് (ദാനി. 3:26–90), ഹേസക്കിയാ രാജാവിന്റെ കൃതജ്ഞതാ സൂചകകീർത്തനം (ഇസ. 38), സാമുവേലിന്റെ മാതാവായ ഹന്നായുടെ ഗീതം തുടങ്ങിയവ എളുപ്പത്തിൽ സങ്കീർത്തനങ്ങളോട് കൂട്ടിച്ചേർക്കാൻ കഴിഞ്ഞു. പൂർണ്ണമായ ഗീതങ്ങൾ സങ്കീർത്തനസമാഹാരത്തിലേയ്ക്കു സ്വീകരിച്ച വേറെയും അവസരങ്ങളുണ്ട്. ദൈവം സാവൂളിൽനിന്നും തന്നെ രക്ഷിച്ച ദിവസം ദാവീദ് ആലപിച്ച കീർത്തന (2 സാമു. 22) മാണ് 18-ാം സങ്കീർത്തനം. ചുരുക്കത്തിൽ, വിശുദ്ധ ലിഖിതങ്ങളിലെ ഗീതങ്ങൾ പലതും യഥാർത്ഥസങ്കീർത്തനങ്ങൾതന്നെയാണ്.

## സങ്കീർത്തനങ്ങൾ ആരാധനാഗീതങ്ങൾ

ആരാധന എന്നു വച്ചാൽ ബലികളും യാഗങ്ങളും എന്നാണ് നാം അർത്ഥമാക്കുക. എന്നാൽ ദേവാലയാഘോഷങ്ങളെല്ലാം ആരാധനയാണ്. വാർഷികാഘോഷപരിപാടികളിലും പ്രതിദിനബലിയർപ്പണത്തിലും പരസ്യമായ ആരാധനയ്ക്കു വലിയ സ്ഥാനം കല്പിച്ചിരുന്നു. യാഹ്‌വെയുടെ പ്രവൃത്തികളുടെ അനുസ്മരണമായിരുന്നു പ്രസ്തുതാഘോഷങ്ങൾ. ഇത്തരം അവസരങ്ങളിൽ യാഹ്‌വെ ഇസ്രായേൽക്കാർക്കുവേണ്ടി ചെയ്ത കാര്യങ്ങൾ അനുസ്മരിക്കുക മാത്രമല്ല; പുനരവതരിപ്പിക്കുകകൂടി ചെയ്തിരുന്നു. പില്ക്കാലത്തുള്ള ഇസ്രായേല്ക്കാരും മൂശയുടെ കാലത്തെ ആളുകളുടെ അതേ ചൈതന്യത്തിൽ ജീവിക്കുവാൻ ഈ തിരുനാളുകൾ ഉത്തേജനം നല്കി. ഈജിപ്തിൽനിന്ന് തങ്ങളെ ദൈവം മോചിപ്പിച്ചുവെന്നും സീനായിമലയിൽവച്ച് അവിടുന്ന് തങ്ങളോട് ഉടമ്പടി ചെയ്തുവെന്നും ആകയാൽ അവിടുത്തോട് വിശ്വസ്തത പുലർത്തിക്കൊണ്ട് ജീവിക്കണമെന്നും ഈ ആഘോഷങ്ങൾ ജനങ്ങളെ ബോദ്ധ്യപ്പെടുത്തി. ഉടമ്പടി നവീകരിക്കുന്നതിനു പിന്നിലുള്ള ആശയം ഇതായിരുന്നു (ജോഷ്വ 24 : 16–18).

www.malankaralibrary.com

യാഹ്‌വെയുടെ പ്രവൃത്തികൾ ഗീതങ്ങളിലൂടെ ആലപിച്ച പ്രാർത്ഥനാസമൂഹത്തിൽ അവതരിപ്പിച്ചിരുന്നു. 2 ഈ ഉദ്ദേശ്യം മുൻനിർത്തി ലെവായർക്കും ജനങ്ങൾക്കും പാടുവാൻവേണ്ടി ഗീതങ്ങൾ വിരചിതമായി.

എല്ലാ സങ്കീർത്തനങ്ങളുടെയും ഉറവിടം ആരാധനാവസരങ്ങളല്ല. സങ്കീർത്തകൻെറ നിരാശാപൂർണ്ണമായ പരിതസ്ഥിതികളിലാണ് വിലാപങ്ങൾ ആവിർഭവിച്ചതു്; അല്ലാതെ ആരാധനാനുഷ്ഠാനങ്ങളിലല്ല. ഇത്തരം സങ്കീർത്തനങ്ങളും പിൽക്കാലത്തു് സങ്കീർത്തനസമാഹാരത്തിൽ ഉൾപ്പെടുത്തിയെന്നതു സത്യം തന്നെ.

## സങ്കീർത്തനഗ്രന്ഥത്തിൻെറ ഉത്ഭവം

ദാവീദ്‌രാജാവു് ദൈവനിവേശിതനായി രചിച്ചതാണ് ഈ പുസ്തകം മുഴുവൻ എന്നായിരുന്നു പരമ്പരാഗതമായ വിശ്വാസം. കാലങ്ങളിലൂടെ വികാസം പ്രാപിച്ചു് ഇന്നത്തെ നിലയിൽ എത്തിച്ചേർന്നുവെന്നാണ് ആധുനികഗവേഷകരുടെ അഭിപ്രായം. ഇപ്പോൾ സങ്കീർത്തനമാലയിൽ 150 സങ്കീർത്തനങ്ങളുണ്ടു്. ഇവ അഞ്ചു പുസ്തകങ്ങളായി തിരിച്ചിരിക്കുന്നു (1-41; 42-72; 73-89; 90-104; 107-150). "ഇസ്രായേലിൻെറ ദൈവമായ യാഹ്‌വെ വാഴ്ത്തപ്പെട്ടവനാകട്ടെ" എന്ന സ്തുതിപ്പ് ഓരോ പുസ്തകത്തിൻേറയും അന്ത്യം കുറിക്കുന്നു. പ്രസ്തുത സങ്കീർത്തനസമാഹാരം വളരെക്കാലത്തെ പരിണാമത്തിൻെറ ഫലമാണ്. ഒരുപക്ഷെ പഞ്ചഗ്രന്ഥിയ്ക്കു സമാനമായി സങ്കീർത്തനങ്ങളേയും അഞ്ചായി തിരിക്കുകയാവും ചെയ്തതു് 3. അല്ലെങ്കിൽ പഞ്ചഗ്രന്ഥിയിലെ ദൈവവചനത്തിനു് സമൂഹം നല്കുന്ന അഞ്ചുതരത്തിലുള്ള പ്രത്യുത്തരമാകാം ഈ അഞ്ചു പുസ്തകങ്ങൾ.

## വിവിധ സമാഹാരങ്ങൾ

അനേകം ചെറിയ സമാഹാരങ്ങളുടങ്ങുന്ന മൂന്നു വലിയ സമാഹാരങ്ങളാണ് ആരംഭദശയിൽ സങ്കീർത്തനപുസ്തകത്തിൽ ഉണ്ടായിരുന്നതു്. ദൈവനാമം ഉപയോഗിച്ചിരുന്നതിനെ ആധാരമാക്കിയാണ് വിവിധ സമാഹാരങ്ങൾ തിരിച്ചതു്.

## യാഹ്‌വിസ്റ്റിക് സമാഹാരം (സങ്കീ. 3-41)

ദൈവത്തിനു് എലോഹിം എന്നപദം 15 പ്രാവശ്യവും യാഹ്‌വെ എന്നപദം 273 പ്രാവശ്യവും ഉപയോഗിച്ചിട്ടുണ്ടു്,

www.malankaralibrary.com

ഈ വിഭാഗത്തിൽ. സങ്കീ. 33 ഒഴികെയുള്ളതെല്ലാം ദാവീദിനാണ് ആരോപിച്ചിരിക്കുന്നത്. 'ദാവീദിൻെറ ബൃഹത്തായ സമാഹാരം' എന്നും ഇതറിയപ്പെടുന്നു.

## എലോഹിസ്റ്റിക് സമാഹാരം (സങ്കീ. 42–83; 84–89)

42 മുതൽ 83 വരെയുള്ള സങ്കീർത്തനങ്ങളിൽ എലോഹിം എന്ന പദം 200 പ്രാവശ്യം ഉപയോഗിച്ചിട്ടുണ്ട്. യാഹ്‌വെ എന്ന പദം 44 പ്രാവശ്യമേ കാണുന്നുള്ളൂ. ദാവീദിൻെറ ചെറിയ ഒരു സമാഹാരം (സങ്കീ. 51–65; 68–70), കോറാ (Korah) യുടെ പുത്രന്മാരുടെ ഒരു സമാഹാരം, (42, 49) അസാഫിൻെറ (Asaph) പുത്രന്മാരുടെ ഒരു സമാഹാരം (50, 73–83), ഒരു യാഹ്‌വിസ്റ്റിക് സമാഹാരം (84–89) എന്നിവയാണ് ഈ വിഭാഗത്തിലെ ഉള്ളടക്കം.

## പില്ക്കാലയാഹ്‌വിസ്റ്റിക് സമാഹാരം (സങ്കീ. 90–150)

ഈ വിഭാഗത്തിൽ, 108 ഉം 144 ഉം ഒഴികെയുള്ള സങ്കീർത്തനങ്ങളിലെല്ലാം യാഹ്‌വെ എന്ന പേരു കാണുന്നു. ദാവീദിൻെറ 17 സങ്കീർത്തനങ്ങളുണ്ട് ഇതിൽ. ഇതരസങ്കീർത്തനങ്ങൾ ശീർഷകരഹിതങ്ങളാണ്. ഇതിനപവാദങ്ങളാണ് സങ്കീർത്തനങ്ങൾ 90, 127, എന്നിവ. അവ യഥാക്രമം മൂശയുടെയും, സോളമൻെറയും അഭിധാനങ്ങളിൽ അറിയപ്പെടുന്നു.

മുകളിൽ വിവരിച്ച വിവിധസമാഹാരങ്ങളിൽ ആദ്യത്തേതു് ദാവീദിൻെറ ഭരണകാലത്തുതന്നെ (ബി. സി. 10–ാം നൂററാണ്ട്) ഉത്ഭവിച്ചതായിരിക്കണം. പിന്നീടുവന്ന രാജാക്കന്മാരുടെ കാലത്ത് സംഗീതവിദ്വാന്മാരുടെ സംഘങ്ങൾ പദ്യങ്ങൾ രചിക്കുകയോ പദ്യസമാഹാരങ്ങൾ ഉണ്ടാക്കുകയോ ചെയ്തു. വിപ്രവാസത്തിനു (ബി. സി. ആറാം നൂററാണ്ട്) മുമ്പുള്ള കാലഘട്ടങ്ങളിൽ പ്രസ്തുത ഗീതകങ്ങൾ എലോഹിസ്റ്റിക് രൂപഭാവങ്ങൾ കൈവരിച്ചു. പില്ക്കാലങ്ങളിൽ തീർത്ഥാടകഗീതങ്ങളും (സങ്കീ. 120–134) ഹല്ലേലൂയാ കീർത്തനങ്ങളും തീർത്ഥകരുടെയും ആരാധകരുടെയും ഉപയോഗാർത്ഥം വിരചിതമായി. വിവിധ സമാഹാരങ്ങൾ ഒററപ്പുസ്തകമായിത്തീർന്നതു് ബി. സി. മൂന്നാം ശതകത്തിലോ നാലാം ശതകത്തിലോ ആണ്. അനേകം സങ്കീർത്തനങ്ങൾക്ക് വിവിധങ്ങളായ തലക്കെട്ടുകൾ ലഭിച്ചതും ഈ കാലയളവിലായിരിക്കണം.

www.malankaralibrary.com

## സങ്കീർത്തനങ്ങളുടെ ശീർഷകങ്ങൾ

34 സങ്കീർത്തനങ്ങൾക്ക് ശീർഷകങ്ങളേ ഇല്ല. ചില ഗ്രന്ഥകാരന്മാർ അവയെ 'അനാഥ സങ്കീർത്തനങ്ങൾ' എന്നു വിളിക്കുന്നു5. ത്രിവിധങ്ങളായ സങ്കീർത്തനശീർഷകങ്ങളുണ്ട്.

1) സങ്കീർത്തനത്തിന്റെ സാഹിത്യരൂപം

സങ്കീർത്തനങ്ങളുടെ സ്വഭാവത്തിലേക്കു വെളിച്ചം വീശുന്ന ഒരു ഘടകമാണിത്. 'ഷിർ' (Shir) എന്നതിനർത്ഥം 'ഗാനം' എന്നാണ്. ഒരു പ്രേമഗാനമാണ് സങ്കീ. 45. 120 മുതൽ 134 വരെയുള്ളവ ആരോഹണഗീതങ്ങളാണ് (തീർത്ഥാടകഗാനങ്ങൾ). സംഗീത ഉപകരണങ്ങൾ സഹിതം ആലപിക്കേണ്ട ഗാനത്തെ 'മിസ്മോർ' (Mismor) എന്നു വിളിക്കുന്നു. ഇത്തരം 57 ഗാനങ്ങളുണ്ട്. നിഗൂഢാർത്ഥത്തോടുകൂടിയ 6 ഗാനങ്ങളുണ്ട്. ഇത്തരം ഗാനത്തെ 'മിക്താം' (Miktam) എന്നാണു വിളിക്കുക. സ്തുതിഗീതമാണ് 'തെഹില്ല' (tehillah). 'തെപില്ല' (tepillah) യാകട്ടെ പ്രാർത്ഥനാഗാനമാണ്. കൃത്യമായി വിവേചിക്കാനാവാത്ത അനേകം ശീർഷകങ്ങളുമുണ്ട്. പലപ്പോഴും അവയുടെ അർത്ഥം സുവ്യക്തമല്ലാത്തതിനാൽ വിവർത്തകർ അവ വിശദീകരിക്കുവാൻ മെനക്കെടാറില്ല.6

2) സങ്കീർത്തന കർത്തൃത്വം

അതാതു സങ്കീർത്തനങ്ങളുമായി ബന്ധപ്പെട്ട പ്രസിദ്ധരായ ചില വ്യക്തികളുടെ പേരുകൾ അവയുടെ പ്രാരംഭത്തിൽ ചേർത്തിട്ടുണ്ട്. പ്രസ്തുത നാമങ്ങൾ സങ്കീർത്തനരചയിതാക്കളുടേതാണെന്ന് കരുതിയിരുന്നു. ദാവീദിന്റെ പേരിൽ അറിയപ്പെടുന്ന സങ്കീർത്തനങ്ങളനവധിയുണ്ട്. 73 സങ്കീർത്തനങ്ങൾക്ക് 'ദാവീദിന്റെ' എന്ന ശീർഷകമുണ്ട്. ആധുനിക ഗ്രന്ഥകാരന്മാരെസംബന്ധിച്ചിടത്തോളം അവയുടെ കർത്തൃത്വം ദാവീദിനാരോപിക്കാൻ മാത്രം മതിയായ തെളിവല്ല ഇത്. ദാവീദ് സമാരംഭിച്ച ആരാധനയോടനുബന്ധിച്ചാണ് സങ്കീർത്തനങ്ങൾ ഉത്ഭവിച്ചത് എന്നതു ശരിതന്നെ (2 സാമു. 6:16). ഗായകരെ നിയമിച്ചതും അദ്ദേഹമാണ് (1 ദിനവൃ. 16:16f). സങ്കീർത്തനാലാപം സർവ്വസാധാരണമാക്കുവാൻ കാരണക്കാരൻ ദാവീദാണെന്നു പറയാം7. ഇതുപോലെതന്നെ മൂശ (സങ്കീ. 90), സോളമൻ (സങ്കീ. 72; 127), ഹേമൻ (സങ്കീ. 88), ഏഥൻ (സങ്കീ. 89), അസാഫ് (സങ്കീ. 50; 73–83), കോറാ (സങ്കീ. 42; 44–49; 84–85; 87–88) എന്നിവരെ സങ്കീർത്തനരചയിതാക്കളായി കരു

www.malankaralibrary.com

ത്തുന്നതും വസ്തുനിഷ്ഠമായി ശരിയല്ല. കോറായുടെ പുത്രന്മാർ, അസാഫിന്റെ പുത്രന്മാർ, ഹേമൻ, ഏഥൻ എന്നിവരൊന്നും വ്യക്തികളായ ഗ്രന്ഥകാരന്മാരല്ല; പ്രത്യുത, 1 ദിനവൃ. 15:16f സൂചിപ്പിക്കുന്നതുപോലെ കോറായുടെ പിൻഗാമികളാണ്.

## സങ്കീർത്തനത്തിന്റെ ചരിത്രപശ്ചാത്തലം

വിവിധങ്ങളായ ചരിത്രപശ്ചാത്തലങ്ങളിൽ നിന്നാണ് സങ്കീർത്തനങ്ങൾ രൂപം കൊണ്ടിട്ടുള്ളത്. ദാവീദിന്റെ ജീവിതത്തിലെ വ്യത്യസ്തങ്ങളായ ചരിത്രപരിതസ്ഥിതികളാണ് ചില സങ്കീർത്തനശീർഷകങ്ങൾ ദ്യോതിപ്പിക്കുന്നത്. 18, 21, 52, 54 തുടങ്ങിയ സങ്കീർത്തനങ്ങൾ ഉദാഹരണങ്ങളാണ്. സങ്കീർത്തനത്തിന്റെ ആരംഭത്തിൽ സൂചിപ്പിക്കുന്ന ചരിത്രപശ്ചാത്തലവും അതിന്റെ ഉള്ളടക്കവും തമ്മിൽ പൊരുത്തമില്ലായ്മ സാധാരണയാണ്. ദാവീദ് ബെത്ത്സാബിയോടുകൂടി "പാപം ചെയ്തശേഷം നാത്താൻ പ്രവാചകൻ ദാവീദിനെ സന്ദർശിച്ചപ്പോൾ" എന്ന ആമുഖമാണ് സങ്കീ. 51 നുള്ളത്. പ്രസ്തുത സങ്കീർത്തനത്തിന്റെ സമാപനവാക്യം സൂചിപ്പിക്കുന്നത് ജറുസലേമിന്റേയും അതിലെ ദേവാലയത്തിന്റേയും നാശത്തിനുശേഷമുള്ള ഒരു കാലഘട്ടമാണെന്നത് വ്യക്തമാണ്. സങ്കീർത്തനത്തിന്റെ സ്വഭാവം, സങ്കീർത്തന രചയിതാക്കൾ, അവയുടെ ചരിത്രപശ്ചാത്തലം എന്നിവ സൂചിപ്പിക്കുന്ന ശീർഷകങ്ങൾ, സങ്കീർത്തനങ്ങളെ ഒരു പുസ്തകമായി സമാഹരിച്ച ഗ്രന്ഥകാരന്റെ അനുമാനങ്ങളുടെ ഫലമാണ്.

## സങ്കീർത്തനങ്ങളുടെ വിവിധവിഭാഗങ്ങൾ

എച്ച്. ഗുങ്കൽ ആണ് ആധുനികരീതിയിൽ സങ്കീർത്തനങ്ങൾ തരംതിരിച്ചത്. സങ്കീർത്തനങ്ങളെ ഒരു സാഹിത്യസൃഷ്ടിയായാണ് അദ്ദേഹം പരിഗണിച്ചത്. സങ്കീർത്തനങ്ങൾ തമ്മിലുള്ള സാഹിത്യപരമായ സാധർമ്മ്യം ആസ്പദമാക്കിയാണ് അദ്ദേഹം അവയെ തരംതിരിച്ചത്. തത്ഫലമായി വിവിധ വിഭാഗങ്ങൾ ഉടലെടുത്തു. വൈയക്തിക വിലാപം, വൈയക്തിക കൃതജ്ഞതാപ്രകാശനം, സാമൂഹ്യവിലാപം, സാമൂഹ്യ കൃതജ്ഞതാപ്രകാശനം, സാമൂഹ്യ സ്തുതിപ്പ് എന്നിങ്ങനെ അദ്ദേഹം സങ്കീർത്തനങ്ങളെ വിഭജിച്ചു. കൂടാതെ, രാജകീയ കീർത്തനങ്ങൾ, തീർത്ഥാടകഗീതങ്ങൾ തുടങ്ങിയ അപ്രധാന വിഭാഗങ്ങളുമുണ്ട്.

www.malankaralibrary.com

## വൈയക്തിക വിലാപങ്ങൾ

എല്ലാ സ്ഥലകാലങ്ങളിലേയും അസന്തുഷ്ടരുടെ പ്രാർത്ഥനകളാണിവ. രോഗികൾ, പീഡിതർ, മർദ്ദിതർ, ബന്ധനസ്ഥർ മുതലായവരുടെ ദുഃഖം ഇവയിൽ പ്രതിധ്വനിക്കുന്നു. 8 ദുർഘട സന്ധികളിൽ സ്വാഭാവികമായി പുറപ്പെടുന്ന പ്രാർത്ഥനകളാണവ. കുട്ടികളില്ലാതിരുന്ന ഹന്നായുടെ പ്രാർത്ഥനയും (1 സാമു. 1: 9–18) മർദ്ദിതനായ ജെറേമിയാസിന്റെ പ്രാർത്ഥനയും (ജെറേ. 15: 15–18) സങ്കീർത്തന പുസ്തകത്തിനു വെളിയിലുള്ള വൈയക്തിക വിലാപങ്ങൾക്ക് ഉദാഹരണങ്ങളത്രെ.

വ്യക്തിപരമായ സങ്കീർത്തനങ്ങൾ രചിച്ചതു് പ്രഥമമായി വ്യക്തികൾക്കുവേണ്ടിയാണു്. അവരുടെ പരാതികൾ എത്ര തിക്തമായിരുന്നാലും ദൈവം അവ കേൾക്കുമെന്ന ഉറച്ച വിശ്വാസം അവർക്കുണ്ടായിരുന്നു. അതിനാലാണു് ഈ സങ്കീർത്തനങ്ങൾ പലതിന്റേയും ഉപസംഹാരം ദൈവകാരുണ്യത്തിനുള്ള കൃതജ്ഞതാപ്രകാശനമായിരിക്കുന്നതു്. സഹായത്തിനായി ദൈവസന്നിധിയിലേക്കു തിരിയാനുള്ള ഒരു കാരണമായിരുന്നു, ഇസ്രായേല്ക്കാർക്കു് മരണഭീതി. അകാലചരമം അവരെ അസ്വസ്ഥരാക്കി. പഴയനിയമ ചിന്താഗതിപ്രകാരം പാപമാണു് രോഗകാരണം. രോഗവിമുക്തിക്കുള്ള മാർഗ്ഗം പാപങ്ങളുടെ ഏററുപറച്ചിലും ദൈവകാരുണ്യം അപേക്ഷിക്കലുമായിരുന്നു. ശത്രുക്കളും അവരുടെ ദുരാരോപണങ്ങളും സഹനത്തിനും വിലാപത്തിനുമുള്ള ഇതര കാരണങ്ങളായിരുന്നു.

ദൈവനാമം വിളിച്ചുകൊണ്ടാണു് സങ്കീർത്തകൻ വിലാപം തുടങ്ങുന്നതു്. പിന്നീടു് ദൈവത്തിന്റെ കാരുണ്യം സമ്പാദിക്കുവാൻ തന്റെ ആവശ്യങ്ങൾ ഓരോന്നായി സവിസ്തരം പ്രതിപാദിക്കുന്നു. അവ 'എന്നെ ശ്രവിക്കണമേ', 'എന്നെ സഹായിക്കണമേ', 'എന്നെ രക്ഷിക്കണമേ', 'എന്റെ മേൽ ദയയുണ്ടാകണമേ' എന്നിങ്ങനെ പലതരത്തിലാകാം. ദൈവത്തിൽ ഈവിധം വിശ്വാസമർപ്പിക്കുന്നതിനുള്ള കാരണം അവിടുത്തെ കാരുണ്യവും നീതിയുമാണു്.

വൈയക്തിക വിലാപങ്ങളിൽ ശത്രുക്കൾക്കെതിരായുള്ള ശാപോക്തികൾ സാധാരണയാണു്. യഥാർത്ഥ അപകടസന്ധിയിൽ ജീവിച്ചുകൊണ്ടാണു് സങ്കീർത്തകൻ പ്രാർത്ഥിക്കുക. ശത്രുസങ്കേതത്തിലെ ദുഃഖപൂരിതമായ ജീവിതത്തിൽനിന്നും മോചനം പ്രാപിക്കാൻ വെമ്പുന്ന ഹൃദയമാണു് നാമിവിടെ ദർശിക്കുക. ശത്രുവിന്റെ നാശം ആഗ്രഹിക്കുന്നതിനുള്ള കാരണം മുക്തി

www.malankaralibrary.com

ക്കുയുള്ള ഈ തീവ്രാവേശമാണ്. പുതിയനിയമത്തിലെ സ്നേഹത്തിന്റെ പുതിയ കല്പന അവക്ജ്ഞാതമായിരുന്നതിനാൽ അവരുടെ മനോഭാവം ക്ഷമിക്കാവുന്നതേയുള്ളു.

## വൈയക്തിക കൃതജ്ഞതാപ്രകാശനം

സങ്കീർത്തന സമാഹാരത്തിനു വെളിയിലും വ്യക്തിപരമായ കൃതജ്ഞതാപ്രകാശനങ്ങൾ കാണാം. അവ എസക്കിയേൽ (ഇസ. 38: 10–20), ഹന്നാ (1 സാമു. 2: 1–10), ജോനാസ് (ജോന. 2: 2–9), തോബിയാസ് (തോബി. 23) എന്നിവരുടേതാണ്.

തങ്ങൾക്കു വ്യക്തിപരമായി ലഭിച്ച അനുഗ്രഹങ്ങൾക്ക് ദൈവത്തിനു നന്ദിപറയുകയാണ് ജനങ്ങൾ. വലിയ തിരുനാളുകളിൽ ആരാധനാപരമായ നന്ദിപ്രകടനങ്ങൾതന്നെ ഉണ്ടായിരുന്നു. എന്തെങ്കിലും അനിഷ്ടസംഭവങ്ങളിൽനിന്നു രക്ഷിക്കപ്പെട്ട ഇസ്രായേൽക്കാരൻ തന്റെ സുഹൃത്തുക്കളുമായി ജെറുസലേം ദേവാലയത്തിൽ വരികയും ദൈവത്തിന് നന്ദിപറയുകയും കൃതജ്ഞതാ കാഴ്ചകൾ അർപ്പിക്കുകയുമാണ് പതിവ് (സങ്കീ. 66:13–15). ഇപ്രകാരം അനേകംപേർ വന്നിരുന്നതിനാൽ തങ്ങൾ ഏതേതു കെടുതികളിൽനിന്നു മോചനം പ്രാപിച്ചുവോ അതിന്റെ അടിസ്ഥാനത്തിൽ ചെറുസംഘങ്ങളായി തിരിഞ്ഞാണ് അവർ ആരാധിച്ചിരുന്നതു്. സങ്കീ. 107, നാലു വിവിധ സംഘങ്ങളെ പരാമർശിക്കുന്നു: സഞ്ചാരികൾ (വാ. 4–9), മോചിതരായ തടവുകാർ (വാ. 10–16), രോഗികൾ (വാ. 17–22), കപ്പലപകടങ്ങളിൽനിന്ന് രക്ഷപ്പെട്ടവർ (വാ. 23–32). ഇവർ അപകടസ്ഥിതിയിലായിരുന്നപ്പോൾ യാഹ്‌വെയുടെ സഹായം അപേക്ഷിക്കുകയും അവിടുന്ന് പ്രാർത്ഥന കേൾക്കുകയും ചെയ്തു. ഇപ്പോൾ ആരാധകരായി ഇവർ തടിച്ചുകൂടിയിരിക്കുകയാണ്, ദേവാലയത്തിൽ, ദൈവത്തിനു കൃതജ്ഞത പ്രകാശിപ്പിക്കുവാൻ. പ്രാരംഭ പ്രസ്താവന, കൈവരിച്ച അനുഗ്രഹങ്ങളുടെ വിവരണം, എല്ലാവരുംകൂടി യാഹ്‌വെയ്ക്കു നന്ദി പ്രകടിപ്പിക്കാനുള്ള ആഹ്വാനം എന്നിവയാണ് ഇത്തരം സങ്കീർത്തനങ്ങളുടെ ഉള്ളടക്കം.

## സാമൂഹ്യ വിലാപങ്ങൾ

ചില സങ്കീർത്തനങ്ങളിൽ ദൈവജനം ഒത്തൊരുമിച്ച് കൃതജ്ഞതയർപ്പിക്കുന്നു. അവ വിലാപത്തിന്റേതായാലും കൃതജ്ഞതാപ്രകാശനത്തിന്റേതായാലും "ഞങ്ങൾ" എന്ന ബഹുവചനരൂപത്തിലാണ്. 'ഞങ്ങൾ' എന്ന ഈ പ്രയോഗമാണ് വൈയക്തിക വിലാപങ്ങളും സാമൂഹ്യവിലാപങ്ങളും തമ്മിലുള്ള

www.malankaralibrary.com

ഏക വ്യത്യാസം. മറ്റെല്ലാ സവിശേഷതകളിലും അവ സമാനങ്ങളത്രെ. "ഞങ്ങളെ രക്ഷിക്കുക, ഞങ്ങളെ വിമോചിക്കുക, ഞങ്ങളിൽ കരുണയുണ്ടാകണമേ." ഉപവാസദിനങ്ങളിലാണ് ഇവ ഉപയോഗിച്ചിരുന്നത്. വരൾച്ച, പട്ടിണി, യുദ്ധം, കൃഷിനാശം എന്നീ അവസരങ്ങളിൽ അവർ ഉപവസിക്കും. 'ഞങ്ങളെ കേൾക്കണമേ', എന്ന അപേക്ഷയും പ്രാർത്ഥനക്കും ഉപവാസത്തിനുമുള്ള കാരണത്തിന്റെ വിശദീകരണവും ഈദൃശ സങ്കീർത്തനങ്ങളിൽ കാണാം. ദൈവത്തിന്റെ രക്ഷാകരശക്തിയിലുള്ള വിശ്വാസം വളരെ പ്രകടമാണ് എല്ലാ സങ്കീർത്തനങ്ങളിലും. തന്റെ തെരഞ്ഞെടുക്കപ്പെട്ടവരോട് മുൻകാലങ്ങളിൽ ദൈവം കാണിച്ച വിശ്വസ്തതയാണ് ഈ വിശ്വാസത്തിനാധാരം. മറ്റൊരു ഉദ്ദേശ്യം ദൈവത്തിന്റെതന്നെ മഹത്വമാണ്. ഇസ്രായേൽക്കാർ രക്ഷിക്കപ്പെടുമ്പോൾ, അവർ വിശ്വാസമർപ്പിക്കുന്ന യാഹ്വെ ശക്തനാണെന്ന് ഇതരമതസ്ഥരും അറിയും (സങ്കീ. 44: 2; 74: 2). സാമൂഹ്യവിലാപങ്ങളിലും ശാപവചസ്സുകൾ കാണാം. അദമ്യമായ സ്വാതന്ത്ര്യതൃഷ്ണയാണ് എതിരാളികൾക്കെതിരെ ശാപവചനങ്ങൾ ഉച്ചരിക്കാൻ അവരെ പ്രേരിപ്പിച്ചത്.

## സാമൂഹ്യമായ കൃതജ്ഞതാപ്രകാശനം

പൊതുവായ ശത്രുക്കളിൽനിന്ന് മോചനം പ്രാപിക്കുന്ന അവസരങ്ങളിൽ ഇസ്രായേൽക്കാർ ഒരുമിച്ചുകൂടാറുണ്ടായിരുന്നു. അത്തരം സമ്മേളനങ്ങളായിരുന്നു സാമൂഹ്യമായ കൃതജ്ഞതാപ്രകാശനമുഹൂർത്തങ്ങൾ. ഫലസമൃദ്ധമായ വിളവെടുപ്പിനുശേഷവുമാകാം ഇത്തരം ഒന്നുചേരൽ. ബി. സി. 701 ലെ സെനാക്കെറിബിന്റെ ഉപരോധനത്തിൽനിന്നും ജറൂസലേം വിമോചിതയായതിന്റെ ആഘോഷമാണ് 48, 76 എന്നീ സങ്കീർത്തനങ്ങളിൽ പ്രതിഫലിക്കുക. സങ്കീ. 65, 67 എന്നിവ നല്ല വിളവെടുപ്പിനുശേഷമുള്ള നന്ദിപ്രകടനമാണ്.

## സാമൂഹ്യമായ സ്തുതിപ്പുകൾ

സ്തുതിയുടെ സവ്വഗുണങ്ങളുമുള്ളവയാണ് നാല്പതോളം സങ്കീർത്തനങ്ങൾ. ചിലപ്പോൾ ദൈവത്തിന്റെ സൃഷ്ടികർമ്മമാണ് സ്തുതിപ്പിനുള്ള പ്രചോദനം (സങ്കീ. 8, 9, 29, 104). മറ്റുചിലപ്പോൾ, ഇസ്രായേൽക്കാർക്കുവേണ്ടി ദൈവം ചെയ്ത കാര്യങ്ങളും. ഉദാ: ഈജിപ്തിൽനിന്നു മോചിപ്പിച്ചതിനും വാഗ്ദാനഭൂമി അവകാശമായികൊടുത്തതിനും (സങ്കീ. 78, 81, 105, 106, 135, 136). പില്ക്കാലകീർത്തനങ്ങളുടെ ഒരു മാതൃകയാണ് പുറപ്പാട് 15-ാം

www.malankaralibrary.com

അദ്ധ്യായത്തിലെ, ഇസ്രായേലിന്റെ ഗാനം. ഗാനാലാപവും നൃത്തവും വഴി ദൈവിക ഇടപെടൽ ഇസ്രായേൽക്കാർ ആഘോഷിക്കുകയാണ്, ഇവിടെ. ദൈവിക ഇടപെടലിന്റെ അപരോക്ഷാനുഭവത്തിൽനിന്നാണ് സ്തുതിഗീതങ്ങൾ ഉടലെടുത്തത്.

പെസഹാ, പെന്തക്കുസ്ത, കൂടാരത്തിരുനാൾ എന്നീ അവസരങ്ങളിലാണ് സ്തുതിഗീതങ്ങൾ ആലപിച്ചിരുന്നത്. ദേവാലയത്തിൽ ബലിയർപ്പണസമയത്ത് അവ ആലപിക്കപ്പെട്ടു. ലേവായരും പരിശീലനം നേടിയ ഗായകരും പാട്ടിനു നേതൃത്വം നല്കുകയും ജനങ്ങൾ ചില പ്രത്യേക ഭാഗങ്ങൾ ആവർത്തിച്ചു പാടുകയും ചെയ്തു. ഉദാ: ''അവിടുത്തെ സ്നേഹം നിത്യമാകുന്നു'' (സങ്കീ. 136). സമൂഹം ചിലപ്പോഴെല്ലാം ആനന്ദസൂചകമായ സ്വരമുയർത്തുകയും താളാത്മകമായി കയ്യടിക്കുകയും പതിവായിരുന്നു.

ദൈവത്തിനു സ്തുതിപാടാനുള്ള ഒരു ക്ഷണമാണ് ഇത്തരം സങ്കീർത്തനങ്ങളുടെ പ്രാരംഭം. സ്തുതിക്കുന്നതിനുള്ള കാരണങ്ങളാണ് സങ്കീർത്തനത്തിന്റെ പ്രധാനഭാഗത്തു കാണുക. ''നമുക്കു പാടാം, നമുക്കാനന്ദിക്കാം, നമുക്കു സ്തുതിക്കാം'' എന്നിങ്ങനെയാണ് പ്രാരംഭത്തിലുള്ള ക്ഷണം. ദേവാലയത്തിൽ സന്നിഹിതരായിരിക്കുന്നവരെയാണ് പ്രധാനമായും ക്ഷണിക്കുന്നത്. ചിലപ്പോൾ സകലജാതികളേയും മാലാഖാമാരേയും ജീവജാലങ്ങളേയും ക്ഷണിക്കുന്നുണ്ട്. സൃഷ്ടിമുഴുവനും ദൈവത്തെ സ്തുതിക്കണം (സങ്കീ. 148, 150). തീച്ചൂളയിലെ മൂന്നു ബാലന്മാരുടെ സ്തുതിഗീതവും ഈ വിഭാഗത്തിൽ പെടുന്നു (ദാനി. 3: 57_88). സ്തുതിപ്പിന്റെ സങ്കീർത്തനങ്ങളിൽ ആനന്ദത്തിനു വലിയ സ്ഥാനമുണ്ട്. ഇസ്രായേലിന്റെ സന്തോഷോത്സവങ്ങളിൽനിന്നാണ് അവയുടെ ഉദ്ഭവം. മൂന്നു പ്രധാന ഉത്സവങ്ങളുണ്ടായിരുന്നു ഇസ്രായേൽക്കാർക്ക്. വസന്തത്തിൽ അവർ പെസഹാ ആഘോഷിച്ചു. ''പുളിപ്പില്ലാത്ത അപ്പ''ത്തിന്റെ തിരുനാൾ എന്നും അതിനെ വിളിച്ചിരുന്നു. മദ്ധ്യഗ്രീഷ്മോത്സവത്തിൽ_പെന്തക്കുസ്താതിരുനാൾ എന്നും ഇതറിയപ്പെട്ടിരുന്നു— അവർ അനുസ്മരിച്ചത് സിനായിൽ വച്ച് നിയമങ്ങൾ ലഭിച്ചതാണ്. തുടക്കത്തിൽ ഇത് ആദ്യഫലങ്ങൾക്കുവേണ്ടി കൃതജ്ഞത പ്രകാശിപ്പിക്കുന്നതിനുള്ള ഒരു ആഘോഷമായിരുന്നു. കൂടാരത്തിരുനാൾ എന്നും വിളിച്ചിരുന്ന ശരത്കാലോത്സവത്തിൽ വിപ്രവാസസംവത്സരങ്ങൾ അവർ അനുസ്മരിച്ചു. കൊയ്ത്തിന്റെ അന്ത്യം അനുസ്മരിക്കാനായിരുന്നു ആരംഭകാലങ്ങളിൽ ഈ ഉത്സവം കൊണ്ടാടിയിരുന്നത്.

www.malankaralibrary.com

## രാജകീയ സങ്കീർത്തനങ്ങൾ

ഇസ്രായേലിലേയോ യൂദായിലേയോ രാജാക്കന്മാർക്ക് മുഖ്യസ്ഥാനം കല്പിക്കുന്ന സങ്കീർത്തനങ്ങളാണിവ (സങ്കീ. 2, 18, 20, 45, 89, 110, 132, 144). വളരെയധികം രാജകീയ സങ്കീർത്തനങ്ങളുടെ ശൈലിയും ഉള്ളടക്കവും വൈയക്തിക കീർത്തനങ്ങളോട് സാധർമ്മ്യമുള്ളവയാണ്. സാമൂഹ്യസങ്കീർത്തനങ്ങളുടെ പ്രത്യേകതകളും ഇവയിൽ കാണാം. രാജാവ് യാഹ്‌വെയുടെ അഭിഷിക്തനും തെരഞ്ഞെടുക്കപ്പെട്ട ജനത്തിന്റെ പ്രതിനിധിയുമായിരുന്നതിനാൽ അദ്ദേഹത്തിന്റെ പ്രാർത്ഥന ജനങ്ങളുടെ നാമത്തിലും അവരോട് ഐക്യപ്പെട്ടുമായിരുന്നു (സങ്കീ. 89).

ഈ സങ്കീർത്തനങ്ങൾ ഉപയോഗിച്ചിരുന്നത് ദാവീദ വംശജരായ രാജാക്കന്മാരുടെ സിംഹാസനാരോഹണ വാർഷികങ്ങളിലോ, കിരീടധാരണവേളകളിലോ (സങ്കീ. 2, 110), വിവാഹമുഹൂർത്തങ്ങളിലോ (സങ്കീ. 45) ആയിരുന്നു. ജനങ്ങൾക്കും ഉപകാരപ്രദമായ സമ്പത്സമൃദ്ധി ഭൗമിക രാജാവിനു ഉണ്ടാകണമെന്ന പ്രാർത്ഥനയും രാജകീയ സങ്കീർത്തനങ്ങളിൽ കാണുന്നുണ്ട് (സങ്കീ. 45, 72, 110).

## തീർത്ഥാടക സങ്കീർത്തനങ്ങൾ

വർഷംതോറും നടക്കാറുണ്ടായിരുന്ന ജെറുസലേം തിരുനാളുകളിൽ സംബന്ധിക്കാൻ പോകുമ്പോൾ തീർത്ഥാടകസമൂഹങ്ങൾ ഇത്തരം സങ്കീർത്തനങ്ങൾ ആലപിച്ചു. പുതിയ സങ്കീർത്തനങ്ങളെഴുതുന്നതിനു തീർത്ഥാടനം ഒരു പ്രചോദനമായിരുന്നു. ഇവയ്ക്കു 'ആരോഹണകീർത്തനങ്ങൾ' എന്നും പേരുണ്ട് (സങ്കീ. 120–134). തീർത്ഥകർ വിശുദ്ധ നഗരത്തിലേയ്ക്കു പ്രവേശിക്കുമ്പോൾ അവക്കുണ്ടായിരിക്കേണ്ട യോഗ്യതകളെപ്പററി ലെവായർ അവരെ അനുസ്മരിപ്പിച്ചിരുന്നു. അത്തരം നിർദ്ദേശങ്ങളടങ്ങുന്നതാണ് 24–ാം സങ്കീർത്തനം. മേല്പറഞ്ഞവയിൽനിന്നുപരിയായി ഒരു സംഭാഷണശൈലിയാണ് പതിനഞ്ചാം സങ്കീർത്തനത്തിലുള്ളത്.

## സങ്കീർത്തനങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ

കീർത്തനരൂപേണ 2500 വർഷങ്ങൾക്കുമുമ്പ് രൂപം പ്രാപിച്ച പ്രാർത്ഥനകളാണ് സങ്കീർത്തനങ്ങൾ. അവയെ വേണ്ടവിധം മനസ്സിലാക്കുന്നതിനു അവയുടെ പൗരാണികത്വം ഒരു വിഘാതമാണ്. പല സങ്കീർത്തനങ്ങളുടേയും പശ്ചാത്തലം നമു

www.malankaralibrary.com

ക്കജ്ഞാതമാണ്. അതിനാൽതന്നെ സങ്കീർത്തനങ്ങളുടെ ശത്രുക്കൾ ആരെല്ലാമായിരുന്നുവെന്നു് അറിഞ്ഞുകൂടാ. അനേകം സങ്കീർത്തനങ്ങൾ യഹൂദാചാരങ്ങളിലും അവയോടു ബന്ധപ്പെട്ടും രൂപംകൊണ്ടതിനാൽ ക്രിസ്ത്യായാരാധനയിൽ അവ അത്ര അർത്ഥവത്തല്ല. സങ്കീർത്തകൻ പലപ്പോഴും സമൂഹത്തിൽ ഒരുവൻ എന്നപോലെയാണു് പ്രാർത്ഥിക്കുക. ഇത്തരത്തിലുള്ള ഭക്തിപ്രകടനം വ്യക്തിപരപ്രാർത്ഥനയ്ക്കു് പ്രാധാന്യം കൊടുക്കുന്ന ക്രൈസ്തവനു് അപരിചിതമാണ്. ഒരു യഹൂദനെ സംബന്ധിച്ചിടത്തോളം സന്തോഷം അടങ്ങിയിരിക്കുന്നതു് സമാധാനപരമായ ഇഹലോകജീവിതത്തിലാണ്. മരണശേഷം ജീവിതവ്യാപാരങ്ങളുടെ പ്രതിഫലത്തിൻെറ പ്രശ്നമേ ഉദിക്കുന്നില്ല. എന്നാൽ, ഒരു ക്രിസ്ത്യാനിക്കു് യഥാർത്ഥ സൗഭാഗ്യം ലഭിക്കുക സ്വർഗ്ഗത്തിലാണ്. സുവിശേഷത്തിലെ മിശിഹാ ശാന്തനും സൗമ്യശീലനുമാണ്. ഉഗ്രശാസനായ ഒരു ചക്രവർത്തിയാണു് സങ്കീർത്തനങ്ങളിലെ മിശിഹാ (സങ്കീ. 2: 110). അതിനും പുറമെ, ചില സങ്കീർത്തനങ്ങൾ നിർദ്ദയത്വംകൊണ്ടും പ്രതികാരേച്ഛകൊണ്ടും നമ്മെ ഭയപ്പെടുത്തുകപോലും ചെയ്യും. അങ്ങനെയുള്ള അവസരത്തിൽ അതിൻെറ ദൈവനിവേശിതത്വംതന്നെ നാം സംശയിച്ചുപോകാനിടയുണ്ടു്. താഴെ കാണുന്ന ചില പരിഗണനകൾ ഇവ നമ്മുടെയും പ്രാർത്ഥനകളാണെന്നു് നമ്മെ ബോദ്ധ്യപ്പെടുത്തുന്നു.

## യേശുവും സങ്കീർത്തനങ്ങളും

"പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി" എന്നു് സങ്കീർത്തനങ്ങളുടെ അവസാനത്തിൽ ചേർത്തുകൊണ്ടു് അവയെ ക്രൈസ്തവീകരിച്ചുവെന്നു് സാധാരണ പറയാറുണ്ടു്. താൻ ദൈവപുത്രനും അയക്കപ്പെട്ടവനുമാണെന്നു തെളിയിക്കാൻ സങ്കീർത്തനങ്ങൾ ഉപയോഗിച്ച ക്രിസ്തുനാഥൻ തന്നെയാണു്, വാസ്തവത്തിൽ അവ ക്രൈസ്തവീകരിച്ചതു്. മറേറതൊരു യഹൂദനെയും പോലെ ക്രിസ്തുവും ജെറുസലെം ദേവാലയത്തിൽ പ്രധാനാഘോഷാവസരങ്ങളിലെ പൊതുപ്രാർത്ഥനകളിൽ പങ്കുകൊണ്ടു. ആരോഹണഗാനങ്ങൾ (സങ്കീ. 120–134) ആലപിച്ചുകൊണ്ടു് ജെറുസലേമിലേക്കു് പോകുന്ന തീർത്ഥാടകരുടെ സംഘത്തിൽ അവിടുന്നും ചേർന്നു.

വി. മത്തായിയുടെ സുവിശേഷത്തിൽ നാം വായിക്കുന്നു, ക്രിസ്തു ഒരു കീർത്തനമാലപിച്ചുകൊണ്ടാണു് അന്തിമ അത്താഴം അവസാനിപ്പിച്ചതെന്നു്. ഹല്ലേലൂയാ സമാഹാരത്തിലെ (സങ്കീ. 111–114) ഒരു സങ്കീർത്തനമായിരിക്കാമതു്. ഗദ്സേമനി

2

www.malankaralibrary.com

യിൽ സങ്കീ. 41–ലെ ഒരു വാക്യമുദ്ധരിച്ചുകൊണ്ടു് അവിടുന്നു പ്രാർത്ഥിച്ചു: "എന്റെ ആത്മാവു് മരണവേദന അനുഭവിക്കുന്നു" (മത്താ. 26:38). 21–ാം സങ്കീർത്തനത്തിലെ സഹനവിധേയനായ നീതിമാന്റെ കരച്ചിൽ, അവിടുന്നു് കുരിശിൽ കിടന്നുകൊണ്ടു് ആവർത്തിച്ചു, "എന്റെ ദൈവമേ, എന്റെ ദൈവമേ, എന്തുകൊണ്ടു് നീ എന്നെ ഉപേക്ഷിച്ചു?" (മത്താ. 27, 46). 30–ാം സങ്കീർത്തനത്തിലെ, "പിതാവേ, അങ്ങയുടെ കരങ്ങളിൽ എന്റെ ആത്മാവിനെ ഞാൻ സമർപ്പിക്കുന്നു" (ലൂക്കാ. 23: 46) എന്ന വാക്യമുദ്ധരിച്ചുകൊണ്ടാണു് അവിടുന്നു മരിച്ചതു്.

"ദാവീദിന്റെ പുത്രനു് ഓശാന" എന്നു് ജെറുസലത്തെ കുട്ടികൾ ആർത്തുവിളിച്ചതിനെ പ്രധാന പുരോഹിതന്മാരും ഫരിസേയരും എതിർത്തപ്പോൾ 8–ാം സങ്കീർത്തനത്തിലെ ഒരു വാക്യം ഉദ്ധരിച്ചുകൊണ്ടു "ദാവീദിന്റെ പുത്രൻ" എന്ന സ്ഥാനം ക്രിസ്തു സ്വയം അവകാശപ്പെട്ടു (മത്താ. 21:16). വേറൊരിക്കൽ 110–ാം സങ്കീർത്തനത്തിൽനിന്നു് "കർത്താവു് എന്റെ കർത്താവിനോടരുൾച്ചെയ്തു. നീ എന്റെ വലത്തുഭാഗത്തിരിക്കുക" എന്ന ഭാഗം ഉദ്ധരിച്ചുകൊണ്ടു് അവിടുന്നു് തന്നെത്തന്നെ ദൈവസുതൻ എന്നു വിശേഷിപ്പിച്ചു (മത്താ. 22:41–45).

ക്രിസ്തുവിന്റെ ഉത്ഥാനം തെളിയിക്കാൻ പുതിയ നിയമഗ്രന്ഥകാരന്മാർ അനേകം സങ്കീർത്തനഭാഗങ്ങൾ ഉദ്ധരിക്കുന്നുണ്ടു്. സങ്കീ. 16:8–11 ഉദ്ധരിച്ചുകൊണ്ടു്, ക്രിസ്തു മൃതരിൽനിന്നും ഉയിർക്കേണ്ടതായിരുന്നുവെന്നു വി. പത്രോസു് സ്ഥാപിച്ചു (നട. 2: 25–28). ക്രിസ്തുവിന്റെ ഉയിർപ്പു്, പൗരോഹിത്യം മുതലായവ തെളിയിക്കുന്ന ഹെബ്രായക്കുള്ള ലേഖനത്തിന്റെ ആദ്യ അദ്ധ്യായം നിരവധി സങ്കീർത്തനവാക്യങ്ങൾ ഉൾക്കൊള്ളുന്നു.

## ഉപസംഹാരം

ആശ്വാസം, ദുഃഖം, കുററബോധം, സന്തോഷം എന്നീ വികാരങ്ങൾ ഇസ്രായേൽക്കാർ അനുഭവിച്ചറിഞ്ഞു. ഇവയുടെ പിന്നിൽ ദൈവകരം പ്രവർത്തിക്കുന്നുണ്ടെന്നു് അവർ മനസ്സിലാക്കി, വിശ്വാസത്തിലൂടെ ദൈവത്തിന്റെ മഹത്വവും സ്നേഹവും, മനുഷ്യന്റെ പാപവും നന്ദികേടും അതേസമയംതന്നെ അവന്റെ അനുതാപവും നന്ദിയും വെളിപ്പെടുത്തുന്നവയാണു് സങ്കീർത്തനങ്ങൾ. ഇസ്രായേൽ ജനത അന്നു് അനുഭവിച്ചറിഞ്ഞവ ഇന്നു് നമുക്കും അനുഭവവേദ്യമാകും. വിവിധ ഘട്ടങ്ങളിൽ ക്രിസ്തുനാഥൻ സങ്കീർത്തനങ്ങൾ ആലപിച്ചു. അപ്പസ്തോലന്മാരും അതുതന്നെ ചെയ്തു. ക്രിസ്ത്യാനികൾ സങ്കീർത്തനങ്ങളാലപിക്കു

www.malankaralibrary.com

വാൻ തുടങ്ങിയിട്ട് നൂററാണ്ടുകളായി. നമ്മുടെ ആരാധനക്രമത്തിൽ സങ്കീർത്തനങ്ങൾക്ക് പ്രമുഖസ്ഥാനമുണ്ട്. സങ്കീർത്തനങ്ങൾ അവയുടെ സാഹചര്യങ്ങളോടുകൂടി ശരിക്കും മനസ്സിലാക്കിയാൽ മുൻപ്രസ്താവിച്ച പല തടസ്സങ്ങളും മാറിക്കിട്ടും. നമ്മുടെ അന്തർമുഖമായ വ്യക്തിത്വം വെടിഞ്ഞ് തത്സ്ഥാനത്ത് ക്രിസ്തുവിന്റെ മൗതികശരീരസിദ്ധാന്തം നമ്മുടെ അനുദിന ജീവിതത്തിൽ പ്രായോഗികമാക്കണം. ആരോഗ്യവാനായ ഒരു വ്യക്തിക്ക് ലോകമെമ്പാടുമുള്ള രോഗികളുമായി ആത്മാവിൽ താദാത്മ്യപ്പെട്ടുകൊണ്ട് രോഗികളുടെ സങ്കീർത്തനങ്ങൾ അർത്ഥപൂർണ്ണമായി ആലപിക്കാം. ക്രിസ്തുവിന്റെ മൗതികശരീരത്തിലെ അംഗമാണ് താനും എന്ന ബോധ്യമുള്ള സ്വതന്ത്രനായ ഒരു വ്യക്തിക്ക് ക്ലേശിതരുടേയും തടവുകാരുടേയും വ്യാധിതരുടേയും സങ്കീർത്തനങ്ങൾ ഫലപ്രദമായി ആലപിക്കാൻ കഴിയും. സങ്കീർത്തനങ്ങൾവഴി ആനന്ദിക്കുന്നവരോടുകൂടി നമുക്കും ആനന്ദിക്കാം, വിലപിക്കുന്നവരോടൊത്ത് നമുക്കും വിലപിക്കാം.

വിവർത്തകൻ: ഡോ. തോമസ് കയ്യാലപറമ്പിൽ.

ലൂയിസ് എടക്കുളത്തൂർ.

Notes:

1. C. Barth. Introduction to the Psalms. New York. 1966 p. 1
2. P. Drijvers, The Psalms, London, 1964, pp. 40–41
3. V. Wilkinson, Israel's Praise, London, 1967, P. 20
4. C. Barth, op. cit, p. 4
5. W. O. E. Oesterley, The Psalms, London, 1962, P. 10
6. E. J. Kissane, The book of Psalms, Dublin, 1953, pp. xxiv–xxv
7. P. Drijvers, op. cit P. 19
8. J. Hargreaves, A guide to Psalms, London, 1973, pp. 45–46
9. C. Hauret, The Songs of the people of God, Chicago, 1965, P. 21
10. A. Gelin, Psalms are Our Prayers, Minnesota, 1964, P. 51

www.malankaralibrary.com

# പ്രാർത്ഥിക്കുന്ന മനുഷ്യൻ വിലാപ സങ്കീർത്തനങ്ങളിൽ

സങ്കീർത്തനങ്ങളിലധികവും സമൂഹത്തിൻേറയോ വ്യക്തിയുടേയോ വിലാപങ്ങളാണ് 1. വിശ്വാസത്തിൻേറയും നന്ദിപ്രകാശനത്തിൻേറയും സങ്കീർത്തനങ്ങളും— അവ സാമൂഹ്യമോ വ്യക്തിപരമോ ആകട്ടെ— വിലാപത്തിൻെറ അംശങ്ങൾ ഉൾക്കൊള്ളുന്നതിനാൽ അവകൂടി വിലാപസങ്കീർത്തനങ്ങളായി പരിഗണിക്കാം 2. ഈ ലേഖനത്തിലെ പ്രതിപാദ്യം വിലാപത്തിൻെറ സമ്പൂർണ്ണസ്വഭാവമുള്ള സങ്കീർത്തനങ്ങൾ മാത്രമാണ്.

ആദ്യമായിത്തന്നെ, ചില ഗ്രന്ഥകാരന്മാർ വിലാപകീർത്തനങ്ങളെ മൂന്നായി തരംതിരിക്കാറുണ്ട്: വ്യക്തിപരങ്ങളായ വിലാപങ്ങൾ, ദേശീയമായ വിലാപങ്ങൾ, പ്രഥമ പുരുഷരൂപത്തിലുള്ള ദേശീയ വിലാപങ്ങൾ 3.

## വ്യക്തികളുടെ വിലാപങ്ങൾ

വ്യക്തികളുടെ കീർത്തനങ്ങൾ പലപ്പോഴും രോഗത്തെ ആസ്പദമാക്കിയുള്ളവയാണ് 4. പാപത്തിനു ദൈവം നല്കുന്ന ശിക്ഷയാണ് രോഗം എന്ന യഹൂദവിശ്വാസമാണ് ഇവയ്ക്കടിസ്ഥാനം. ഭാഗികമായി യാഹ്വെയുടെ ഉപകരണങ്ങളായി പ്രവർത്തിക്കുന്ന അതിസ്വാഭാവികജീവികൾ, പിശാചുക്കൾ, ദുഷ്ടാരൂപികൾ എന്നിവരത്രേ രോഗങ്ങൾക്കു കാരണഭൂതർ! ചില പ്രത്യേക വ്യക്തികളുടെ, വിശിഷ്യ, ദുഷ്ടന്മാരുടെ ശക്തിയും രോഗങ്ങൾ ജനിപ്പിക്കാറുണ്ടത്രേ.

വിലാപകീർത്തനങ്ങളിൽ ദൈവത്തെ വിളിച്ചപേക്ഷിക്കലും ആവർത്തിച്ചുകൊണ്ടുള്ള സഹായാഭ്യർത്ഥനയുമാണ് പ്രാരംഭത്തിൽ സാധാരണ കാണുക. ഹൃദയസമാധാനത്തിനും രോഗശാന്തിക്കും വേണ്ടിയുള്ള സങ്കീർത്തകൻെറ യാചനകളാണ് പ്രധാന ഭാഗം. മനുഷ്യൻെറ കഷ്ടപ്പാടുകൾ സംബന്ധിച്ച വിവരണം ഏററം ഹൃദയസ്പൃശിയാണിവിടെ: "പുരമുകളിൽ തനിച്ചിരിക്കുന്ന പക്ഷിയെപ്പോലെയാണ് എൻെറ സ്ഥിതി. ഞാൻ നിദ്രയില്ലാതെ നെടുവീർപ്പിടുന്നു" (സങ്കീ. 102:8). സെമിററിക് സാഹിത്യത്തിൻെറ പ്രത്യേകതകളായ അതിശയോക്തികളും

www.malankaralibrary.com

പരമ്പരാഗതങ്ങളായ പ്രമാണസൂത്രങ്ങളും വിലാപങ്ങളിൽ ഉപയോഗിച്ചിട്ടുള്ളതിനാൽ അവയുടെ വാച്യാർത്ഥം എപ്പോഴും ഊന്നിപ്പറയണമെന്നില്ല. ദൈവസഹായത്തിന്റെ അടിയന്തിരാവശ്യകത മനുഷ്യസദൃശമായ അഭ്യർത്ഥനകൾ വ്യക്തമാക്കുന്നു: 'നോക്കുക'!, 'എഴുന്നേല്ക്കുക'!, 'ശ്രവിക്കുക'!, 'എന്നെ കേൾക്കുക'!, 'ഉണരുക'!, 'വേഗമാകട്ടെ', 'എന്നെ രക്ഷിക്കുക'!, 'തിരിച്ചുവരിക', 'എന്നോട് മറുപടി പറയുക', 'കർത്താവേ, എത്രനാൾ നിന്റെ മുഖം എന്നിൽനിന്നും നീ മറച്ചുവക്കും?' ദരിദ്രർ, ക്ലേശിതർ, മർദ്ദിതർ, കുറ്റം ചുമത്തപ്പെട്ടവർ, ശയ്യാവലംബികൾ എന്നിങ്ങനെ പോകുന്ന പ്രലാപകരുടെ പട്ടിക. ദൈവവിശ്വാസപ്രകടനങ്ങളും അനുയോജ്യമായ സമാപനവും വിലാപകീർത്തനങ്ങളുടെ അന്ത്യത്തിൽ കാണാം.

## സമൂഹത്തിന്റെ വിലാപം[5].

യുദ്ധം, പരാജയം തുടങ്ങിയ പ്രത്യേക രാഷ്ട്രീയ പ്രതിസന്ധികൾ, പകർച്ചവ്യാധികൾ, വരൾച്ച, ക്ഷാമം, വെട്ടുകിളികൾ എന്നീ പൊതുവായ കഷ്ടപ്പാടുകളുടേയും അപമാനത്തിന്റേയും പ്രാർത്ഥനയുടേയും ഉപവാസത്തിന്റേയും ഒക്കെ കാലഘട്ടത്തിലാണ് ദേശീയ വിലാപങ്ങളുടെ ആവിർഭാവം. അത്തരം അവസരങ്ങളിൽ അവർ വിശുദ്ധ സ്ഥലത്ത് സമ്മേളിക്കുകയും ഭക്ഷണപാനീയങ്ങൾ, തൈലാഭിഷേകം, ലൈംഗികബന്ധങ്ങൾ എന്നിവയിൽ നിന്നകന്നുനില്ക്കുകയും ചെയ്തിരുന്നു. കൂടാതെ വസ്ത്രങ്ങൾ വലിച്ചുകീറുക, നെഞ്ചിലടിക്കുക, ചാക്കുവസ്ത്രം ധരിക്കുക, ചാരംപൂശുക, സാഷ്ടാംഗപ്രണാമം ചെയ്യുക, പ്രാർത്ഥനാപൂർവ്വം കൈകളുയർത്തുക 6 തുടങ്ങിയ പരിഹാരകൃത്യങ്ങളും അവർ അനുഷ്ഠിച്ചിരുന്നു.

അതിനുംപുറമെ ആരാധനകർമ്മങ്ങൾപോലുള്ള ബലികൾ, അർഘ്യം (libation) വിലാപം, ഉച്ചത്തിലുള്ള നിലവിളികൾ, പ്രലാപങ്ങൾ, നെടുവീർപ്പുകൾ മുതലായ ആചാരങ്ങളും, പുരോഹിതനോ, രാജാവോ മററു മദ്ധ്യസ്ഥന്മാരോ നേതൃത്വം നൽകിക്കൊണ്ടുള്ള പ്രാർത്ഥനകളും 7 സുലഭമായിരുന്നു.

## സവിശേഷതകൾ

സഹിക്കുന്ന മനുഷ്യർ സഹായാർത്ഥം ദൈവത്തെ സമീപിക്കുന്നു. മുമ്പ് ദൈവത്തിന്റെ അനുഗ്രഹം അനുഭവിച്ചിട്ടുള്ള അവർ ഇപ്പോൾ അവിടുത്തെ കോപത്തിനധീനരായിരിക്കുകയാണ്. സങ്കീർത്തകന്റെ വാക്കുകളിൽ 'യാഹ്വെ അവിടുത്തെ

www.malankaralibrary.com

മുഖം മറച്ചുകളഞ്ഞു.' ആകയാൽ 'എന്തുകൊണ്ട്?' 'എത്രനാൾ?' എന്നീ ചോദ്യങ്ങളുദിക്കുന്നു. അവർ അവിടുത്തെ വിളിച്ചപേക്ഷിക്കുകയും അവരുടെ സങ്കടമുണർത്തിക്കുകയും തീവ്രമായി പരാതിപ്പെടുകയും ചെയ്യുന്നു. യാഹ്‌വെയുടെ കാരുണ്യവും സഹതാപവും ലഭിക്കേണ്ടതു് അവരെ സംബന്ധിച്ചിടത്തോളം അത്യാവശ്യമായിരുന്നു. അതിനായി അവിടുത്തെ മുൻകാലവിശ്വസ്തത, സ്നേഹപൂർവ്വമായ ദയ, ബഹുമാനം, ശക്തി എന്നിവയിൽ അവരാശ്രയിക്കുന്നു. സ്വന്തം തെററുകൾ ഏററുപറഞ്ഞു് യാഹ്‌വെയുടെ മഹത്വത്തിനു് പൂജ്യതയും നീതിയും അവർ ആരോപിക്കുന്നു. കാരണം, അവിടുന്നു് മഹാനും മഹത്വപൂർണ്ണനുമാണ്. മനുഷ്യനാകട്ടെ ചെറിയവനും നിസ്സാരനുമത്രെ. അവിടുന്നു് സർവ്വശക്തനാണു്; മനുഷ്യനോ തീർത്തും ബലഹീനൻ. ആകയാൽ യാഹ്‌വെക്കു മാത്രമേ സഹായിക്കാൻ കഴിയൂ 8.

'ഞങ്ങളെ ശ്രവിക്കുക', 'എൻെറ സ്വരം കേൾക്കുക', 'കർത്താവേ, എനിക്കു നീതി നടത്തിതരിക' തുടങ്ങിയ അഭ്യർത്ഥനകളുടെ അർത്ഥം പ്രസ്തുത അവബോധം വ്യക്തമാക്കുന്നു. യാഹ്‌വെ ബലവാനും സഹായിക്കാൻ സന്നദ്ധനുമാണെന്നത്രെ, 'ഇസ്രായേലിൻെറ ഇടയാ', 'ഞങ്ങളുടെ രക്ഷയുടെ ദൈവമേ', 'ഭൂമിയുടെ വിധികർത്താവേ', 'എൻെറ കർത്താവേ' തുടങ്ങിയ അപേക്ഷകൾ സൂചിപ്പിക്കുന്നതു് 9. അനുപേക്ഷണീയത, ആത്മാർത്ഥത, അടിയുറച്ച വിശ്വാസം എന്നിവ പ്രകടമാക്കുന്ന ഹൃദയസ്പർശിയായ പ്രാർത്ഥനാശൈലികളാണു്, 'കേൾക്കുക', 'ഇവിടേക്കു നോക്കുക', 'ഉണരുക', 'ഞങ്ങൾക്കുവേണ്ടി വാദിക്കുക', 'ഞങ്ങളുടെ വിധി മാററുക', 'ഞങ്ങളിൽ കരുണയുണ്ടാകുക', 'കോപത്തിനറുതിവരുത്തുക', 'ഞങ്ങളുടെ കുററങ്ങൾ ക്ഷമിക്കുക', 'ഞങ്ങളെ രക്ഷിക്കുക', 'ഞങ്ങളെ നിത്യമായി ഉപേക്ഷിക്കരുതേ', 'ഞങ്ങളെ സഹായിക്കുക' എന്നു തുടങ്ങിയവ 10. ചിലപ്പോൾ ഇത്തരം അപേക്ഷകളെ തുടർന്നു് ഒരു സഹായാഭ്യർത്ഥനയോ (83:1), കീർത്തനവാക്കുകളോ (80:1), വേദസൂചകമായ ഒരു ചോദ്യമോ (74:1) കാണുന്നു. 58-ാം സങ്കീർത്തനത്തിലെപ്പോലെ അപേക്ഷ പൂർണ്ണമായും ഉപേക്ഷിച്ചുവെന്നും വരാം.

കഷ്ടപ്പാടിൻെറ ബാഹ്യവും മാനസികവുമായ ഭാവങ്ങളുടെ സുസ്പഷ്ടമായ വിവരണത്തിനുള്ള ആമുഖം മാത്രമാണു് അപേക്ഷ. മർദ്ദിതരും വിധുരരും നിർഭാഗ്യരും സഹായം ഏററവും ആവശ്യമായിട്ടുള്ളവരുമായാണു് ജനങ്ങൾ സ്വയം താദാത്മ്യപ്പെടുത്തുന്നതു്. മിക്ക സങ്കീർത്തനങ്ങളിലേയും മർദ്ദകർ യഥാർത്ഥ ചരിത്രപുരുഷന്മാരത്രെ 11. തങ്ങളുടെ ദുഃഖത്തിനു കാരണം യാഹ്‌വെയുടെ കോപമാണെന്നവർ മനസ്സിലാക്കുന്നു. സങ്കീർത്തകൻെറ

www.malankaralibrary.com

വാക്കുകളിൽ: 'അവിടുത്തെ കോപം കത്തിജ്ജ്വലിക്കുന്നു; അവിടുന്നു തന്റെ മുഖം മറയ്ക്കുകയും സ്വന്തം ജനത്തെ ഉപേക്ഷിക്കുകയുംചെയ്തു.' 'എന്തുകൊണ്ടു കർത്താവേ?' ''എന്തുകൊണ്ടു്?' 'എത്രനാരം?', 'ഇപ്പോരം നിന്റെ ദൈവമെവിടെ'? തുടങ്ങിയ ചോദ്യങ്ങളുടെ അർത്ഥം ഈ പശ്ചാത്തലത്തിൽവേണം ഗ്രഹിക്കാൻ.

ദുർവ്വൃത്തരും തെററുകാരും വ്യാജം പറയുന്നവരും പാപികളും കുററവാളികളും ക്ഷുദ്രക്കാരുമായ ശത്രുക്കളുടെ ക്രൂരത, അനീതി, വിശ്വാസരാഹിത്യം, ഔദ്ധത്യം, നിരീശ്വരത്വം, അധികാരദുർവിനിയോഗം എന്നിവക്കെതിരെ ഈ സങ്കീർത്തനങ്ങരം പരാതിപ്പെടുന്നു 12. അവരുടെ ദുഷിച്ചതും ധാർഷ്ട്യജന്യവുമായ വചനങ്ങരം സങ്കീർത്തനങ്ങളുടെതന്നെ ഭാഗമായിത്തീൎന്നു 13. ശാപോക്തികരം (12: 3_5), നുണകരം (10: 7), പരിഹാസവും അവഹേളനവും (44: 14_17; 69: 11_13), സഹനവും ദുഃഖവും (69: 4), ക്ഷുദ്രപ്രയോഗവും ശത്രുക്കളുടെ വഞ്ചനയും (7: 15f; 54: 4; 55: 4), അവിശ്വാസവും അവിശ്വസ്തതയും (12: 2f) ആദിയായയവക്കെതിരെ ജനങ്ങരം പരാതികരം സമപ്പിക്കുന്നു. വിലാപപ്രാർത്ഥനകരം മററു രീതികളിലുമാകാം 14.

''അവരുടെ ദൈവമെവിടെ എന്നു വിജാതീയർ ചോദിക്കുന്നതിനു് എന്തിനു് ഇടയാക്കുന്നു?
അങ്ങയുടെ ദാസരുടെ രക്തം ചിന്തിയതിനുള്ള പ്രതികാരം
ഞങ്ങരം കാൺകെ വിജാതീയരുടെ ഇടയിൽ പ്രത്യക്ഷമാകട്ടെ!
ബന്ധിതരുടെ വിലാപം അങ്ങയുടെ അടുക്കലെത്തട്ടെ!
മരണത്തിനു വിധിക്കപ്പെട്ടിരിക്കുന്നവരെ അങ്ങയുടെ മഹാശക്തിയാൽ രക്ഷിക്കണമേ.
കർത്താവേ, ഞങ്ങളുടെ അയല്ക്കാർ അങ്ങയോടുചെയ്ത നിന്ദയെ
ഏഴിരട്ടിയായി അവരുടെ നേക്കുതന്നെ തിരിച്ചുവിടണമേ.'
(സങ്കീ. 79: 10_12).

കുറേക്കൂടി രൗദ്രതയും അക്ഷമയും അപരാധാരോപണവും ഉരംക്കൊള്ളുന്ന പ്രാർത്ഥനയാണു് സങ്കീ. 44: 23_26. സഹിക്കുന്ന സമൂഹത്തെ അതിന്റെ എല്ലാ വികാരങ്ങളോടും മനോഭാവത്തോടും പ്രകാശനപ്രാഗത്ഭ്യത്തോടുംകൂടി പ്രസ്തുത പ്രാർത്ഥന അവതരിപ്പിക്കുന്നു:

www.malankaralibrary.com

"കർത്താവേ, ഉണർന്നാലും; എന്തുകൊണ്ടു് അങ്ങു് ഉറങ്ങുന്നു?
ഉണരുക; എന്നേയ്ക്കുമായി ഞങ്ങളെ പുറന്തള്ളരുതേ.
അങ്ങയുടെ മുഖം മറയ്ക്കുന്നതെന്തിനു്?
ഞങ്ങളുടെ ഞെരുക്കവും കഷ്ടതയും അങ്ങു
മറന്നുകളയുന്നതെന്തുകൊണ്ടു്?

ഞങ്ങളുടെ ആത്മാവു പൊടിയോളം താണിരിക്കുന്നു.
ഞങ്ങളുടെ ശരീരം ഭൂമിയിൽ പതിച്ചിരിക്കുന്നു.
ഞങ്ങളുടെ സഹായത്തിനു് അങ്ങു് എഴുന്നേല്ക്കണമേ.
അങ്ങയുടെ കാരുണ്യത്താൽ ഞങ്ങളെ രക്ഷിക്കണമേ."

യാഹ്‌വെയുടെ സഹതാപവും ഇടപെടലും സഹായവും ലഭിക്കുവാൻ അവിടുത്തെ ഹൃദയത്തെ സ്പർശിക്കുകയാണു് സങ്കീർത്തനങ്ങളുടെ ലക്ഷ്യമെന്നു് അവയുടെ തീവ്രത വ്യക്തമാക്കുന്നു. കാരണം; അതിദയനീയമാംവിധം അവമാനിതരും പീഡിതരുമായ അവരെ രക്ഷിക്കുവാൻ യാഹ്‌വെയുടെ കരങ്ങൾക്കു മാത്രമേ കഴിയൂ (60: 11).

യാഹ്‌വെയുടെ സഹതാപമാർജ്ജിക്കുവാൻ ജനങ്ങൾ അവിടുത്തെ പൂജ്യതയിലാശ്രയിക്കുന്നു. യാഹ്‌വെയുടെ ഭാഗം തന്നെയാണിപ്പോൾ, അപകടത്തിലായിരിക്കുന്നതു്. ഈ പശ്ചാത്തലത്തിൽവേണം 'അങ്ങയുടെ ജനം', 'അങ്ങയുടെ പിൻതുടർച്ചാവകാശം,' 'അങ്ങയുടെ സമ്പത്തു്, അങ്ങയുടെ സമൂഹം,' 'അങ്ങയുടെ മേച്ചിൽ സ്ഥലത്തെ മേഷഗണം,' 'അങ്ങയുടെ അഭിഷിക്തർ,' 'അങ്ങയുടെ വിശുദ്ധസ്ഥലം' 15 തുടങ്ങിയ വിശേഷണങ്ങൾ മനസ്സിലാക്കാൻ. ചില സന്ദർഭങ്ങളിൽ സംഗീതാത്മകമായ ഉദ്ദേശ്യങ്ങളും പ്രകടമാണു്. ഉത്പത്തി, പുറപ്പാടു്, ഉടമ്പടി എന്നീ മഹാസംഭവങ്ങൾ അനുസ്മരിക്കപ്പെടുന്നു 16. കൂടാതെ തങ്ങളുടെ വിശ്വാസവും ശരണവും അവർ ദൈവത്തിലർപ്പിക്കുന്നു 17.

"ഞങ്ങളുടെ പിതാക്കന്മാർ അങ്ങയിൽ ശരണംവച്ചു.
അവർ അങ്ങയിൽആശ്രയിച്ചു; അങ്ങു്അവരെ മോചിച്ചു.
അവർ അങ്ങയുടെ മുമ്പിൽ നിലവിളിച്ചു; അവർ രക്ഷ
പ്രാപിക്കയുംചെയ്തു.
അവർ അങ്ങയിൽ ആശ്രയിച്ചു; അവർ നിരാശരായില്ല"
(സങ്കീ. 22: 5_6).

തങ്ങളുടെ കഷ്ടപ്പാടിനുള്ള കാരണമന്വേഷിക്കുന്നുണ്ടു് സങ്കീർത്തകന്മാർ. സ്വന്തം ആത്മാർത്ഥതയുടെ പ്രഖ്യാപനമോ

www.malankaralibrary.com

(44: 17), തെറ്റുകളുടെ ഏറ്റുപറച്ചിലോ ആയിരിക്കും അതിന്റെ പരിണതഫലം. ദ്വിതീയവിഭാഗത്തിൽപ്പെട്ടവയെ അനുതാപകീർത്തനങ്ങൾ എന്നു് വിളിക്കാം (സങ്കീ. 79) 18. "യാഹ്വെയുടെ കോപം അവക്കെതിരെ ഉജ്ജ്വലിച്ചുകൊണ്ടിരിക്കുന്നു,' 'വധിക്കപ്പെടുവാനുള്ള ആടുകൾക്കു സമം അവിടുന്നു അവരെ കരുതി,' 'അവരെ ഉപേക്ഷിക്കുകയും' 'ദ്വേഷ്യത്തോടെ തകർത്തുകളയുകയും ചെയ്തു;' എന്നിങ്ങനെയുള്ള പ്രസ്താവനകൾ ഈ അർത്ഥത്തിലാണു് മനസ്സിലാക്കേണ്ടതു്. ദുഷ്കർമ്മികളുടെ നാശത്തിനായി പ്രാർത്ഥിക്കുന്ന സങ്കീർത്തനങ്ങളുമുണ്ടു് (58: 7f). ഇപ്രകാരം പീഡിതർ സഹായമഭ്യർത്ഥിക്കുന്നു (7: 2f); പ്രാർത്ഥനകൾ കേൾക്കപ്പെടുന്നതിനുള്ള കാരണങ്ങൾ വിവരിക്കുന്നു; അവിടുത്തെ സഹതാപം യാചിക്കുന്നു (22: 7f); തെറ്റുകൾ ഏറ്റുപറയുകയും (69: 6) മാപ്പപേക്ഷിക്കുകയും ചെയ്യുന്നു (25:11). എല്ലാ സങ്കീർത്തനങ്ങളും അവസാനിക്കുന്നതു് പ്രാർത്ഥന കേൾക്കപ്പെടുമെന്നുള്ള വിശ്വാസം ഉദ്ഘോഷിച്ചുകൊണ്ടാണു്.

## പ്രമുഖവിഷയങ്ങൾ

അടുത്തതായി വിലാപങ്ങളിൽ പ്രതിപാദിക്കപ്പെടുന്ന മുഖ്യവിഷയങ്ങളേവയെന്നു് ശ്രദ്ധിക്കാം. ദൈവസഹായാർത്ഥമുള്ള ഒരു പ്രാർത്ഥനയുണ്ടു് അഞ്ചാം സങ്കീർത്തനത്തിൽ. അതിലെ, ആദ്യത്തെ നാലു വാക്യങ്ങൾ വർണ്ണിക്കുന്നതു്, തന്റെ പ്രാർത്ഥന യാഹ്വെ കേൾക്കുമെന്ന സങ്കീർത്തകന്റെ വിശ്വാസമാണു്. ശത്രുക്കളുടെ നിരന്തരമായ ആക്രമണങ്ങൾക്കിടയിലും എപ്രകാരം മനുഷ്യനു് ദൈവത്തിലാശ്രയിക്കാൻ കഴിയുമെന്നും കഴിയണമെന്നും, സങ്കീ. 56 വ്യക്തമാക്കുന്നു. നീതിമാന്റെ സഹനം ഫലശൂന്യമല്ലെന്നു് നിരവധി സാദൃശ്യങ്ങളിലൂടെ ഇവിടെ വ്യക്തമാക്കിയിരിക്കുന്നു. കാരണം, ഈ ജീവിതത്തിൽ എന്തു സംഭവിച്ചാലും അന്തിമവാക്കു് ദുഷ്ടശക്തികളോടുകൂടിയല്ല; പ്രത്യുത, ജീവന്റേയും പ്രകാശത്തിന്റേയും വചനത്തോടുകൂടിയത്രെ. ഇപ്രകാരം സങ്കീർത്തകന്റെ ദൈവവിശ്വാസവും ശരണവും വർദ്ധിച്ചുവരുന്നു 19.

സ്വന്തം ദുർദ്ദശ വിവരിക്കുകമാത്രം ചെയ്യാതെ, തന്നെ രക്ഷിക്കുകയും പൂർണ്ണമായി സുഖപ്പെടുത്തുകയും ചെയ്യുന്ന, യാഹ്വെയുടെ നിരന്തര സ്നേഹത്തിലാശ്രയിക്കുകകൂടി ചെയ്യുന്ന, സഹിക്കുന്ന ഒരു മനുഷ്യന്റെ അതിമനോഹരമായ പ്രാർത്ഥനകളിലൊന്നാണു് സങ്കീ. 6_ൽ കാണുക. ദുഃഖാർത്തനായ സങ്കീർത്തകന്റെ ഹൃദയഹാരിയായ പ്രാർത്ഥന സങ്കീ. 13: 1_4 ലും ദൃശ്യമാണു്:

www.malankaralibrary.com

"കർത്താവേ, എത്രകാലം അങ്ങ് എന്നെ മറക്കും?
എത്രകാലം അങ്ങയുടെ മുഖം എന്നിൽനിന്നു മറയ്ക്കും?
എത്രനാൾ എന്റെ ഹൃദയത്തിൽ ഞാൻ വേദനിക്കണം?
ദിവസംപ്രതി എത്രകാലം ഇങ്ങനെ വേദന സഹിക്കും?
എത്രനാൾ ശത്രു എന്റെ മേൽ ഭരണം നടത്തും?
എന്റെ ദൈവമായ കർത്താവേ, കടാക്ഷിക്കണമേ.
എന്റെ പ്രാർത്ഥന കേൾക്കണമേ" 20.

രോഗബാധിതനും മർദ്ദിതനും ഉത്കണ്ഠാകുലനുമെങ്കിലും തന്റെ ഉത്കണ്ഠകളും ദുഃഖങ്ങളുമെല്ലാം 'അവിടുത്തെ കൈകളിൽ എന്റെ ആത്മാവിനെ ഞാൻ സമർപ്പിക്കുന്നു' എന്ന മോഹനമായ പ്രാർത്ഥനയിലൊതുക്കുന്ന ഒരു മനുഷ്യന്റെ വിലാപമാണ് സങ്കീ. 31 21. ദുരിതങ്ങളുടെ മദ്ധ്യേ വിശ്വാസത്തോടുകൂടി ജനങ്ങൾ പ്രാർത്ഥിക്കുന്നത് 54–ാം സങ്കീർത്തനത്തിലും കാണാം. ദൈവഹിതത്തിനുവേണ്ടി സഹിക്കുന്നവനും യാഹ്വെയുടെ പക്ഷത്തെപ്രതി അത്യധികം തീക്ഷ്ണതയുള്ളവനുമായ, യാഹ്വെയുടെ ദാസന്റെ ദീനരോദനം (സങ്കീ. 69) ഇത്തരത്തിൽവേണം മനസ്സിലാക്കാൻ 22. ക്ലേശങ്ങളുടെ മദ്ധ്യേയുള്ള ഹൃദയസ്പർശിയായ ഈദൃശ പ്രാർത്ഥനകൾ വിലാപങ്ങളുടെ കൂട്ടത്തിൽ സുലഭമാണ് 23.

വിലാപങ്ങളിൽ കാണുന്ന മറെറാരു പ്രധാന വിഷയം വിധിയാളനായ ദൈവത്തെ സംബോധന ചെയ്തുകൊണ്ടുള്ള തീക്ഷ്ണമായ പ്രാർത്ഥനയാണ്.

"കർത്താവേ, അങ്ങു കോപത്തിൽ എഴുന്നേററ്,
എന്നെ ഞെരുക്കുന്നവരുടെ ക്രോധത്തെ എതിർക്കണമേ.
അങ്ങു നല്കിയ വിധിയനുസരിച്ച്,
എനിക്കുവേണ്ടി ഉണർന്നു പ്രവർത്തിക്കേണമേ" (7: 7).

സങ്കീർത്തകൻ യാഹ്വെയുടെ സഹായം അർത്ഥിക്കുക മാത്രമല്ല സ്വന്തം നിഷ്കളങ്കത സ്ഥാപിക്കുകകൂടി ചെയ്യുന്നു 24. ഇപ്രകാരമുള്ള ഇതര സങ്കീർത്തനങ്ങളാണ് 17, 94, 123 എന്നിവ. 123–ാം സങ്കീർത്തനത്തിൽ തെളിഞ്ഞു കാണുന്ന വിനീതത്വവും, അഗാധമായ ഭക്തിയും, യാഹ്വെയിലുള്ള ആശ്രിതത്വവും അനുവാചകന് വിസ്മരിക്കുക സാദ്ധ്യമല്ല.

ശത്രുക്കളുടെ ദുഷ്ടതകളും വഞ്ചന കലർന്നതും നിന്ദാപൂർണ്ണവുമായ പ്രവർത്തനങ്ങൾക്കെതിരായുള്ള പ്രാർത്ഥനകൾ വിലാപങ്ങളിൽ ദൃശ്യമാണ് 25. ബോദ്ധ്യം ജനിപ്പിക്കത്തക്കതാണ് സങ്കീർത്തകന്റെ വിവരണങ്ങൾ.

www.malankaralibrary.com

"കാരണം കൂടാതെ അവരെനിക്കു വലവച്ചു
കാരണമെന്യെ അവരെന്റെ പ്രാണനുവേണ്ടി കുഴി കുഴിക്കയും ചെയ്തു.
അവരെനിക്കു നന്മയ്ക്കു പകരം തിന്മചെയ്തു്
എന്റെ പ്രാണനു് അനാഥാവസ്ഥ വരുത്തുന്നു.
എന്നാൽ അവർക്കു ദീനമായിരുന്നപ്പോൾ ഞാൻ ചാക്കുവസ്ത്രം ധരിക്കയും
ഉപവാസംകൊണ്ടു് ആത്മപീഡനം ചെയ്യുകയും
ഹൃദയംഗമമായി പ്രാർത്ഥിക്കയും ചെയ്തു" (35: 7, 12–13).

സങ്കീർത്തകന്റെ പ്രാർത്ഥന ഒരുവന്റെ ഹൃദയത്തിലേയ്ക്കാഴ്ന്നിറങ്ങുന്നതാണു്– ഇതിനുദാഹരണമാണു് സങ്കീ. 55: 13a, 14–15.

"ശത്രുവാണു എന്നെ നിന്ദിച്ചിരുന്നതെങ്കിൽ ഞാൻ അതു് സഹിക്കുമായിരുന്നു.
എന്നെ വെറുക്കുന്നവനാണു് എനിക്കെതിരായി വന്നിരുന്നതെങ്കിൽ ഞാൻ ഓടിമറയുമായിരുന്നു.
എന്നാൽ എന്റെ ചങ്ങാതിയും സ്നേഹിതനും എന്റെ
പ്രാണമിത്രവുമായ നീയാണു് എന്നെ നിന്ദിച്ചതു്" 26.

അനുതാപത്തിനും മാപ്പിനും കരുണയ്ക്കുമായുള്ള പാപിയുടെ അന്വേഷണമാണു് വിലാപങ്ങൾ ഉൾക്കൊള്ളുന്ന മറെറാരു പ്രമുഖവിഷയം. തെറ്റുകളെക്കുറിച്ചുള്ള അഗാധമായ ദുഃഖവും ദൈവത്തിലുള്ള പരിപൂർണ്ണാശ്രയവും വളരെ പ്രകടമാണു്.

"ഞാൻ എന്റെ പാപം ഏററുപറയുന്നു; എന്റെ പാപത്തെപ്രതി ഞാൻ സന്തപിക്കുന്നു.
കർത്താവേ, എന്നെ ഉപേക്ഷിക്കരുതേ. എന്റെ ദൈവമേ
എന്നിൽനിന്നു് അകന്നുപോകരുതേ. എന്റെ രക്ഷകനായ
കർത്താവേ, എന്റെ സഹായത്തിനു വേഗം വരണമേ"
(38: 19, 22–23.)

സങ്കീർത്തനം 51 ലെ അനുതാപപ്രാർത്ഥന മതസാഹിത്യചരിത്രത്തിൽ അതുല്യമായി നിലകൊള്ളുന്നു. സങ്കീർത്തകൻ പ്രാരംഭമായി ദൈവത്തിന്റെ കാരുണ്യം യാചിക്കുകയും സ്വന്തം പാപങ്ങൾ ഏററുപറയുകയും ചെയ്യുന്നു. പിന്നീടു് തന്നെ വിശുദ്ധീകരിക്കണമെന്നും നവീകരിക്കണമെന്നും സുഖപ്പെടുത്തണമെന്നും പ്രാർത്ഥിക്കുന്നു. കൃതജ്ഞതാഭരിതമായ ഹൃദയത്തോടു കൂടി പാപികളുടെ മാനസാന്തരത്തിനായി താൻ പ്രവർത്തിച്ചു കൊള്ളാമെന്നു് അദ്ദേഹം ഉറപ്പു നല്കുന്നു. മനുഷ്യസ്വഭാവത്തി

www.malankaralibrary.com

ൻെറ അഗാധതലങ്ങരം സ്പർശിക്കുന്ന ഈ നിലപാട് സമസ്ത ജനങ്ങരംക്കും പൊതുവായുള്ളതാണ് 28 ''പ്രസ്തുത സങ്കീർത്തനം അനേകം ഹൃദയങ്ങരംക്ക് നവ്യവും നിർമ്മലീകരിക്കുന്നതും ഉദാത്തീകരിക്കുന്നതും സജീവവുമായ അനുഗ്രഹം പ്രദാനം ചെയ്തിട്ടുണ്ട്... സങ്കീർത്തനത്തിൽ ഏററവും മനോഹരമാണിതു്'' 29. നവോത്ഥാനാനന്തരം അതിവ്യാഖ്യാനവിധേയമായ ബൈബിറംഭാഗങ്ങളിലൊന്നാണതു് 30.

'ആഴങ്ങളിൽനിന്നും' (de profundis) നിലവിളിക്കുന്ന സങ്കീർത്തകൻെറ വേദനയുടെ ആഴവും കാഠിന്യവും അളക്കുവാൻ ആർക്കു കഴിയും? പാപം അദ്ദേഹത്തെ വല്ലാതെ തളർത്തിയിരിക്കുന്നു. കാരണം, അതിൻെറ ഗൗരവം ദൈവം അദ്ദേഹത്തിനു വെളിപ്പെടുത്തി. യഥാർത്ഥത്തിൽ അനുതാപാകുലനും പാപമോചനകാംക്ഷിയുമാണദ്ദേഹം. യോബിൻെറ ഗ്രന്ഥരചയിതാവിനോടുകൂടി സങ്കീർത്തകരും അംഗീകരിക്കുകയാണ്, ദൈവതിരുമുമ്പിൽ സൃഷ്ടമഖിലവും മലീമസവും കന്മഷം കലർന്നതുമാണെന്നു് 31.

> ''കർത്താവേ, പാപങ്ങരം അങ്ങ് അനുസ്മരിക്കയാണെങ്കിൽ
> കർത്താവേ, ആർക്ക് നില്ക്കാൻ സാധിക്കും?'' (130:3).

മനുഷ്യജീവിതത്തിൻെറ ഹ്രസ്വതയും വ്യർത്ഥതയും അതിൻെറ അദൃഢതയും ദൈവത്തിൻെറ നിത്യതയുമാണ് ചില വിലാപങ്ങളുടെ പ്രതിപാദ്യം. തൻെറ പ്രതീക്ഷ ദൈവത്തിൽ മാത്രം അർപ്പിക്കുവാൻവേണ്ടി സങ്കീർത്തകൻ നിഴലിൻേറയും നീരാവിയുടേയും നിലയിലേക്കു സ്വയം തരംതാഴ്ത്തുന്നു:

> ''അങ്ങ് എൻെറ നാളുകളുടെ ദൈർഘ്യം ഏതാനും
> ചാണുകളാക്കിയിരിക്കുന്നു.
> എൻെറ ആയുസ്സ് അങ്ങേ സന്നിധിയിൽ ശൂന്യപ്രായമാണ്.
> മനുഷ്യാസ്തിത്വം കേവലം ഒരു ശ്വാസം മാത്രമാണ്.
> മനുഷ്യൻ ഒരു നിഴൽപോലെ കടന്നുപോകുന്നു
> അവൻ വ്യർത്ഥമായി പരിശ്രമിക്കുന്നു'' (39:6_7).

ദൈവത്തിനും ദേവാലയത്തിനുംവേണ്ടിയുള്ള ആഗ്രഹമാണ് വിലാപങ്ങളിൽ കാണുന്ന പ്രധാനപ്പെട്ട മറെറാരു വിഷയം 33. സങ്കീർത്തനസമാഹാരത്തിൽ ഏററവും പരിപൂർണ്ണവും കലാമേന്മയുള്ളതുമായ കീർത്തനങ്ങളിലൊന്നാണ് സങ്കീ. 42 34. അതിലെ പ്രഥമ വാക്യങ്ങരം പ്രാർത്ഥനയിലെ അഭിജ്ഞ ശൈലിയായിത്തീർന്നിട്ടുണ്ട്:

> നീരിന്നായ്ത്തേടുന്ന പേടമാൻപോൽ
> ദൈവമേ എന്നാത്മാവങ്ങയെ തേടുന്നു 35.

www.malankaralibrary.com

പുനരധിവാസം അഥവാ വിമോചനം ലക്ഷ്യംവച്ചുകൊണ്ടുള്ള പ്രാർത്ഥനകളുമുണ്ട് വിലാപങ്ങളിൽ 36. സങ്കീർത്തകന്റെ കവിതാഗുണവും യാഥാർത്ഥ്യബോധവും പ്രാർത്ഥനയിലെ അഭിലാപങ്ങൾ വ്യക്തമാക്കുന്നുണ്ട്:

"എന്നോട് കൃപയുണ്ടാകണമേ; ദൈവമേ എന്നോടു
കൃപയുണ്ടാകണമേ.
ഞാൻ അങ്ങിൽ അഭയം തേടിയിരിക്കയാണ്.
വിപത്തുകൾ നീങ്ങുന്നതുവരെ ഞാൻ അങ്ങേ ചിറകുകളുടെ
നിഴലിൽ അഭയം തേടിയിരിക്കയാണ്" (57:2).

വിവിധ ഉദ്ദേശ്യങ്ങൾക്കായി വ്യത്യസ്ഥ സാഹചര്യങ്ങളിൽ നടത്തുന്ന പ്രാർത്ഥനകളുണ്ട്. ഉദാ:_ വിപ്രവാസകാലത്തെ രാജാവിന്റെ പ്രാർത്ഥന (61,), വിജയത്തിനുവേണ്ടിയുള്ള പ്രാർത്ഥന (108), യുദ്ധത്തിലെ പരാജയത്തിനുശേഷമുള്ള പ്രാർത്ഥന (60), ദേശീയ ദുരിതങ്ങളുടെ സമയത്തുള്ള പ്രാർത്ഥന (14). അഭ്യർത്ഥകൾക്കനുകൂലമായി യാഹ്വെയുടെ പ്രീതി സമ്പാദിക്കുകയാണ് സങ്കീ. 74_ലെ ലക്ഷ്യം. ഇതിനായി മുൻകാലങ്ങളിൽ അവിടുന്ന് ചെയ്തിട്ടുള്ള നന്മകൾ അവർ അനുസ്മരിക്കുന്നു:

"അങ്ങ് ഉറവകളും നീർച്ചാലുകളും തുറന്നുവിട്ടു
മഹാനദികൾ വററിച്ചുകളഞ്ഞു........
സൂര്യനേയും ചന്ദ്രനേയും അങ്ങു സൃഷ്ടിച്ചു" (74:15f).

യാഹ്വെയുടെ അഭീഷ്ടം അപകടത്തിലായിരിക്കുന്നുവെന്ന് അവ കാണിക്കുന്നു.

## വിലാപസങ്കീർത്തനങ്ങളിലെ ദൈവശാസ്ത്രം

വിലാപസങ്കീർത്തനങ്ങളിലെ ദൈവശാസ്ത്രം, മുഴുവൻ സങ്കീർത്തനങ്ങളുടേയും ദൈവശാസ്ത്രത്തിന്റെ ഒരു ഭാഗമാകയാൽ ആദ്യമായി സങ്കീർത്തന ദൈവശാസ്ത്രത്തിന്റെ മുഖ്യസവിശേഷതകൾ ഏവയെന്നു നോക്കാം.

സങ്കീർത്തന ദൈവശാസ്ത്രത്തിന്റെ മുഖ്യസവിശേഷതകളിലൊന്ന് ദൈവസാന്നിധ്യത്തിന്റെ നഗരമാണ് സീയോൺ (zion) എന്നതാണ്. ജനങ്ങൾ യാഹ്വെയ്ക്ക് സ്തുതികളും കൃതജ്ഞതാപ്രകരണങ്ങളും അർപ്പിക്കുക മാത്രമല്ല; പ്രത്യുത, അവരുടെ വിലാപങ്ങളുംകൂടി അവിടുത്തേക്കു സമർപ്പിക്കുന്നു. ജീവന്റെ ഉറവയും (36, a), സൗന്ദര്യപൂർണ്ണിമയും (50:2) വിശുദ്ധമലയുമായ (48:2) സീയോണിൽ യാഹ്വെയുടെ മഹത്വപൂർണ്ണമായ

www.malankaralibrary.com

വ്യക്തിത്വം ദർശിക്കുവാൻ തീർത്ഥകർ തടിച്ചുകൂടി. ദൈവത്തിന്റെ ആവാസം പ്രസ്തുതനഗരത്തിലുണ്ടായിരുന്നതിനാൽ അതു് പ്രകൃതിക്ഷോഭങ്ങളിൽനിന്നും, മനുഷ്യരുടെ ആക്രമണങ്ങളിൽനിന്നും മുക്തമായിരുന്നു (46:2_6).

'സീയോണിൽ സന്നിഹിതനായിരിക്കുന്ന ഈ ദൈവത്തെ' വിശ്വാസികൾ ആരാധിക്കുകയും പൂജിക്കുകയും ചെയ്തു. സർവ്വസൃഷ്ടികളും അതിൽ പങ്കെടുത്തു (96:98). ദേവന്മാരുടെ ദേവൻ (97:9), രാജാവു് (47:3), സ്രഷ്ടാവു് (24:1), ന്യായാധിപൻ (96:10f) എന്നിങ്ങനെ അവർ യാഹ്‌വെയെ പുകഴ്ത്തി. ഒററവാക്കിൽപ്പറഞ്ഞാൽ എല്ലാവിധ വിശേഷണങ്ങളാലും അസംഖ്യം അലങ്കാരങ്ങളാലും ഇസ്രായേലിന്റെ ദൈവത്തെ വിശ്വാസികൾ സ്തുതിച്ചു.

യാഹ്‌വെയുടെ അഭിഷിക്തരും (2:2_6) ദാവീദ്‌വംശജരുമായ രാജാക്കന്മാരുടെ ആസ്ഥാനമെന്ന നിലയ്ക്കു് സീയോണിന്റെ പ്രാധാന്യം വർദ്ധമാനമായി. എല്ലാ പ്രകാരത്തിലും ദൈവം രാജാവിനെ സഹായിച്ചു. അവിടുന്നു് അദ്ദേഹത്തെ ശക്തിപ്പെടുത്തുകയും സ്നേഹിക്കുകയും ബഹുമാനിക്കുകയും അദ്ദേഹത്തിന്റെ ശത്രുക്കളെ തകർക്കുകയും ചെയ്തു (89:20f). ചുരുക്കത്തിൽ ഭരണാധിപനും ന്യായാധിപനും സഹായകനും സംരക്ഷകനുമായ യാഹ്‌വെയുടെ ഒരു ഉപകരണമായിരുന്നു രാജാവു്.

അബ്രാഹത്തിന്റേയും ഇസഹാക്കിന്റേയും ഇസ്രായേലിന്റേയും ദൈവം സീയോണിൽ സന്നിഹിതനായിരുന്നു. (72:18;106:48). പുറപ്പാടു്, മരുഭൂമിയിലെ ജീവിതം, സീനായിലെ ദൈവികവെളിപാടു്, വിശുദ്ധനാടു് കൈവശപ്പെടുത്തൽ എന്നിവ ഉൾക്കൊള്ളുന്ന രക്ഷാകരചരിത്രം സംബന്ധിച്ചും മനുഷ്യാസ്തിത്വത്തിന്റെ മൂല്യപ്രശ്നങ്ങളിൽനിന്നും വിദൂരത്തു സ്ഥിതിചെയ്യുന്ന, ദാർശനികരുടെ ദൈവത്തേക്കാളുപരി അനുദിനം സ്വന്തം ജീവിതത്തിൽ അനുഭവിച്ചറിഞ്ഞ ദൈവത്തെക്കുറിച്ചും അവബോധമുള്ളവരായിരുന്നു ആ വിശ്വാസികൾ 38.

മുൻകാലങ്ങളിൽ നിരവധി മഹത്കാര്യങ്ങൾ ചെയ്ത ഇസ്രായേലിന്റെ ദൈവത്തെ തീർത്ഥാടകർ സ്തുതിക്കുകയും പൂജിക്കുകയും മാത്രമല്ല ചെയ്യുന്നതു്. പ്രകൃതിയിൽനിന്നും ശത്രുക്കളിൽനിന്നും ദുരിതങ്ങളും ക്ലേശങ്ങളും എതിർപ്പുകളും ഉണ്ടായപ്പോൾ അവർ അനുതാപസൂചകമായ വസ്ത്രങ്ങളണിഞ്ഞു് യാഹ്‌വെയുടെ മഹത്വം വിളിച്ചപേക്ഷിക്കുകയും വിലപിക്കുകയും ചെയ്തു. അവരുടെ വീക്ഷണത്തിൽ തന്റെ ജനങ്ങളെ, സഹനവിധേയരാക്കുന്നതു് യാഹ്‌വെ തന്നെയാണു് (സങ്കീ. 60: 3f).

www.malankaralibrary.com

ഇസ്രായേലിന്റെ ദൈവം വാസ്തവത്തിൽ ചരിത്രത്തിന്റെ അധീശനാണോ? സകലത്തിന്റേയും സ്രഷ്ടാവാണോ അവിടുന്ന്? 39 എന്നിങ്ങനെ അവർ സ്വയം ചോദിച്ചു. ഇസ്രായേലിന്റെ ചരിത്രത്തിലേയ്ക്കു പിൻതിരിഞ്ഞ് അവരുടെ തെരഞ്ഞെടുപ്പിലും രക്ഷയിലും പിൻതുടർച്ചാവകാശത്തിലും ദൈവം നിവ്വഹിച്ച മഹത്തായ കാര്യങ്ങൾ പരിശോധിച്ചുകൊണ്ട് പ്രസ്തുത ചോദ്യങ്ങൾക്ക് അവർ ഉത്തരം അന്വേഷിക്കുന്നു (സങ്കീ. 44: 2f; 80: 8f). യാഹ്വെയുമായുള്ള ഉടമ്പടിബന്ധവും അവർ ചിന്താവിഷയമാക്കി (സങ്കീ. 44: 17). എന്തുകൊണ്ടാണ് ദൈവജനം സഹിക്കുന്നത്? പിതാക്കന്മാരുടെ കുററങ്ങൾക്ക് മക്കളും ഉത്തരവാദികളാണോ? എന്നീ ചോദ്യങ്ങളും അവർ ചോദിക്കാതിരുന്നില്ല. യാഹ്വെയുടെ ഇംഗിതാനുസാരം അവർ സഹിക്കുന്നുവെന്നാണ് സങ്കീ. 44–ന്റെ പ്രത്യുത്തരം. അവരുടെ സഹനത്തിൽ ചോദ്യം ചെയ്യപ്പെടുന്നത് അവിടുത്തെ മഹത്വം തന്നെയാണ് 40. ദൈവജനത്തിന്റെ സഹനം കേവലം രാഷ്ട്രീയപരമായി മാത്രം പരിഗണിച്ചാൽപോരാ. രക്ഷാകരചരിത്രത്തോടും വിശ്വൈകരക്ഷയിൽ യാഹ്വെക്കുള്ള ശക്തിയോടും ബന്ധപ്പെടുത്തേണ്ട മഹത്തായ പ്രലോഭനങ്ങളാണവ 41. തന്നിമിത്തമാണ് യാഹ്വെയുടെ ഇടപെടലിനും (സങ്കീ. 80:28–7) കോപശമനത്തിനും (85: 5) വേണ്ടി അവർ വാദിക്കുന്നത്. യാഹ്വെയെ അറിയാതിരിക്കുകയും വെറുക്കുകയും ചെയ്യുന്ന വിജാതീയർ അവിടുത്തെ രക്ഷാകരവും അധികാരപൂർണ്ണവുമായ ഹിതത്തിനെതിരെ സാക്ഷ്യം വഹിക്കുന്നുവെന്ന മഹാരഹസ്യം വ്യക്തമാക്കുകയാണ് വിലാപകീർത്തനം 42.

ആമുഖത്തിൽ പ്രസ്താവിച്ചതുപോലെ, സങ്കീർത്തനങ്ങളിൽ സിംഹഭാഗവും വിലാപങ്ങളാണ് 43. "ഞങ്ങളുടെ പിതാക്കന്മാർ അങ്ങിൽ വിശ്വസിച്ചു.... അങ്ങ് അവരെ മോചിച്ചു. അവർ അങ്ങയോടപേക്ഷിച്ചു. അങ്ങ് അവരെ രക്ഷിക്കുകയുംചെയ്തു" (22: 4–5) എന്ന ശരണത്തോടെ വിശ്വാസികൾ അവരുടെ ഹൃദയം കർത്താവിന്റെ മുമ്പിൽ തുറന്നുവയ്ക്കുകയാണ് വിലാപസങ്കീർത്തനങ്ങളിൽ. ഇവിടെ യാഹ്വേയുടെ അനുഗ്രഹപാത്രമാകുന്നത് ഏതെങ്കിലും ഒരു വ്യക്തിയല്ല, സമൂഹം മുഴുവനുമാണ്. വൈയക്തികവിലാപങ്ങൾ സാമൂഹ്യസ്വഭാവം കൈവരിക്കുന്നു. ആകയാൽ സങ്കീർത്തനസമാഹാരത്തിൽ തീർത്തും വ്യക്തിപരമായ ഭക്തിയെക്കുറിച്ചൊന്നും പറയാനില്ല.

വിലാപത്തിനു കാരണങ്ങൾ രോഗമോ (6: 2). അനീതിയോ (സങ്കീ. 7) നിയമലംഘനമോ തെറേറാ (സങ്കീ. 51) ആകാം. ചില സന്ദർഭങ്ങളിൽ മററു ലോകങ്ങളിലെ ശക്തികളും സഹനത്തിനു കാരണമാകാറുണ്ട്.

www.malankaralibrary.com

''മരണത്തിൻെറ തരംഗങ്ങൾ എന്നെ വലയം ചെയ്തിരിക്കുന്നു.

> വിനാശകരങ്ങളായ പ്രവാഹങ്ങൾ എന്നെ ഭയപ്പെടുത്തി
> പാതാളപാശങ്ങൾ എന്നെ വരിഞ്ഞുകെട്ടി
> മരണത്തിൻെറ കെണികൾ എന്നെ പിടികൂടി'' (18: 4–5).

ദൈവത്താൽ പരിത്യക്തനാകുന്നതാണ് ഏററവും ഹൃദയഭേദകമായ സഹനം (22: 1f). അതുകൊണ്ട് അവർ നിലവിളിക്കുന്നു: 'എത്രത്തോളം?' 'എന്തുകൊണ്ട്?' കൂടാതെ, മർദ്ദകരുടെ പരിഹാസവുമുണ്ട്: 'നിൻെറ ദൈവം എവിടെ?, അവിടുന്ന് അവനെ രക്ഷിക്കട്ടെ.' (22: 8). ഈ പശ്ചാത്തലത്തിൽ അവരുടെ പ്രാർത്ഥന ഗ്രഹിക്കുവാൻ നമുക്കു കഴിയും. 'കർത്താവേ, അങ്ങു കോപത്തോടെ ഉണർന്ന് ഞങ്ങളുടെ ശത്രുക്കളുടെ ക്രോധത്തെ എതിർക്കണമേ....' (7: 6f). തങ്ങളുടെ പ്രാർത്ഥനകൾ യാഹ്‌വെ ശ്രവിക്കുമെന്ന് അവർക്കു പ്രതീക്ഷയും വിശ്വാസവും ഉറപ്പുമുണ്ടെന്നാണ് ഇത് തെളിയിക്കുന്നത്.

അതിനാലാണ് യാഹ്‌വെക്കുവേണ്ടി അവർ കാത്തിരിക്കുന്നത് (130: 5) യാഹ്‌വെ അവിടുത്തെ വചനമയക്കുകയും അവരെ സുഖപ്പെടുത്തുകയുംചെയ്യു (107: 20). ഇതാണ് സങ്കീർത്തകൻെറ ഉറപ്പും ഭദ്രതയും. അതിനുള്ള അടിസ്ഥാനമിതാണ്: ''അവശൻെറ കഷ്ടതയിൽ അവിടുന്ന് അവനെ അവഗണിച്ചില്ല, നിന്ദിച്ചുമില്ല'' (22: 25). ''കർത്താവു തൻെറ ദാസരുടെ ആത്മാക്കളെ രക്ഷിക്കുന്നു. അവിടുത്തെ ശരണം ഗമിക്കുന്നവർ ശിക്ഷിക്കപ്പെടുകയില്ല'' (34: 23).

നല്ല ഇടയൻെറ സങ്കീർത്തനത്തിൽ (സങ്കീ. 23) പ്രസ്തുത പ്രതീക്ഷയും വിശ്വാസവും ശരണവും ഉറപ്പുമെല്ലാം ഭംഗിയായി പ്രതിപാദിച്ചിട്ടുണ്ട്. അങ്ങനെ സഹനത്തിൻെറ പ്രരോദനങ്ങളെല്ലാം വിശ്വാസവും ശരണവുമായി മാറുന്നു.

'എന്തുകൊണ്ട് ഞാൻ സഹിക്കണം'? എന്ന അസ്തിത്വപരമായ ചോദ്യം ഇനിയും അവശേഷിക്കുന്നു. വിലാപങ്ങളിൽ സഹനംസംബന്ധിച്ച വിവരണം നല്കുന്ന പ്രത്യുത്തരമിതാണ്: ''ദൈവമേ, അങ്ങു ഞങ്ങളെ പരിശോധിച്ചു'' (66: 10). ശിക്ഷിച്ചു നന്നാക്കുന്നതിനുള്ള കർത്താവിൻെറ സ്നേഹമസൃണമായ ഒരു കൃത്യമായാണ് സങ്കീർത്തകൻ സഹനത്തെ വീക്ഷിക്കുന്നത് (118: 18). സഹനത്തിൻെറ രക്ഷാകരഫലങ്ങൾ അദ്ദേഹം അംഗീകരിക്കുന്നു. അത്രത്തോളം തന്നെ അദ്ദേഹം സഹനത്തെ സ്വാഗതം ചെയ്യുകയും ഒരു ആചാര്യനായി അതിനെ വിലമതിക്കു

www.malankaralibrary.com

കയും ചെയ്യുന്നു (119: 67, 71). ഏതൊരവമാനത്തിനും അത്ഭുതകരമായ മഹത്വീകരണവുമുണ്ട് (118: 17). ചുരുക്കത്തിൽ എല്ലാ സഹനങ്ങളും ക്ലേശങ്ങളും യാഹ്‌വേയുടെ രക്ഷാകരോദ്ദേശ്യങ്ങൾക്കുവേണ്ടിയത്രെ.

അസഹനീയമായ സഹനങ്ങളെക്കുറിച്ചും മനുഷ്യന്റെ, നിഴൽപോലെ ക്ഷണികമായ അസ്തിത്വത്തെക്കുറിച്ചും സങ്കീർത്തകനു പറയാനുണ്ട് 44. ആരംഭം മുതൽ ഉണ്ടായിരുന്നവനും എപ്പോഴും നിലനില്ക്കുന്നവനുമാണ് ദൈവം. മനുഷ്യനാകട്ടെ പൊടിയും ചാരവുംപോലെയാണ്. ദൈവത്തിന്റെ സമയം മനുഷ്യന്റേതിൽനിന്നു വിഭിന്നമത്രെ (90: 10).

മരണത്തിന്റെ നിഴലിൽപോലും നീതിമാൻ യാഹ്‌വേയുടെ രക്ഷാകരലക്ഷ്യങ്ങൾക്കായി യാചിക്കുന്നു. ദുഷ്ടന്മാരിൽനിന്നു വ്യത്യസ്തമായി നീതിമാൻ സഹിക്കുകതന്നെ വേണം. 32 ഉം 73 ഉം സങ്കീർത്തനങ്ങൾ ഈ വിഷയം തന്നെയാണ് ചർച്ചചെയ്യുന്നത്. ദുഷ്ടന്റെ വിജയവും സുസ്ഥിതിയുമെല്ലാം ഒരിക്കൽ അസ്തമിക്കും. എത്ര ക്ലേശപൂർണ്ണമായ സഹനത്തിലും യാഹ്‌വേയുടെകൂടെ നില്ക്കുക എന്നതാണ് അത്യന്താപേക്ഷിതമായിട്ടുള്ള സംഗതി.

> "എങ്കിലും, ഞാൻ സദാ അങ്ങയോടുകൂടെയായിരിക്കും
> അങ്ങ് എന്റെ വലതുകരം ഗ്രഹിച്ചിരിക്കുന്നു
> അങ്ങയുടെ ആലോചനപ്രകാരം അങ്ങെന്നെ നയിക്കും"
> (73: 23 f).

മനുഷ്യപ്രയത്നങ്ങളെല്ലാം നിഷ്ഫലമാണെന്ന് വിജ്ഞാനം പഠിപ്പിക്കുന്നു. "കർത്താവു ഭവനം പണിയുന്നില്ലെങ്കിൽ ജോലിക്കാരുടെ അദ്ധ്വാനം ഫലശൂന്യമത്രെ" (127: 1). "ദൈവഭയം അറിവിന്റെ ആരംഭമാകുന്നു" (111: 10).

ദൈവഹിതപ്രകാശനമായ തോറ (Thorah) യോടു് അചഞ്ചലവും നിഷ്കർഷയുള്ളതുമായ വിശ്വസ്തത പുലർത്തുന്നതുവഴി മാത്രമെ രക്ഷയും വിജയവും ലഭിക്കൂ (സങ്കീ. 1). യാഹ്‌വെയെ പ്രാപിക്കാൻ ലോകത്തിലുള്ള ഏക മാർഗ്ഗമാണ് തോറ. ദുഷ്ടന്റെ വഴി നാശത്തിലേക്കാണ് (1: 6). ആകയാൽ ദൈവഹിതം, അതെന്തുതന്നെയായാലും, നിറവേററുന്നതിൽ നമുക്ക് ആനന്ദവും ആവേശവും അനുഭവപ്പെടണം. അപ്പോൾ ജീവിതത്തിനു് സാർത്ഥകമായ ഉന്മുഖതയും ലക്ഷ്യവുമുണ്ടാകും (സങ്കീ. 119). ഇങ്ങനെ നിയമം അനുസരിക്കുന്നതിനും യാഹ്‌വേയിൽ വിശ്വാസമർപ്പിക്കുന്നതിനും നമ്മെ പ്രാപ്തരാക്കുന്ന ഒരു ആചാര്യനായി സഹനത്തെ നാം മനസ്സിലാക്കണം.



www.malankaralibrary.com

**സമാപനം**

പീഡകളുടേയും പരിത്യക്തതയുടേയും ഏറ്റവും നിരാശാപൂരിതമായ ഘട്ടങ്ങളിലും പ്രാർത്ഥിക്കുവാനുള്ള മനുഷ്യന്റെ കഴിവിനുള്ള നിത്യനൂതനമായ സാക്ഷ്യമാണ് വിലാപകീർത്തനങ്ങൾ. സഹനത്തിന്റെ തീവ്രത പ്രാർത്ഥിക്കുവാൻ ഉത്തേജിപ്പിക്കുകയാണ് ചെയ്യുക. മർദ്ദനത്തിന്റേയും കഷ്ടപ്പാടിന്റേയും ആധിക്യത്താൽ യാഹ്‌വെ തങ്ങളെ മറന്നുകളഞ്ഞുവെന്ന് പ്രത്യക്ഷത്തിൽ തോന്നിയ അവസരങ്ങളിൽപോലും അന്യദേവന്മാരെ ആശ്രയിക്കാതെ ഇസ്രായേലിന്റെ ഇടയനായ അവിടുത്തെ മാത്രം 'ആഴങ്ങളിൽനിന്ന്' അവർ വിളിച്ചപേക്ഷിച്ചു. കർത്താവിനെമാത്രം അവർ കാത്തുനിന്നു. 'എത്രനാൾ?' എന്നു ചോദിച്ചപ്പോഴും അവിടുത്തെ രക്ഷമാത്രം അവർ പ്രതീക്ഷിച്ചു.

ഉപവാസം, സ്വയം പീഡനം, സാഷ്ടാംഗ പ്രണാമം, ചാരംപൂശൽ, തീർത്ഥാടനം തുടങ്ങിയ അനുതാപപ്രകടനങ്ങളെല്ലാം പ്രാർത്ഥനയുടെ അരൂപിക്കു ചേർന്നതാണ്. ഇവ പ്രാർത്ഥനയെ സഹായിക്കുകയും പ്രാർത്ഥനയാൽ സമ്പൂർണ്ണമാക്കപ്പെടുകയും ചെയ്യുന്നു. അതുകൊണ്ടാണ് തങ്ങളുടെ ഹൃദയവ്യഥ വെളിപ്പെടുത്താനും യാഹ്‌വേ നല്കുന്ന ആശ്വാസവും സാന്ത്വനവും അനുഭവിക്കാനും ജനങ്ങൾക്കു കഴിഞ്ഞത്. തത്ഫലമായി അവരുടെ ദുസ്സഹമായ വിലാപങ്ങൾ വിശ്വാസവും കൃതജ്ഞതയുമായി പരിണമിക്കുന്നു.

സങ്കീർത്തനസമാഹാരം വിലാപങ്ങളാൽ പൂരിതമായിരിക്കുന്നു എന്നതാണ് മറ്റൊരു കാര്യം. സുദീർഘമായ അവരുടെ ചരിത്രത്തിൽ യാഹ്‌വേയുടെ ജനം വളരെയധികം ക്ലേശങ്ങൾ സഹിച്ചുവെന്നു സൂചിപ്പിക്കുന്നതോടൊപ്പം വരാനിരിക്കുന്ന വർഷങ്ങളിൽ സത്താംശത്തിൽ പരിണാമവിധേയമാകാതെ നിലനില്ക്കുന്ന അടിസ്ഥാനപരമായ മനുഷ്യാവസ്ഥയിലേക്കു വിരൽ ചൂണ്ടുകയുമാണ് ഇക്കാര്യം. മാനുഷികമായി ചിന്തിക്കുമ്പോൾ നിരാശാജനകവും ക്ലേശപൂർണ്ണവുമായ ഈദൃശസാഹചര്യങ്ങളിൽ നമ്മെ ശക്തിപ്പെടുത്തുകയും ദൈവഹിതപരിജ്ഞാനത്തിൽ അഭിവൃദ്ധിപ്പെടുത്തുകയും ചെയ്യുന്ന രക്ഷാകരഘടകമാണ് പ്രാർത്ഥന.

അനുതാപബദ്ധനായ പാപി എപ്രകാരം രക്ഷയ്ക്കും സമ്പൂർണ്ണസൗഖ്യത്തിനുമായി പ്രാർത്ഥിക്കുന്നുവെന്ന് നാം കണ്ടുകഴിഞ്ഞു 45. അനുതാപമനോഭാവം എന്നു പറയുന്നത് ഏതെങ്കിലും ഒരു പ്രമാണസൂത്രത്തോടോ അനുഷ്ഠാനത്തോടോ നിബദ്ധമായതും യാന്ത്രികവുമായ ഒന്നല്ലെന്നും മനുഷ്യന്റെ അസ്തിത്വത്തി

www.malankaralibrary.com

ലേയ്ക്കും വികാരധാരകളിലേയ്ക്കും ആഴ്ന്നിറങ്ങുന്നതാണെന്നും സങ്കീർത്തകൻ വ്യക്തമാക്കുകയാണ്. തെറ്റുകൾ ഏറ്റുപറയുന്നതു കൂടാതെ നിർമ്മലമായ ഹൃദയവും സദ്മനോഭാവവും സൃഷ്ടിക്കുവാൻ ദൈവത്തോട് ആവശ്യപ്പെടുന്നുമുണ്ട് വിലാപങ്ങളിലെ അനുതാപ പ്രാർത്ഥന. വ്യക്തിയുടെ ജീവിതത്തിൽ സമൂലമായ പരിവർത്തനങ്ങളും നൂതനാഭിമുഖ്യങ്ങളും ആവശ്യപ്പെടുന്ന തീവ്രവും ആത്മാർത്ഥവുമായ പ്രാർത്ഥനയായി വിലാപത്തെ നമുക്കു മനസ്സിലാക്കാം.

വ്യക്തികൾ എന്ന നിലവിട്ട് സമൂഹമായി ചിന്തിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നവരുടെ പ്രാർത്ഥനകൾ ഉൾക്കൊള്ളുന്ന വിലാപങ്ങൾ വ്യക്തമാക്കുന്നതു് സങ്കീർത്തനസമാഹാരത്തിൽ വൈയക്തികഭക്തിക്ക് വലിയ പ്രസക്തിയില്ലെന്നാണ്. വ്യക്തിപരമെന്ന് വിശേഷിപ്പിക്കപ്പെടുന്ന വിലാപങ്ങൾകൂടി സമൂഹത്തിന്റേതായി പരിണമിക്കുന്നു. സന്തോഷസന്താപങ്ങളിലും ക്രൈസ്തവജീവിതത്തിന്റെ സർവ്വമേഖലകളിലുമുള്ള ക്രിസ്തീയക്കൂട്ടായ്മയോട് ഒത്തുപോകുന്നതാണ് പ്രസ്തുത വസ്തുത.

ശ്രദ്ധേയമായ മറ്റൊരു കാര്യം പ്രലാപകന്റെ അസ്തിത്വപരമായ ചോദ്യമാണ്— 'ഞാൻ എന്തുകൊണ്ട് സഹിക്കണം'? സഹനം എന്ന വിഷമപ്രശ്നം ഭക്തന്മാരിൽപ്പോലും വിശ്വാസപ്രതിസന്ധി ഉളവാക്കുന്നതാണ്. ദുഷ്ടന്റെ അഭൂതപൂർവ്വമായ വളർച്ച പ്രശ്നത്തെ തീവ്രതരമാക്കുന്നു. മഹത്വത്തിലേക്ക് സ്വീകരിക്കപ്പെടുമെന്ന പ്രതീക്ഷയൊന്നും (സങ്കീ. 73: 24 49: 15) ഈ ഘട്ടത്തിൽ വേണ്ടത്ര സംതൃപ്തി നല്കുകയില്ല. ഈ പ്രശ്നം പരിഹരിക്കുവാനുള്ള ഒരു മാർഗ്ഗം ഓരോ മനുഷ്യനും ഇപ്പോൾ ഇവിടെ ദൈവത്തിന്റെ രക്ഷാകരഹസ്തങ്ങളാൽ ഗ്രഹിക്കപ്പെടുന്നെന്നും അവിടുത്തെ വാക്കുകളാൽ നയിക്കപ്പെടുന്നെന്നും സദാ അവിടുത്തെ സന്നിധിയിലാണെന്നുമുള്ള വ്യക്തിപരമായ അനുഭൂതിയാണ്. വിലാപങ്ങളുടെ ഭാഷയും ശൈലിയും ആരേയും പഠിച്ച് ആസ്വദിക്കുവാൻ പൊതുവെ പ്രയാസമാണ്. കാരണം, അതു് ഓരോ വ്യക്തിക്കും പ്രത്യേകം പ്രത്യേകമുള്ളതും ദൈവശക്തിയിൽ വ്യക്തിപരമായി അനുഭവിച്ചറിയേണ്ടതുമാണ്[46]. അപ്പോൾ മാത്രമേ സഹനത്തിന്റെ രഹസ്യത്തിലേക്ക് ചുഴിഞ്ഞിറങ്ങാൻ ഒരുവനു കഴിയൂ. വിലാപസങ്കീർത്തനങ്ങളിൽ ഇതാണ് നാം കാണുക.

ഡോ. ജെ. തുരുത്തുമാലി.

വിവ. ദേവസ്സി പന്തല്ലൂക്കാരൻ.

www.malankaralibrary.com

1. Cf. J. KRAUS, Psalmen I, P. XLV; LI; L. SABOURIN, The Psalms II, p. 5f; 143f; 333.

2. Strictly speaking laments (both of the individual and of the community) are 56 in number. If we include Confidence and and Thanksgiving Psalms also, then we can speak of 85 Pss. which have characterisitics of Laments.

3. Cf. MOWINCKEL, S., The Psalms in Israel's Worship I, p. 193-246; II, p. 1-25. Practically both National Psalms can be grouped as Laments of the community.

4. We give here a mostly accepted list of 'Laments of the Individual' Ps. 5, 6, 7, 17, 22, 26, 28, 31, 35, 36, 38, 39, 42, 43, 51, 54, 55, 56, 57, 59, 61, 63, 64, 67, 70, 71, 86, 88, 102, 109, 120, 130, 140, 141, 142, 143.

5. A generally accepted list of Laments of the Community consists of Psls. 12, 44, 58, 60, 74, 77, 79, 80, 82, 83, 85, 90, 94, 106, 108, 123, 126, 137.

6. Cf. MOWINCKEL I, p. 193-4.

7. Cf. ibidem.

8. Cf. MOWINCKEL, O. C., I, p. 195f.

9. Ps. 83, 13; 79, 9; 85, 4; 80, 1. 7. 14; 94, 2f.

10. Ps. 80, 2; 74, 20; 80, 15; 44, 24; 9, 20; 10, 12, etc.

11. For example in Ps. 83 enemies are Edom, Moab etc.

12. See for example the description of the temple destroyed by enemies in Ps. 74, 3-9.

13. Cf. MOWINCKEL, O. C., I, p. 199.

14. Cf. Ps. 74, 19, 21-23.

15. Ps. 74, 1f; 79, 9-13; 83, 4.

16. Cf. Ps. 44; 90.

17. Cf. Ps. 94, 16-19.

18. The penitential laments are not be identified with the seven penitential Psalms of the ancient Church, namely 6, 32, 38, 51, 102, 130, 143.

19. Cf. BRILLET, G., Meditations on the Old Testament, II, p. 88-89.

20. Cf. DAHOOD, M., Psalms I, 76 for slight difference in translation.

21. Cf. Four discourses of St. Augustine on Ps. 31 in QUASTEN, J. & Co. (ed). Ancient Christian Writers, London, 1961, Vol. 3, p. 3-59.

22. KRAUS, H. J. Psalmen I, Neukirchen, 1966, p. 485.

www.malankaralibrary.com

23. Cf. Ps. 77; 86; 88; 102: 103.
24. Cf. GUNKEL H., Die Psalmen, Gottingen 1968, p. 24.
25. Pss. 12, 35, 55, 109, 120, 140 & 141 are mainly concerned with the persecution and suffering caused by the enemies.
26. DAHOOD, O. C., II, 28-29.
27. Pss. 38, 51, 130, 106 are examples,
28. SABOURIN, O. C., II, p. 47.
29. BRILLET, O. C., p. 81.
30. KRAUS, H. J., O. C., I 391.
31. MOWINCKEL, O. C., II 13.
32. Pss. 39; 90.
33. Pss. 42, 43, 63, 142.
34. BRILLET, O. C., p. 66.
35. Cf. Ps. 42, 2; 63, 2 also.
36. Pss. 57; 80; 85; 126.
37. Cf. KRAUS, H. J., O. C., I, LXX.
38. Cf. Pss. 78; 105; 106; 136.
39. Cf. KRAUS, O. C., I, p. LXXIII.
40. Cf. Ps. 74, 18f; 79, 12.
41. Cf. KRAUS, O. C., I, p. LXXII.
42. Cf. KRAUS, O. C., I, p. LXXIV.
43. They are altogether 85 in number.
44. Cf. Ps. 39, 5f; 62, 10; 78, 39; 144, 4.
45. Cf. Ps. 51; 130.
46. Cf. HEMPEL, J., IDB, III, p. 954; also Cf. GASNIER, M. The Psalms School of Spirituality, London, 1962, p. 61-74.

www.malankaralibrary.com

# ഇസ്രായേലിന്റെ സ്തുതിപ്പുകളുടെ ദൈവശാസ്ത്രം

ഇസ്രായേലിന്റെ മതാത്മകജീവിതത്തിലും ആരാധന ക്രമത്തിലും സ്തുതിസ്തോത്രങ്ങൾക്ക അതുല്യമായ സ്ഥാനമുണ്ടായിരുന്നു. സങ്കീർത്തനങ്ങളിലധികവും വിലാപങ്ങളും യാചനകളും കൊണ്ടു നിറഞ്ഞിരിക്കയാണെങ്കിലും ഈ പുസ്തകത്തിന്റെ ശീർഷകംതന്നെ 'കീർത്തനങ്ങളുടെ പുസ്തകം' എന്നർത്ഥംവരുന്ന, ഹീബ്രു ഭാഷയിലെ 'സെപ്പർത് ഹില്ലീം' എന്നാണ്.

സങ്കീർത്തനങ്ങൾ മൗലികമായി രണ്ടു വിധത്തിലുള്ളതാണ്. അതായത്, വിലാപങ്ങളും കീർത്തനങ്ങളും. മററു തരങ്ങളെല്ലാം ഇവയുടെ രൂപഭേദങ്ങളോ, ഇവയിലേതിലേയ്ക്കെങ്കിലും ചുരുക്കാവുന്നവയോ ആണ്. ഉദാഹരണമായി കൃതജ്ഞതാസങ്കീർത്തനങ്ങൾ സ്തുതിയുടെ കീർത്തനങ്ങൾ തന്നെയാണ്. കാരണം കൃതജ്ഞത എന്ന പദത്തെ സൂചിപ്പിക്കുന്ന തോദാ (toda) എന്ന ഹീബ്രു പദത്തിനു സ്തുതിസ്തോത്രങ്ങൾ എന്നുമർത്ഥമുണ്ട്. സാമൂഹ്യവിലാപങ്ങളും വൈയക്തികവിലാപങ്ങളും തമ്മിലുള്ള വ്യത്യാസത്തിനു പുറമെ വിലാപങ്ങളെ തന്നെ വീണ്ടും വിഭജിക്കുവാനുള്ള ശ്രമങ്ങൾ ഇനിയും വിജയകരമായിട്ടുണ്ടെന്നു പറയുക വിഷമമാണ്. കീർത്തനങ്ങളെ താഴെ പറയുന്ന വിധത്തിൽ വിഭജിക്കാവുന്നതാണ്.

1) കിരീടധാരണ സങ്കീർത്തനങ്ങൾ അഥവാ യാഹ്‌വെയുടെ രാജത്വത്തെ പുകഴ്ത്തുന്ന സ്തുതിഗീതങ്ങൾ.
2) രാജകീയ സങ്കീർത്തനങ്ങൾ.
3) സീയോൻ സങ്കീർത്തനങ്ങൾ.
4) ചരിത്രസംബന്ധമായ സങ്കീർത്തനങ്ങൾ.
5) സൃഷ്ടിസംബന്ധമായ സങ്കീർത്തനങ്ങൾ.
6) നിയമ (തോറാ) സങ്കീർത്തനങ്ങൾ.

ഈ കീർത്തനങ്ങളിലെല്ലാംതന്നെ, ഇസ്രായേലിനെ രക്ഷിക്കാൻ അവളുടെ ചരിത്രത്തിൽ അത്ഭുതങ്ങൾ നടത്തുകയും, മനുഷ്യരെ സംരക്ഷിക്കാൻ ലോകത്തെ സൃഷ്ടിക്കുകയും ചെയ്ത ഇസ്രായേലിന്റേയും ലോകത്തിന്റേയും രാജാവായ യാഹ്‌വെ

www.malankaralibrary.com

യെ പ്രത്യക്ഷമായി സ്തുതിക്കുകയാണ്. പരോക്ഷമായി, ശത്രുകരങ്ങളിൽനിന്ന് ഇസ്രായേലിനെ രക്ഷിച്ച് സമ്പൽസമൃദ്ധി ചൊരിഞ്ഞതിനും, സമാധാനവും വിശ്രാന്തിയും നല്കിയതിനും, അവളെ എന്നെന്നും സംരക്ഷിക്കുന്നതിൻെറ അടയാളമായി മനുഷ്യരുടെയിടയിൽ സീയോൻ വാസസ്ഥലമായി തെരഞ്ഞെടുത്തതിനും, മാത്രവുമല്ല നിത്യമായ പ്രകാശവും ആശ്വാസവും, ജീവനും നല്കുന്ന ഏററവും വലിയ ദാനമായ 'തോറാ' അവർക്കു കൊടുത്തതിനും സങ്കീർത്തകൻ സ്തുതിയാലാപങ്ങൾ നടത്തുന്നു.

## യാഹ്‌വെയുടെ രാജത്വത്തെ പുകഴ്ത്തുന്ന സങ്കീർത്തനങ്ങൾ

യാഹ്‌വെ ഒരു രാജാവായി പ്രതിഷ്ഠിക്കപ്പെടുന്ന കിരീടധാരണകർമ്മങ്ങൾ ഇസ്രായേൽ ചരിത്രത്തിൽ എന്നെങ്കിലും നടന്നതായി വേദപുസ്തകത്തിൽനിന്നു വ്യക്തമായി തെളിയിക്കാൻ ഇനിയും ആർക്കും സാധിക്കാത്തതുകൊണ്ടുതന്നെയാണ് 'കിരീടധാരണ സങ്കീർത്തന'മെന്ന അംഗീകൃതശീർഷകം ഇവിടെ സ്വീകരിക്കാതിരിക്കുന്നത്.

ഇവിടെ നമ്മുടെ ചിന്തയ്ക്കും പഠനത്തിനും വിഷയീഭവിപ്പിക്കുന്നതു പൊതുവെ പണ്ഡിതന്മാരെല്ലാം ഐകകണ്ഠമായി അഭിപ്രായപ്പെട്ടിരിക്കുന്ന 47: 93; 96_99 എന്നീ സങ്കീർത്തനങ്ങളാണ് 1. ഈ സങ്കീർത്തനങ്ങളുടെ കർത്താവു തൻെറ ദൈവസ്തുതിപ്പുകളിൽ വ്യക്തിപരമായ വികാരങ്ങൾ പ്രകടിപ്പിക്കുകയും, യാഹ്‌വെയെ ധീരോദാത്തനും ശക്തനും, ഉൽകൃഷ്ടനുമായി കാണുകയും തന്നെയുമല്ല ചരിത്രത്തിലും പ്രകൃതിയിലും പൊതുവേയും, തൻെറ ജനമായ ഇസ്രായേലിനുവേണ്ടി പ്രത്യേകമായും അദ്ഭുതങ്ങൾ പ്രവർത്തിക്കുകയും അവിടുത്തെ രാജാവായി പ്രഘോഷിക്കുകയും പ്രഖ്യാപിക്കുകയും ചെയ്യുന്നു. യാഹ്‌വെ നിത്യം രാജാവാകുന്നു. ഇതാണ് സങ്കീർത്തകനു യാഹ്‌വെയെപ്പററി ആദ്യമായി പറയാനുള്ളതു്. വാസ്തവത്തിൽ ഇതിൽ മൂന്നു സങ്കീർത്തനങ്ങൾ തുടങ്ങുന്നതുതന്നെ yhwh malak എന്ന ശൈലിയോടുകൂടിയാണ്. അതുകൊണ്ടുതന്നെയാണ് 93, 97, 99 എന്നീ സങ്കീർത്തനങ്ങൾമാത്രം 'കിരീടധാരണസങ്കീർത്തന'ങ്ങളായി Gunkel അംഗീകരിക്കുന്നതു്2. അദ്ദേഹം ആ ശൈലിയെ 'യാഹ്‌വെ രാജാവായി' എന്നു ഭാഷാന്തരം ചെയ്യുകയും, മററു ദേവന്മാരാലുള്ള മർദ്ദൂക്കിൻെറ കിരീടധാരണവുമായി താരതമ്യപ്പെടുത്തുകയും ചെയ്തിരിക്കുന്നു. എന്നാൽ ശബ്ദകോശശാസ്ത്ര (lexicographical) പ്രകാരം 'മാലക്' (malak) എന്ന ക്രിയ 'രാ

www.malankaralibrary.com

ജാവായി' എന്നോ 'രാജാവാകുന്നു' എന്നോ ഭാഷാന്തരം ചെയ്യാമെന്നാണ് kraus ന്റെ അഭിപ്രായം. എങ്കിലും കർത്താവ് ക്രിയയ്ക്കു മുൻപായിട്ടും പിൻപായിട്ടും വരുമ്പോൾ വ്യത്യാസം ഉണ്ട് എന്ന് അദ്ദേഹം തന്നെ സമർത്ഥിച്ചിട്ടുണ്ട്. 'കർത്താവ്' മുൻപായി വരുമ്പോൾ ശൈലിക്കു 'രാജാവാകുന്നു' അഥവാ 'ഭരിക്കുന്നു' എന്നും പിൻപായി വരുമ്പോൾ 'രാജാവായി' എന്നുമുള്ള അർത്ഥമാണ് ക്രാവൂസ് നല്കുന്നത്. അതുകൊണ്ടു മുകളിൽ പറഞ്ഞ മൂന്നു സങ്കീർത്തനങ്ങളിലും 96: 10_ലും ക്രാവൂസ് പ്രസ്തുത ശൈലിയെ 'യാഹ്‌വെ രാജാവാണ്' എന്നാണ് ഭാഷാന്തരം ചെയ്തിരിക്കുന്നതു് 3. ഇത്രയുംകൊണ്ടു yhwh malak എന്ന ശൈലിയെ സംബന്ധിച്ച പ്രശ്നം പരിഹൃതമായി എന്നു കരുതാം.

എന്നാൽ സങ്കീ. 47: 9_ൽ 'malak elohim' എന്ന ശൈലി നാം കാണുന്നു. 'ദൈവം രാജാവായി' എന്നാണ് അതിന്റെ അർത്ഥമെന്നു കരുതാം. എന്നാൽ ഇതിനു് ഉടമ്പടിയുടെ പേടകം ആഘോഷമായി എഴുന്നള്ളിക്കുന്ന അനുഷ്ഠാനവുമായി ബന്ധമുണ്ട് എന്നു സങ്കീർത്തനം 24: 7_ൽനിന്നും 68: 25_ൽ നിന്നും മനസ്സിലാക്കാം. 1 സാമു 6: 1 രാജ. 8. സങ്കീ. 132 ഇവ ഇതിനോടനുബന്ധിച്ചുള്ള തെളിവുകളാണ്. യാഹ്‌വെ രാജാവാകുന്ന പ്രശ്നമേയില്ല. പ്രത്യുത അവിടുത്തെ രാജത്വത്തിന്റെ ഒരു ആഘോഷം മാത്രമാണതു്. വീണ്ടും യാഹ്‌വെ രാജാവാണെന്നു അംഗീകരിച്ചാൽതന്നെയും ജനങ്ങളുടെമേൽ അവിടുത്തേയ്ക്കുള്ള അധികാരം ചരിത്രത്തിന്റെ ഗതിയിൽ അവിടുന്നു കാണിച്ചുകൊടുക്കണം. എങ്കിൽ നമ്മുടെ ഈ സങ്കീർത്തനത്തിൽ 'ദൈവം ജനങ്ങളുടെ രാജാവാകുന്നു' എന്നു വന്നതിൽ അത്ഭുതമില്ലല്ലോ. യാഹ്‌വെയ്ക്കു തന്റെ രാജത്വം നഷ്ടപ്പെട്ടു എന്നോ ഒരു ഇടവേളയ്ക്കു ശേഷമാണ് അവിടുന്നു വീണ്ടും രാജാവാകുന്നുവെന്നും ഉള്ള സംശയങ്ങൾ ഈ പരാമർശങ്ങളുടെ വെളിച്ചത്തിൽ സങ്കീർത്തകർക്കു ഒരിക്കലും തോന്നിയിട്ടില്ല. 93_ാം സങ്കീർത്തനം ഇപ്രകാരം പറയുന്നു.

> "യാഹ്‌വെ ഭൂഗോളത്തെ ഇളകാതെ ഉറപ്പിച്ചു
> നിർത്തിയിരിക്കുന്നു. അവിടുത്തെ സിംഹാസനം
> യുഗങ്ങൾക്കുമുമ്പേ സ്ഥിരമായിരിക്കുന്നു; യാഹ്‌വെ!
> അവിടുന്നു അനാദിയാണ്."

ലോകാരംഭം മുതൽ തന്നെ യാഹ്‌വെ രാജാവാണെന്നുള്ള വസ്തുത, അനാദിമുതല്ക്കേ നിലനിൽക്കുന്നുവെന്നതാണു സങ്കീർത്തനസാരം. ഇസ്രായേൽക്കാരോ, വിജാതീയരോ യാദൃശ്ചികമായി യാഹ്‌വെയുടെമേൽ ആരോപിക്കുന്ന ഒരു സവിശേഷതയ

www.malankaralibrary.com

ല്ല, അവിടുന്നു് ആരാകുന്നുവെന്ന സത്യം അംഗീകരിക്കുകയത്രേ ഇതിൻെറ ഉള്ളടക്കം (സങ്കീ. 96: 10).

യാഹ്വെ ഇസ്രായേലിനെ മാത്രമല്ല എല്ലാ ജനതകളേയും ഭരിക്കുന്നു (സങ്കീ. 47: 2). അതുകൊണ്ടുതന്നെ അവിടുന്നു 'നമ്മുടെ രാജാവത്രെ (47: 6). എങ്കിൽ ഭൂമിയിലുള്ള സകല ജനങ്ങളും അവിടുത്തേയ്ക്കു മഹത്വത്തിൻെറയും ശക്തിയുടെയും സ്തുത്യുപഹാരം നൽകുന്നു (96: 7f). അവിടുത്തെ രാജത്വം അവിടുത്തെ ദൈവികത്വത്തിൽ ഉറച്ചതാണു്. അതേസമയം വിജാതീയരുടെ ദേവന്മാരെല്ലാം ശൂന്യത മാത്രമാണു്. യാഹ്വെയാണു ആകാശങ്ങളെ സൃഷ്ടിച്ചവൻ (96:55). അവിടുത്തെ ശക്തി നദികരംക്കും കടലിനും അതീതമാണു്. അത്യുന്നതങ്ങളിൽ (93: 3f) ഉത്കഷ്നാണു് (addiv). ഉത്കഷ്നെന്ന പദത്തിനു പകരം ഉപയോഗിച്ചിരിക്കുന്ന കാദോഷിനു (qadosh) വിശുദ്ധി (സങ്കീ. 99: 4, 5, 9) എന്നർത്ഥമുണ്ടു്. ലോകനാഥനായ അവിടുന്നു് ഇടിമിന്നലിലൂടെയും അഗ്നിയിലൂടെയും സ്വയം വെളിപ്പെടുത്തുന്നു. ജനതകളും അവിടുത്തെ മഹത്വം ദർശിക്കുന്നതിനായി പാറകരംപോലും മെഴുകുപോലെ (97: 3f) ഉരുകുന്ന വിധത്തിലാണു് അവിടുത്തെ വരവു്. അവിടുത്തെ യഥാർത്ഥ സിംഹാസനം ഉന്നതങ്ങളിലാണെങ്കിലും (2: 4) സിയോനിലുള്ള കെറുബിം മാലാഖാമാരുടെ മദ്ധ്യേ അദൃശ്യനായി അവിടുന്നു സിംഹാസനസ്ഥനായിരിക്കുന്നു. തന്മൂലം ഭക്തക്ക അവിടുത്തെ പാദപീഠം നമസ്കരിക്കുവാൻ (99: 5) സാധിക്കുന്നു. യാഹ്വെ തൻെറ സിംഹാസനത്തിലിരുന്നു സിയോനേയും യൂദായുടെ പുത്രിമാരേയും നീതിപൂർവ്വം ഭരിക്കുമ്പോരം അവക്കു് സന്തോഷിക്കുവാൻ സാധിക്കുന്നു (97: 8). എന്തെന്നാൽ ന്യായവും (sedeq) നീതിയും (mishpat) ആണു് അവിടുത്തെ സിംഹാസനത്തെ ഉറപ്പിച്ചിരിക്കുന്നതു്. നന്മയിലും (sedeq) നീതിയിലും (mishpat) സത്യത്തിലും അടിയുറച്ച 'നീതിയെ സ്നേഹിക്കുന്ന ഒരു രാജാവാണു് അവിടുന്നു് 99: 4). വിധിയാളനെന്ന നിലയിൽ നീതികൊണ്ടും, രാജ്യത്തെ അതിൻെറ സത്യംകൊണ്ടും (98: 9) അഥവാ കക്കശമായ ന്യായംകൊണ്ടും അവിടുന്നു വിധിക്കാൻ വരും (97: 13).

സകല ദേവന്മാരിലും ഉൽകൃഷ്ടനും സർവ്വലോകങ്ങളുടെയും രാജാവും (97: 9) പരമോന്നതനുമായ ഒരു രാജാവിനേയും ദൈവത്തേയുമാണു് സങ്കീർത്തകൻ യാഹ്വെയിൽ കാണുക. നീതിമാന്മാരെല്ലാം അവിടുത്തെ നീതിയിൽ സംതൃപ്തരാകുന്നു. വിശുദ്ധിയും ഉൽകൃഷ്ടതയും അവിടുത്തെ നിത്യം പ്രകീർത്തിക്കുവാൻ പ്രേരിപ്പിക്കപ്പെടുന്നു (97: 12). നദികളും, സമുദ്രങ്ങളും, വയലുകളും, കാട്ടിലെ വൃക്ഷങ്ങളും, പർവ്വതങ്ങ

www.malankaralibrary.com

ളും (98: 7f) ചുരുക്കത്തിൽ ഭൂമുഖം മുഴുവനും അവിടുത്തെ സ്തുതിച്ചുകൊണ്ടു സന്തോഷപൂർവ്വം ആർത്തുവിളിക്കുന്നു (96: 11ff).

## രാജകീയ സങ്കീർത്തനങ്ങൾ

ഇസ്രായേൽരാജാവിനെക്കുറിച്ചോ 'അഭിഷിക്തനെക്കുറിച്ചോ പരാമർശിക്കുന്നുവെന്ന കാരണത്താൽമാത്രം ലക്ഷണഭേദമുള്ള കുറെ സങ്കീർത്തനങ്ങളെ വ്യാഖ്യാതാക്കൾ രാജകീയ സങ്കീർത്തനങ്ങളുടെ വിഭാഗത്തിൽപ്പെടുത്തുന്നു 4. സങ്കീ. 20: 72; 144, 1–11 മുതലായവ രാജാവിനുവേണ്ടിയുള്ള യാചനകളും ആശംസകളുമത്രെ. രാജാവിന്റെ വിവാഹാവസരത്തിൽ ആലപിക്കുന്ന ഒരു ഗാനമാണു 45–ാം സങ്കീർത്തനം. 101–ാം സങ്കീർത്തനം രാജകുമാരന്മാരുടെ കണ്ണാടി എന്നു് വിളിക്കപ്പെടുന്നതു് തികച്ചും അർത്ഥവത്താണു് 5. ദാവീദിനെയോ, (സങ്കീ. 18: 51; 89, 50; 132: 10; 144: 10). സിയോനെയോ (2: 6; 20: 3; 110: 2; 132: 18) പരാമർശിക്കുന്നതുകൊണ്ടു് ഈ സങ്കീർത്തനങ്ങളുടെയെല്ലാം ഉറവിടം യൂദായാണെന്നു കരുതാം. ടയറിൽനിന്നുള്ള രാജകീയ മണവാളനെ പരാമർശിക്കുന്ന 45–ാം സങ്കീർത്തനം മാത്രമാണു വടക്കൻ സാമ്രാജ്യത്തിലേയ്ക്കു വിരൽ ചൂണ്ടുന്നതു്.

ഈ സങ്കീർത്തനങ്ങളിൽ ചിലതിനെ തികച്ചും മതേതരമായിട്ടും അപവിത്രമായിട്ടും വ്യാഖ്യാനിക്കുന്നതു് ഒട്ടും ശരിയല്ല. അക്കാലത്തെ മനുഷ്യരെ സംബന്ധിച്ചിടത്തോളം ചിലപ്പോഴൊക്കെ ആരാധനാനുഷ്ഠാനങ്ങൾ നടത്തിയിരുന്ന രാജാക്കന്മാർ ദൈവത്തിന്റെ പ്രതിപുരുഷന്മാരും വിശുദ്ധ വ്യക്തികളുമായിരുന്നു.

ദാവീദിന്റെ പുത്രന്മാർ പുരോഹിതരായിട്ടാണു് 2 സാമു. 8 :18–ൽ കാണുന്നതു്. ദാവീദു് വാഗ്ദാനപേടകത്തിന്റെ മുമ്പിൽ നൃത്തം ചെയ്തതിൽനിന്നു വ്യക്തമായ ഒരു നിഗമനത്തിലേയ്ക്കു എത്താൻ സാധിക്കുകയില്ലെങ്കിലും ജറുസലമിലേയ്ക്കു് അതു കൊണ്ടുവരാൻ അദ്ദേഹം വഹിച്ച പങ്കു പ്രസിദ്ധമാണു്. അതേസമയം ദാവീദു് ദഹനബലിയും (olot) സമൂഹബലിയും (Zebahim) അർപ്പിക്കുകയും ജനങ്ങളെ യാഹ്‌വാ സബോന്നിന്റെ (2 സാമു. 6: 18) നാമത്തിൽ ആശീർവ്വദിക്കുകയും ചെയ്തതായി കാണാവുന്നതാണു്. ഇപ്രകാരം തന്നെ സോളമനും നടത്തിയിരുന്നു (1 രാജാ. 8). ജോസിയാ രാജാവും ഹെസക്കിയായും മതപരവും ആരാധനപരവുമായ കാര്യത്തിൽ ഇടപെട്ടിരുന്നു. പിൽക്കാലത്തു് ഈ സങ്കീർത്തനങ്ങളെല്ലാം മെസയാനിക് വെളിപാടിലേയ്ക്കും ദേശത്തിന്റെ ആശകളും പ്രതീക്ഷകളും പ്രതിഫലിപ്പിക്കുന്ന ഇസ്രായേലിന്റെ സ്തോത്രഗീതങ്ങളിലേക്കും വഴിതെളി

www.malankaralibrary.com

ച്ചു. രാജത്വത്തിന്റെ ദൈവശാസ്ത്രത്തിലേയ്ക്കു പ്രകാശം വീശുന്ന പ്രധാന സങ്കീർത്തനങ്ങളാണ് 2, 89, 110, 132 എന്നിവ.

ഇസ്രായേലിന്റെ സമീപപ്രദേശത്തുള്ള കിഴക്കൻ രാജ്യങ്ങളുടെയും രാജാക്കന്മാരുടെയും ആശയങ്ങളും ആചാരങ്ങളും ഒരു രാജാവിനെക്കുറിച്ചുള്ള ഇസ്രായേലിന്റെ ആശയരൂപീകരണത്തിനു സഹായിച്ചിട്ടുണ്ട് എന്നുള്ളതിൽ സംശയമില്ല. എങ്കിലും ഇക്കാര്യത്തിൽ ഇസ്രായേലിനു അവരുടെ സ്വന്തമായ ഒരു വീക്ഷണഗതിയുണ്ടായിരുന്നു. യാഹ്വെയ്ക്കു അനുയോജ്യമല്ലാത്ത ഒന്നും അവർ സ്വീകരിച്ചിരുന്നില്ല. റെമേസീസ് (സൂര്യദേവനായ 'ര'യിൽനിന്നു ജനിച്ചവൻ), തോത്മോസിസ് (ചന്ദ്രദേവിയായ തോത്തിൽനിന്നു ജനിച്ചവൻ) മുതലായ ഫറവോന്റെ പേരുകൾ സൂചിപ്പിക്കുന്നതുപോലെ ഈജിപ്തിലെ ഫറവോൻ ദേവന്മാരിൽനിന്നു ശാരീരികമായി ജന്മമെടുത്തവനാണെന്നും, അദ്ദേഹം ദേവനെപ്പോലെ വണങ്ങപ്പെടുന്നതായിട്ടും ഈജിപ്തിൽ നമുക്കു കാണുവാൻ സാധിക്കും. ബാബിലോണിലേയും അസ്ഹൂറിലേയും രാജാക്കന്മാർ അവിടത്തെ ദേവന്റെ ദാസനും ആശ്രിതനുമായി കാണപ്പെടുന്നു. മെസപ്പൊട്ടോമിയൻ വീക്ഷണവുമായിട്ടാണ് ഇക്കാര്യത്തിൽ ഇസ്രായേലിനു കൂടുതൽ ബന്ധമുള്ളതു്. 'നീ എന്റെ പുത്രനാണ്; ഇന്നു ഞാൻ നിന്റെ പിതാവായിരിക്കുന്നു' (2: 7), എന്നു യാഹ്വെയാൽ തിരഞ്ഞെടുക്കപ്പെടുകയാണ് ഇസ്രായേലിന്റെ (യൂദായുടെ) രാജാവു, തന്റെ കിരീടധാരണാവസരത്തിൽ. മാത്രവുമല്ല 'അങ്ങ് എന്റെ പിതാവും എന്റെ ദൈവവും എന്റെ രക്ഷയുടെ ശിലയും എന്നും, ഞാൻ അവനെ എന്റെ ആദ്യജാതനുമാക്കും' (89: 27f) എന്നും എഴുതിയിരിക്കുന്നു. 'അവനെ ഞാൻ എന്റെ ആദ്യജാതനായി തിരഞ്ഞെടുക്കും' എന്നർത്ഥം വരുന്ന b<sup>e</sup>kor etnehu എന്ന ഹീബ്രുപദം പുത്രസ്വീകാര്യത്തിനായി ഉപയോഗിച്ചിരിക്കുന്നതു ആശയപ്രകാശനത്തിനു വളരെ ഉപകരിക്കുന്നതാണ്. ഇസ്രായേലിലെ രാജാവു യാഹ്വെയെ എന്റെ ദൈവം' (eli) എന്നു സംബോധനചെയ്യുന്നതുകൊണ്ടു ഇസ്രായേലിൽ രാജസ്ഥാനത്തിനു ദൈവികത്വം കൊടുക്കുന്നില്ലെന്നു കരുതാം.

ദൈവജനമായ ഇസ്രായേൽ 'ദൈവികരാജ്യവും' 'ദൈവികരാജവാഴ്ച'യുടെ പാരമ്പര്യവുമാണ് ചരിത്രത്തിന്റെ ആരംഭംമുതൽ തുടർന്നുകൊണ്ടുപോന്നതു്. എന്നാൽ പിന്നീടുണ്ടായ പാരമ്പര്യങ്ങൾ ഈ അവസ്ഥയെ നിശിതമായി വിമർശിക്കുകയും എതിർക്കുകയും ചെയ്തു. പ്രകടമായ ഒരു ഉദാഹരണമാണ് 'സാമുവേലിന്റെ പുസ്തകം'. ദൈവജനം സ്ഥിരമായി താമസിക്കാൻ തുടങ്ങിയ ഘട്ടത്തിൽ ഗിദയോനെ രാജാവായി ഉയർത്താൻ

www.malankaralibrary.com

ശ്രമിക്കുന്നതും—അദ്ദേഹം അതു നിരസിച്ചു—ഒരു രാജവംശം സ്ഥാപിക്കുന്നതും ഈ എതിർപ്പുകളുടെ തിക്തഫലമെന്നതു വ്യക്തമാണു്.

"ഞാനോ എന്റെ സന്തതിയോ, നിങ്ങളെ
ഭരിക്കുകയില്ല; കർത്താവു നിങ്ങളെ ഭരിക്കും"
(ന്യായാ. 8: 23).

'ഭരിക്കുക' എന്നതിനു് ഈ ഗ്രന്ഥത്തിലുടനീളം ഉപയോഗിച്ചിരിക്കുന്ന ഹീബ്രുപദം 'മാഷൽ' (mashel) എന്നാണു്. അതിന്റെ പദാനുപദതർജ്ജമ ആശയം വികലമാക്കും. "എന്റെ മകനോ ഞാനോ നിങ്ങളെ ഭരിക്കുകയില്ല. എന്നാൽ കർത്താവു നിങ്ങളെ ഭരിക്കും". അബിമലക്കിന്റെ പാരമ്പര്യം ഉത്തമ ഇസ്രായേൽ പാരമ്പര്യമാണെന്നു കരുതുക ശരിയല്ല. കാരണം അബിമലക്കിന്റെ പിതാവു് ഒരു ഇസ്രായേൽക്കാരനും മാതാവു ഷിക്കമെയിററു വംശത്തിൽപ്പെട്ട ഒരു ദാസ്യസ്ത്രീയുമായിരുന്നു. അദ്ദേഹം കനാന്യരുടെ പട്ടണമായ ഷിക്കേമിനേയും കുറെ ഇസ്രായേൽ ഗോത്രങ്ങളേയും മൂന്നു വർഷത്തേയ്ക്കു മാത്രമെ ഭരിച്ചിരുന്നുള്ളു. യാഹ്‌വെയുടെ രാജത്വത്തെക്കുറിച്ചുള്ള ദൈവശാസ്ത്രം വികാസം പ്രാപിച്ചതു രാജവാഴ്ചയോടുകൂടിയാണെന്നുള്ളതിൽ സംശയമില്ല. അതേസമയം യാഹ്‌വെയെ രാജാവായി അംഗീകരിക്കുന്ന ഇസ്രായേലിലെ ഒരു പ്രാചീനരേഖ 'മോസസിന്റെ ഗാനത്തിൽ' കാണാവുന്നതാണു്.

"യാഹ്‌വെ നിത്യം രാജാധിപാകുന്നു" (പുറ. 15: 18).

ഇസ്രായേലിന്റെ രാജാവു സിയോനിൽ വാഴുന്ന രാജാവല്ല, യാഹ്‌വെതന്നെയാണെന്നാണു് കിരീടധാരണ സങ്കീർത്തനത്തിൽനിന്നു വ്യക്തമാകുന്നതു് (47: 2; 7; 8: 93: 1f; 96: 10; 97: 1; 98; 6; 99: 1_4). 'ഇസ്രായേലിന്റെ രാജാവു്' 'യാഹ്‌വെയുടെ രാജാവു്' എന്നാണു രാജകീയ സങ്കീർത്തനങ്ങളിലൊന്നായ 2: 6_ൽനിന്നു മനസ്സിലാകുക. അദ്ദേഹം യാഹ്‌വെയുടെ അഭിഷിക്തനാണു് (2: 2; 1 സാമു. 26: 9) അദ്ദേഹം യാഹ്‌വെയുടെ വെറും അടിമയല്ല. പ്രത്യുത, ആശ്രിതനും ദാസനുമാണു് (89: 21). രാജപദവിയിലേക്കു തെരഞ്ഞെടുക്കപ്പെടുന്ന ദാവീദിനെ വേദപുസ്തകത്തിൽ പരാമർശിക്കുന്നിടത്തെല്ലാം, സാധാരണയായി രാജാവു (Melek) എന്നർത്ഥം വരുന്ന പദമല്ല ഉപയോഗിച്ചിരിക്കുന്നതു്; പ്രത്യുത രാജകുമാരൻ (Prince) എന്നോ ഭരണാധിപൻ (leader) എന്നോ ആണു് ഉപയോഗിച്ചിരിക്കുന്നതു് (2 സാമു. 7: 8; 1 സാമു. 10: 2; 25: 30). കാരണം ഇസ്രായേൽ ദാവീദിന്റെയല്ല യാഹ്‌വെയുടെ ജനങ്ങളാണല്ലോ. "എന്റെ

www.malankaralibrary.com

ജനമായ ഇസ്രായേലിൻെറ ഭരണാധിപനാകുക'' (2 സാമു. 7: 8). അദ്ദേഹം യാഹ്‌വെയുടെ ജനമായ ഇസ്രായേലിനെ നയിക്കുകയും സംരക്ഷിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. കാരണം ഇസ്രായേൽ യാഹ്‌വെയുടെ അവകാശമാണ് (1 സമു. 10: 2). മററ് എല്ലായിടത്തുമെന്നതുപോലെ ഇവിടെയും സങ്കീർത്തകൻ ഇസ്രായേലിൻെറ രാജാവിനുവേണ്ടി പ്രാർത്ഥിക്കുന്നു. പരോക്ഷമായി ഇതു ജനങ്ങൾക്കുവേണ്ടിയുള്ള ഒരു പ്രാർത്ഥനതന്നെയാണ്.

> ''ദൈവമേ, രാജാവിനു അങ്ങയുടെ ന്യായബോധവും
> രാജകുമാരനു അങ്ങയുടെ നീതിബോധവും നല്കണമേ.
> അങ്ങനെ അദ്ദേഹം അങ്ങയുടെ ജനത്തെ
> ന്യായബോധത്തോടെ നീതിപൂർവ്വം ഭരിക്കട്ടെ (72: 1f).

ഇസ്രായേലിനു സമാധാനവും ഐശ്വര്യവും ഉറപ്പുകൊടുക്കുവാൻ രാജാവു കടപ്പെട്ടവനാണ് (72: 3, 7, 16). അപ്പോൾ അദ്ദേഹം എന്നെന്നും വാഴ്ത്തപ്പെട്ടവനാണെന്ന് എല്ലാ ജനങ്ങളും പ്രഘോഷിക്കും (72: 17). ഇവയെല്ലാം രാജാവിൻെറയല്ല യാഹ്‌വെയുടെ പ്രവർത്തനങ്ങളാണ് (72: 18).

യാഹ്‌വെയുടെ പ്രതിനിധിയായതുകൊണ്ട് ഇസ്രായേലിൻെറ രാജാവിനു സ്വാതന്ത്ര്യികഭരണത്തിനവകാശമുണ്ട്. അദ്ദേഹത്തോടെതിർക്കുന്നവർ യാഹ്‌വെയോടുതന്നെയാണ് എതിർക്കുക (2: 2). രാജ്യങ്ങളെല്ലാം അദ്ദേഹത്തിനു അവകാശമായി നല്കപ്പെടുകയും അദ്ദേഹം ഇരുമ്പുദണ്ഡുകൊണ്ടെന്നപോലെ അവരെ തകർക്കുകയും ചെയ്യും (2: 8 f). അദ്ദേഹത്തിൻെറ സാമ്രാജ്യം സമുദ്രം മുതൽ സമുദ്രംവരെയും നദിമുതൽ ഭൂമിയുടെ അതിർത്തിവരെയും നീണ്ടുകിടക്കും (72: 8). അദ്ദേഹത്തിനുവേണ്ടി യാഹ്‌വെ തൻെറ കരമുയർത്തുന്നതിനാൽ (89: 22) ശത്രുക്കൾക്കും അദ്ദേഹത്തെ എതിർത്തു നില്ക്കാനാവില്ല. അദ്ദേഹത്തിൻെറ സിംഹാസനവും വംശവും ആകാശമുള്ള കാലത്തോളം, സൂര്യചന്ദ്രന്മാർ ഉള്ളിടത്തോളം കാലം നിലനില്ക്കുന്നു (89: 29, 36 f 72, 5), സ്വർഗ്ഗീയസിംഹാസനത്തു് ഉപവിഷ്ടനായിരിക്കുന്ന യാഹ്‌വെ, സിയോനിലെ രാജാവിൻെറ നഗരത്തെ തട്ടിക്കളയാൻ വിഫലശ്രമം നടത്തുന്ന വിജാതീയ രാജാക്കന്മാരുടെ പ്രവർത്തനങ്ങളെ പരിഹസിക്കും എന്നതിൽ സംശയമില്ല (2: 1–3). ഇതേ ആശയംതന്നെ 110: 1 ലും കാണാവുന്നതാണ്. ആ ദിവ്യമായ വെളിപാടിലൂടെ, സിയോനിലെ രാജാവിൻെറ എല്ലാവിധ ശത്രുക്കളേയും അദ്ദേഹത്തിൻെറ പാദപീഠത്തിൽ കൊണ്ടുവരുമെന്നു യാഹ്‌വെ വാഗ്ദാനം നല്കിയിട്ടുണ്ട്.

www.malankaralibrary.com

ഇസ്രായേൽരാജാവിന്റെ മറെറാരു സവിശേഷത അദ്ദേഹം പുരോഹിതസ്ഥാനം അലങ്കരിക്കുന്നുവെന്നതാണ്. ഇതു മുൻപു പരാമർശിച്ചിട്ടുണ്ടല്ലോ. അവിടെ സോളമനും ദാവീദും മററും മതപരവും ആരാധനാപരവുമായ കാര്യങ്ങളിൽ ഇടപെട്ടുന്നതായി കാണാം. ഇസ്രായേലിലെ പൗരോഹിത്യത്തിന്റെ ഉത്ഭവവും വളർച്ചയും ഇന്നും നിഗൂഢമായി സ്ഥിതിചെയ്യുന്നു.

മദ്ധ്യപൗരസ്ത്യദേശങ്ങളിൽ പുരോഹിതരുടെ സ്ഥാനത്ത് രാജാക്കന്മാർ മതപരമായ ചടങ്ങുകൾ വിശേഷാവസരങ്ങളിൽ നിർവ്വഹിച്ചിരുന്നു എന്നുള്ളതു് വ്യക്തമാണ്. സ്വന്തം ഗോത്രക്കാർ രാജാവാക്കിയ യൂദാസ്സു ലേവ്യരുടെയോ പുരോഹിതരുടെയോ അവകാശങ്ങളും ആനുകൂല്യങ്ങളും പ്രകൃത്യാ ഇല്ലാതിരുന്നതിനാൽ, പുരോഹിതനും രാജാവുമായിരുന്ന മൽക്കിസദേക്കുമായി ബന്ധം പുലർത്തി അദ്ദേഹത്തിനു് ഒരു അവകാശം സങ്കീ. 110 ന്റെ പ്രവാചകനും കൂടിയായ രചയിതാവു് വാങ്ങിക്കൊടുക്കുന്നു.

## സീയോൺ കീർത്തനങ്ങൾ

ഈ സങ്കീർത്തനങ്ങളുടെ ഉത്ഭവവും അവയുടെ ദൈവശാസ്ത്രപരമായ പ്രാധാന്യവും അല്പമായി ചിന്തിക്കാം. സങ്കീർത്തനസമാഹാരത്തിൽ പ്രാധാന്യമർഹിക്കുന്ന സിയോൺ കീത്തനങ്ങളെ (Cf 137:3) യുഗാന്ത്യോന്മുഖമായാണ് ഇസ്രായേലിന്റെ ചരിത്രത്തിൽ വ്യാഖ്യാനിച്ചുകൊണ്ടിരുന്നതു്. കാനനായമതം, വിശ്വദേവതാമണ്ഡപത്തിലെ മഹേശ്വരനായ എൽ എല്യോൺ (él élyon) അദ്ദേഹത്തിന്റെ എതിരാളിയും വടക്കുള്ള കാസ്സിയൂസു് മലയിൽ ആസ്ഥാനമുറപ്പിച്ചിരുന്നവനുമായ (ഇസ. 14:13f) ബാൽസാഫോൺ (Baal Zaphon)[6] എന്നിവയോളം പഴക്കമുണ്ടു്, അവയുടെ സാങ്കല്പിക ഉറവിടങ്ങൾക്കു്. ഈ സവിശേഷതകളെല്ലാം സ്വയം അത്യുന്നതനെന്നു (élyon) പ്രഘോഷിക്കുകയും തന്റെ ഭൗമികവാസസ്ഥലം സിയോൺപർവ്വതമാക്കുകയും ചെയ്ത യാഹ്‌വെയിൽ ആരോപിച്ചിരിക്കുകയാണ്. ഒരു ദേവന്റെ ഭൗമികവാസസ്ഥലവും അതിനു തുല്യമായുള്ള സ്വർഗ്ഗീയവാസസ്ഥലവുമായി ആനുരൂപ്യമുണ്ടെന്നുള്ളതു് ഒന്നിലധികം പാരമ്പര്യകഥകൾ വ്യക്തമാക്കുന്നു. ഈദൃശമായ ഒരു സംഭവമാണ് പു. 25:8f (യാഹ്‌വിസ്റ്റ് പാരമ്പര്യം) ൽ നാം വായിക്കുക. സിനായിമലയിൽവച്ചു യാഹ്‌വെ നിർദ്ദേശിച്ചു മാതൃകയിൽ, ഇസ്രായേൽക്കാരുടെ മദ്ധ്യേ അവിടുത്തേക്കു വസിക്കാൻ, ഒരു കൂടാരവും ഒരു വിശുദ്ധസ്ഥലവും നിർമ്മിക്കണമെന്നു് യാഹ്‌വെ മൂശയോടു് ആവശ്യപ്പെടുന്നു. 'അവിടുത്തെ വിശുദ്ധ

www.malankaralibrary.com

മല' (സങ്കീ. 48:12), 'എന്റെ വിശുദ്ധമല', (സങ്കീ. 2:6), 'വടക്കിന്റെ ആഴമേറിയ ഹൃദയം' (സങ്കീ. 48:2) എന്നെല്ലാം സീയോനെ വിളിച്ചിരിക്കുന്നതിൽ അത്ഭുതമില്ല. പ്രപഞ്ചകേന്ദ്രമായിട്ടും എസക്കിയേലിന്റെ കാവ്യാത്മക ഭാഷയിൽ, ഭൂമിയുടെ ഹൃദയഭാഗമായിട്ടുമാണ് (എസ. 38:12)ഇതിനെ കണക്കാക്കുക. തന്മൂലം ഭൂമിയുടെ മുഴുവൻ ആനന്ദവിഷയമാണ് (48: 2) സീയോൻ. അതു യാഹ്‌വെയുടെ ഭവനവും (122: 9, 134: 1) വാസസ്ഥലവുമാണ് (76: 2) യാഹ്‌വെയുടെ വാസസ്ഥലം കണ്ട അത്ഭുതതന്ത്രനായി സങ്കീർത്തകൻ പറയുകയാണ്:

"സൈന്യങ്ങളുടെ കർത്താവേ, അങ്ങയുടെ വാസസ്ഥലം
എത്ര മനോഹരമായിരിക്കുന്നു" (84:2).

യാഹ്‌വെ തന്റെ വാസസ്ഥലമായി സീയോൺ തിരഞ്ഞെടുത്തതിലും സങ്കീർത്തകൻ അഭിമാനപുളകിതനാണ്.

"കർത്താവു സീയോൻ തെരഞ്ഞെടുത്തു
അതു തന്റെ വാസസ്ഥലമാക്കാൻ തിരുമനസ്സായി
(132:13).

സങ്കീർത്തകൻ തുടരുന്നു;

"അതു എന്നേക്കും എന്റെ വിശ്രമസ്ഥാനമായിരിക്കും
അതു തെരഞ്ഞെടുത്തതിനാൽ അവിടെ ഞാൻ വസിക്കും"
(132: 14)

പദാനപദവിവർത്തനം "ഇതു് എന്റെ വിശ്രമസ്ഥലമാകുന്നു; ഇവിടെ വസിക്കുവാനാണു ഞാൻ ആഗ്രഹിക്കുക" എന്നാണ്. സീയോൺ 'നമ്മുടെ ദൈവ'ത്തിന്റെ പട്ടണമാണ് (48: 2) ഒപ്പം അലംഘനീയവും (46: 5).

സീയോനല്ല ഇസ്രായേൽക്കാരുടെ സ്തുതികാംക്ക അർഹമായിരിക്കുന്നതു, യാഹ്‌വെയാണ്. കാരണം യാഹ്‌വെയാണു സീയോൻ തന്റെ വാസസ്ഥലമായി തെരഞ്ഞെടുത്തതു്. ദേവാലയപ്രതിഷ്ഠയുടെ (1 രാജ. 8: 27) അവസരത്തിൽ സോളമൻ മനസ്സിലാക്കിയിരുന്നതുപോലെ ഇസ്രായേൽക്കാർക്കു് അറിയാമായിരുന്നു ആകാശങ്ങൾക്കു യാഹ്‌വെയെ ഉൾക്കൊള്ളാൻ സാധിക്കുന്നില്ലെങ്കിൽ ഈ പട്ടണത്തിനും ദേവാലയത്തിനും ഒട്ടുംതന്നെ അവിടത്തെ ഉൾക്കൊള്ളാൻ സാധിക്കില്ലെന്നു്. യാഹ്‌വെയുടെ യഥാർത്ഥ വാസസ്ഥലം സ്വർഗ്ഗംതന്നെയാണ് (1 രാജ. 8: 43). അതുകൊണ്ടുതന്നെയാണ് ഇസ്രായേൽക്കാർ സീയോനെ ആശ്രയിക്കാതെ യാഹ്‌വെയിൽ അഭയം തേടുന്നതു്.

www.malankaralibrary.com

സങ്കീർത്തകൻ അഭിമാനപൂർവ്വം പറയുന്നു:

"ദൈവം നമ്മുടെ അഭയവും ബലവുമാകുന്നു
കഷ്ടതകളിൽ താൻ സഹായിയാണെന്നു അവിടുന്നു
സ്പഷ്ടമാക്കിയിരിക്കുന്നു" (46:1).

വീണ്ടും,

"സൈന്യങ്ങളുടെ ദൈവം നമ്മോടുകൂടെയുണ്ട്
യാക്കോബിന്റെ ദൈവം നമ്മുടെ കോട്ടയാണ്"" (49:7,11).

സിയോനിലുള്ള യാഹ്‌വെയുടെ ദേവാലയത്തിലാണ് തങ്ങളോടു യാഹ്‌വെയ്ക്കുള്ള അനന്തസ്നേഹത്തെ ഇസ്രായേൽക്കാർ പ്രതിഫലിച്ചു കാണുന്നത്.

"ദൈവമെ! അങ്ങയുടെ ആലയത്തിൽ
ഞങ്ങറം അങ്ങയുടെ സ്നേഹത്തെക്കുറിച്ചു ചിന്തിക്കുന്നു:
(48: 10).

ഇവിടെയിരുന്നുകൊണ്ടാണ് ആകാശവും ഭൂമിയും സൃഷ്ടിച്ച യാഹ്‌വെ അവിടുത്തെ പക്കലേയ്ക്കു യാചനാരൂപത്തിൽ കൈകളുയർത്തി നില്ക്കുന്ന ഭക്തരായ ഇസ്രായേൽക്കാരെ അനുഗ്രഹിക്കുന്നത് (143:1_3). ശത്രുക്കളുടെ കൈകളിൽനിന്നു തന്റെ ജനത്തെ യാഹ്‌വെ സംരക്ഷിക്കുന്നതും ഇവിടെയിരുന്നുകൊണ്ടുതന്നെ. "ഇസ്രായേൽക്കാർക്കെതിരെ ആക്രോശിക്കുന്നവരെ അവിടുന്നു ദുർബ്ബലരാക്കുന്നു (46:6)". "അവിടുന്നു ഭൂമിയുടെ അതിർത്തികറം വരെ യുദ്ധം നിറുത്തൽ ചെയ്തു. അവിടുന്നു വില്ല് ഒടിച്ചുകളഞ്ഞു; കുന്തങ്ങറം ചീന്തിക്കീറി, പരിചകറം അഗ്നിയിൽ ദഹിപ്പിച്ചു (46:9). എങ്കിൽപിന്നെ അസ്സീറിയാക്കാരും ഈജിപ്തുകാരും തങ്ങളുടെ രാജാവിൽ ആരോപിച്ച വീരകൃത്യങ്ങളെല്ലാം ഇസ്രായേല്ക്കാർ യാഹ്‌വെയിൽ ആരോപിച്ചെങ്കിൽ അത്ഭുതത്തിനെന്തവകാശം. കർത്താക്കളുടെ കർത്താവും രാജാക്കളുടെ രാജാവുമായ (136: 2) യാഹ്‌വെ അംഗീകരിക്കപ്പെടുവാനും സ്തുതിക്കപ്പെടുവാനും വാസ്തവത്തിൽ അർഹനാണ്. മററുവാക്കുകളിൽ, അപരിമേയനും അതുല്യനുമായ ദൈവം ഒരേ സമയം അന്തർവർത്തിയുമാണ്. സിയോനിൽ ദൈവം നമ്മോടുകൂടെയുണ്ട്:

"ജറുസലേമിൽ വസിക്കുന്ന കർത്താവു സിയോനിൽ വാഴ്ത്തപ്പെട്ടവനാകട്ടെ." (സങ്കീ. 135:21).

## ചരിത്രസംബന്ധമായ സങ്കീർത്തനങ്ങറം

ആദിമുതൽ ഇസ്രായേലിനുവേണ്ടി യാഹ്‌വെ ചെയ്ത നന്മകറംക്ക് അവിടുത്തെ സ്തുതിക്കുന്നതാണ് സങ്കീർത്തനങ്ങളിൽ

www.malankaralibrary.com

കാണുന്ന സവിശേഷതകളിലൊന്നു്. ഗ്രങ്കൽ ഇത്തരം കീത്തനങ്ങളെ "ഐതിഹ്യം" (legende എന്ന ലത്തീൻപദത്തിന്റെ മൂലാത്ഥമാണു് അദ്ദേഹം ഉദ്ദേശിക്കുക) എന്നു വിളിക്കുന്നു7. എങ്കിലും ഇവ പൂർണ്ണമായും ഐതിഹ്യങ്ങൾ മാത്രമല്ലെന്നു് ഉടനെ വ്യക്തമാകുന്നുണ്ടു്. ആദ്യമായി പ്രസ്തുത സങ്കീത്തനങ്ങൾ കീത്തനങ്ങളായി പരിഗണിക്കാം, യുക്തിപൂർവ്വംതന്നെ. വിജ്ഞാനസാഹിത്യം, സാമൂഹ്യവിലാപങ്ങൾ, സാമൂഹ്യകൃതജ്ഞതാപ്രകാശനങ്ങൾ എന്നിവയുടെ ഭാഗമായ പ്രബോധകകീത്തനങ്ങളായി അവയെ പരിഗണിക്കാൻ മതിയായ കാരണങ്ങളുണ്ടു്. ഇസ്രായേൽ അവളുടെ തെറ്റുകൾ അനുസ്മരിക്കുന്നു; അഥവാ, പ്രാപിച്ച നന്മകൾക്കു് യാഹ്‌വെയോടു നന്ദി പറയുന്നു. മൂന്നു സങ്കീത്തനങ്ങൾ (78, 105, 106) മാത്രമെ ഈ ഗണത്തിൽ ഉൾപ്പെടുത്തുന്നുള്ളു8. ക്രാവുസിന്റെ നിലപാടും ഇതുതന്നെ9. ഇവയുടെ കൂട്ടത്തിൽ സങ്കീത്തനങ്ങൾ 135 ഉം 136 ഉം കൂടി നാം ചർച്ച ചെയ്യുകയാണിവിടെ.

ഈ സങ്കീർത്തനങ്ങൾ താരതമ്യേന പില്ക്കാലത്തേതും പഞ്ചഗ്രന്ഥിയിലെ വിവരണങ്ങളെ പ്രത്യേകിച്ചും ആവത്തനപുസ്തകത്തെ 10 അധികരിച്ചുള്ളതാണെങ്കിലും യഹൂദമതത്തിന്റെ മുഖമുദ്ര അഥവാ അവരുടെ രക്ഷാകരചരിത്രപ്രതിപാദ്യങ്ങൾ മുതലായവ ആവിഷ്ക്കരിക്കുന്നുണ്ടു്.

ഈ സങ്കീത്തനങ്ങൾ അനുവാചകനിലുണത്തുന്ന പൊതുവായ ആശയം ഇതാണു്. തങ്ങളെ ഈജിപ്റ്റിൽനിന്നു മോചിച്ചതിനും മരുഭൂമിയിൽ കാത്തുപരിപാലിച്ചതിനും ചിലയിടങ്ങളിൽ, വാഗ്ദാനനാട്ടിലേയ്ക്കു് ആനയിച്ചതിനും യാഹ്‌വെയെ സ്തുതിക്കുകയാണു് ഇസ്രായേൽ. 78, 106, 135 എന്നീ സങ്കീത്തനങ്ങൾ ഈജിപ്റ്റിൽനിന്നുള്ള മോചനമാണു് രക്ഷാകരചരിത്രത്തിന്റെ ആരംഭമായി ചിത്രീകരിക്കുന്നതു് — ഇതാണെന്നു തോന്നുന്നു ഏററവും പഴക്കം ചെന്ന പാരമ്പര്യം. ജോസഫിന്റെ സംഭവവും ഉൾപ്പെടുത്തി പിതാക്കന്മാരുടെ പാരമ്പര്യങ്ങളെ പുനർവ്യാഖ്യാനിച്ചുകൊണ്ടും വാഗ്ദാന—പൂർത്തീകരണത്തിന്റെ ശൈലിയിൽ നമ്മുടെ മുമ്പിൽ അവതരിപ്പിച്ചുകൊണ്ടും രക്ഷാകരചരിത്രത്തെ പുറകോട്ടു തള്ളുകയാണു് 105–ാം സങ്കീത്തനം. ഉല്പ. 1:1–2:42 ലെ പുരോഹിതരചയിതാവി (priestly author) നെപ്പോലെ, കുറേക്കൂടി പ്രാചീനങ്ങളായ ഐതിഹ്യങ്ങളെ പുനർവ്യാഖ്യാനിച്ചുകൊണ്ടു് സൃഷ്ടിയെ രക്ഷാകരചരിത്രത്തിന്റെ പരിവേഷമണിയിക്കുകയാണു് 136–ാം സങ്കീർത്തനം. ഈ സങ്കീത്തനങ്ങളിൽ 'ഐതിഹാസി'കമായി കാണപ്പെടുന്ന മുഖ്യവിഷയങ്ങൾ ഈജിപ്റ്റിലെ ആദ്യജാതരുടെ സംഹാരം (78:43–51; 105:27–36; 106:21 f), ചെങ്കടൽ കടക്കുന്നതു് (78:13;



www.malankaralibrary.com

106:7_12), മേഘസ്തംഭവും അഗ്നിസ്തംഭവും (78:14; 105:39) പാറയിൽനിന്നുള്ള ജലം (78:15f; 105:41; 106:32), മന്നായും കാടപ്പക്ഷികളും (78:17_29; 105:40; 106:14f) എന്നിവയാണ്.

സീനായിമലയിലെ പ്രമാണദാനത്തിന് വലിയ പ്രാധാന്യം ഈ സങ്കീർത്തനങ്ങൾ കല്പിക്കുന്നില്ലെങ്കിലും അവ പ്രസ്തുത സംഭവം പരാമർശിക്കുന്നില്ലെന്നു പറയുക സാദ്ധ്യമല്ല. കാരണം, സങ്കീ. 106:19 ലെ കാളക്കുട്ടിയെക്കുറിച്ചുള്ള പരാമർശവും തുടർന്നുവരുന്ന വാക്യങ്ങളിലെ തങ്ങളുടെ രക്ഷകനായ ദൈവത്തെ മറന്നുപോയി എന്ന പ്രസ്താവനകളും സീനായി ഉടമ്പടിയെ അനുസ്മരിപ്പിക്കുന്നു. സങ്കീ. 78 ലെ 5_ാം വാക്യത്തിൽ സാക്ഷ്യത്തേയും നിയമത്തേയും (Torah) കുറിച്ച് പരാമർശങ്ങളുണ്ട്. 10_ാം വാക്യത്തിൽ ഇവയുടെ സമാനപദങ്ങളും കാണാം.

യാഹ്‌വെയുടെ വചനങ്ങളെ അഥവാ പ്രമാണങ്ങളെ അവിടുത്തെ പ്രവൃത്തികളിൽനിന്ന് വേർതിരിക്കുന്നത് തെററാണ്. കാരണം, യഹൂദചരിത്രം വിശ്രമിക്കുന്ന കമാനത്തിൻെറ, രണ്ടു തുല്യപ്രധാനങ്ങളായ അടിസ്ഥാനങ്ങളാണവ. A. Weiser ഇവയെ ചരിത്രവും നിയമവുമായി താദാത്മ്യപ്പെടുത്തുന്നു. യാഹ്‌വെയുടെ വചനങ്ങളെപ്പോലെതന്നെ അവിടുത്തെ പ്രവൃത്തികളും ഇസ്രായേലിന് പഠനവിഷയങ്ങളായിരുന്നു.

ഇസ്രായേലിൻെറ രക്ഷാകരചരിത്രത്തിൽ യാഹ്‌വെ ചെയ്ത അത്ഭുതകൃത്യങ്ങളിലെല്ലാം സ്വന്തം നന്മയും കാരുണ്യവും നിത്യമായ ഉടമ്പടി സ്നേഹവുമാണ് അവിടുന്നു വെളിപ്പെടുത്തിയതു്. സങ്കീ. 136 ലെ പട്ടികയിൽ ഇക്കാര്യം അനുസ്മരിക്കപ്പെടുന്നു. "കർത്താവു നല്ലവനാകയാൽ, അവിടുത്തെ സ്തുതിക്കുവിൻ; എന്തെന്നാൽ അവിടുത്തെ കാരുണ്യം അനന്തമാണ്" (136:1). ഇസ്രായേലിനു യാഹ്‌വെ ചെയ്ത ഇക്കാര്യങ്ങൾക്ക് പ്രതിനന്ദിയായി അവർ അവിടുത്തെ മഹത്കൃത്യങ്ങൾ സദാ സ്മരിക്കുകയും (സങ്കീ. 105:5a) അവിടുത്തെ വിശുദ്ധനാമത്തിൽ അഭിമാനം കൊള്ളുകയും (സങ്കീ. 105:3a) അവിടുത്തെ പ്രവൃത്തികൾ ജനസമക്ഷം ഉദ്ഘോഷിക്കുകയും വേണം (സങ്കീ. 105:1).

യാഹ്‌വെ ഇസ്രായേലിനു ചെയ്തവയെല്ലാം കൃത്യമായി നിർണ്ണയിക്കുവാൻ മാനുഷികകഴിവുകൾ അശക്തമാണെന്നും അവിടുത്തെ എന്തുമാത്രം സ്തുതിച്ചാലും അതധികമാവുകയില്ലെന്നും സങ്കീർത്തകനറിയാം. തന്മൂലം അദ്ദേഹം ചോദിക്കുന്നു:

> "കർത്താവിൻെറ സുശക്തകൃത്യങ്ങൾ ആരു വർണ്ണിക്കാം? അവിടുത്തെ സ്തുതികൾ ആരു വിവരിക്കാം"? (106:2).

www.malankaralibrary.com

## സൃഷ്ടി സംബന്ധിച്ച കീർത്തനങ്ങൾ

വാസ്തവം പറഞ്ഞാൽ രണ്ടു സങ്കീർത്തനങ്ങളേ_ സങ്കീ. 19: 1_6 (19 A എന്നു പറഞ്ഞതു്) ഉം, സങ്കീ. 104 ഉം_സൃഷ്ടി യെപ്പററി വ്യക്തമായി പ്രതിപാദിക്കുന്നുള്ളു. അവ രണ്ടും, അതിശയിപ്പിക്കത്തക്കവിധം വൈദേശീയരൂപത്തെ ആശ്രയിച്ചാണു് രൂപംകൊണ്ടതും. ഷമാഷ് (Shamash) എന്ന സൂര്യദേവനെ അസ്സീറിയാക്കാർ ആരാധിച്ചിരുന്നു; സുമേറിയായിൽ ഈ സൂര്യദേവൻെറ നാമം ഉടു (Utu) അല്ലെങ്കിൽ ബാബാർ (Babbar) എന്നായിരുന്നു. മാത്രമല്ല ഈ രണ്ടു സംസ്ക്കാരങ്ങളിലും അവരുടെ പേരിലുള്ള കീർത്തനങ്ങൾ നിലവിലുണ്ടുതാനും11. എന്നാൽ ഈജിപ്ററിൽ റാ (Ra) സൂര്യദേവനായിരുന്നുവെങ്കിലും അപ്രകാരം കീർത്തനങ്ങൾ നിലവിലില്ല. ലോകത്തിൽ ആദ്യമായി ഏകദേവതാവാദം കൊണ്ടുവന്ന, ബഹുദേവതാവാദം അവസാനിപ്പിച്ച അമെൻഹൊട്ടെപ്പ് IV (Amenhotep IV) എന്ന ഫറവോ രാജാവിൻെറ കീർത്തനവുമായി സങ്കീ. 104 നു് വ്യക്തമായ സാദൃശ്യമുണ്ടു്. അദ്ദേഹം ഈജിപ്തിലെ എല്ലാ ദൈവങ്ങളേയും പുനർദൈവീകരിച്ചു. അദ്ദേഹത്തിൻെറ പേരു് Akh-en-aton എന്നാക്കി. (ഒരു പക്ഷെ അതിൻെറ അർത്ഥം 'Aton' നു് സേവചെയ്യുന്നവൻ എന്നായിരിക്കാം). അദ്ദേഹം പ്രജകളെല്ലാവരോടും Aton നെ ആരാധിക്കുവാൻ കല്പിച്ചു12.

സൃഷ്ടിയിൽ നാം കാണുന്ന ദൈവശാസ്ത്രപരമായ പ്രശ്നം ഇസ്രായേലിൽ ഒരിക്കലും കണ്ടിരുന്നില്ല. ഇസ്രായേൽക്കാർ പ്രധാനമായി കരുതിയതു് രക്ഷയെപ്പററിയാണു്. വാസ്തവത്തിൽ സൃഷ്ടിയുടെ ആദ്യവിവരണത്തിൽത്തന്നെ രക്ഷാകരചരിത്രമാണു് വിവരിച്ചിരിക്കുന്നതു്. അതിനാലാണു് A weiser പറഞ്ഞതു്: "യാഹ്വെയുടെ രക്ഷണീയകൃത്യങ്ങൾ വിവരിക്കുന്ന വിധത്തിൽ, യാഹ്വെ സ്രഷ്ടാവാണു് എന്ന സ്തുതിപ്പുകൾ ഈ കീർത്തനങ്ങളിൽ കാണുന്നില്ല." അദ്ദേഹം തുടരുന്നു: "വാസ്തവത്തിൽ, ഈ കീർത്തനത്തിൻെറ സ്വന്തമായ ഒരു അർത്ഥമെന്ന നിലയിൽ സങ്കീർത്തനം 19 ഉം, 104 ഉം, മാത്രമെ സൃഷ്ടിയുടെ ആശയം വ്യക്തമാക്കുന്നുള്ളു; മാത്രമല്ല, ഈ രണ്ടു കീർത്തനങ്ങളുടെ പ്രതിപാദ്യവിഷയങ്ങളും വൈദേശീയരീതിയെ അനുകരിച്ചു് എഴുതിയതുപോലെ തോന്നുന്നു"13.

സങ്കീ. 19 A ദൈവസ്തുതിപ്പാണു്; ആകാശത്തെ സൃഷ്ടിച്ച ദൈവത്തെ അതു് സ്തുതിക്കുന്നു. പ്രധാനമായും സൂര്യനെ സൃഷ്ടിച്ച സൃഷ്ടികർത്താവിനെ. ഈ സൂര്യനെ ഉപമിച്ചിരിക്കുന്നതു് ഒരു വരനോടാണു്; വധുവിനെ വേഗം സന്ദർശിക്കുവാൻ കൊതിക്കുന്ന വരനോടു്. പിന്നീടു് ഒരു കായികതാരം തൻെറ ഓട്ടം പൂർത്തിയാക്കാൻ ഓടുന്നതിനോടും. രാത്രികാലത്തെ ആകാശ

www.malankaralibrary.com

ത്തിനു് ചന്ദ്രനും താരങ്ങളുമുണ്ടു്. ഇതെല്ലാം ദൈവത്തിന്റെ "കരവേല"യാണു് (സങ്കീ. 9:2). ഈ വാക്യം സങ്കീ.8:7 നോടു് ഒത്തുപോകുന്നതും സങ്കീ 8:4 ലെ "കൈവിരലുകളുടെ വേല" എന്നതിനു് സമവുമാണു്. ഇതിനും പുറമെ സങ്കീ. 19 A അനുസരിച്ചു് ഇതെല്ലാം ദൈവത്തിന്റെ സൃഷ്ടവസ്തുക്കളാണു്. (യാഹ്‌വെ എന്ന നാമം ഉപയോഗിക്കുന്നില്ല). അവ ദൈവമഹത്വം വിളിച്ചറിയിക്കുന്നു (സങ്കീ 19:2); ഒരു ശബ്ദംപോലും ഉണ്ടാക്കാതെ (സങ്കീ. 19:3f).

104-ാം സങ്കീർത്തനം ആകാശത്തിലും ഭൂമിയിലുമുള്ള സർവ്വവും സൃഷ്ടിച്ച ബുദ്ധിമാനായ യാഹ്‌വെയുടെ നാമത്തിലുള്ള ഒരു കീർത്തനമാണു് (വാ. 24). സ്നേഹമസൃണവും, ചിന്തനീയവുമായ യാഹ്‌വെയുടെ സംരക്ഷണം ഈ കീർത്തനത്തിന്റെ വേറൊരു പ്രധാനഭാഗമാണു്. കാരണം യാഹ്‌വെ സ്ഥിരവും സുരക്ഷിതവുമായ ഒരു സ്ഥലത്തു് വസിപ്പിച്ചുകൊണ്ടു് അവനെ സംരക്ഷിക്കുന്നു (വാ. 5-9). അവിടുന്നു് വെള്ളവും, പുല്ലും നല്കിക്കൊണ്ടു് വനത്തിലെ മൃഗങ്ങളെ സംരക്ഷിക്കുന്നു (വാ. 10-11-14). മനുഷ്യനു് ആഹാരം നല്കി അവനെ ബലവാനാക്കുന്നു; വീഞ്ഞു നല്കി സന്തോഷിപ്പിക്കുന്നു; എണ്ണ നല്കി ഉന്മേഷവാനാക്കുന്നു (വാ. 14f). ചുരുക്കത്തിൽ, "വർഷം മുഴുവൻ എല്ലാ വസ്തുക്കളും അവയുടെ ആഹാരത്തിനായി നിന്നെ ആശ്രയിച്ചാണിരിക്കുന്നതു്" (വാ. 27). സൃഷ്ടി എന്നതു് വാസ്തവത്തിൽ ദൈവം ഏകവും വ്യക്തിഗതവുമായി പണ്ടൊരിക്കൽ ചെയ്ത ഒരു പ്രവൃത്തിയല്ല. പിന്നെയോ എന്നും നവീകരിക്കപ്പെട്ടുകൊണ്ടിരിക്കുന്ന, ജീവിക്കുന്ന, തുടർന്നുകൊണ്ടിരിക്കുന്ന ഒരു പ്രതിഭാസമാണു്. സങ്കീർത്തകന്റെ വാക്കുകളിൽ, "അങ്ങു് അവിടുത്തെ ചൈതന്യം (അരൂപിയുമാകാം) അയയ്ക്കുമ്പോൾ അവ സൃഷ്ടിക്കപ്പെടുന്നു. ഭൂമിയുടെ മുഖം അങ്ങു് നവീകരിക്കുന്നു" (വാ. 30).

സൃഷ്ടി എന്നതു് അവിരാമമായ ഒരു പ്രതിഭാസമായതിനാൽ സങ്കീർത്തകനു് യാഹ്‌വെയുടെ നന്മയോടുള്ള മനോഭാവം നിരന്തരമായ സ്തുതിയുടേയും നന്ദിയുടേതുമാണു്. "ആയുഷ്കാലമൊക്കെയും ഞാൻ കർത്താവിനെ പാടിസ്തുതിക്കാം; ജീവിച്ചിരിക്കുന്നിടത്തോളംകാലം ഞാൻ കർത്താവിനു കീർത്തനം പാടും" (വാ. 33).

## നിയമ (തോറാ) കീർത്തനങ്ങൾ

അവസാനമായി ഇവിടെ നാം പരിഗണിക്കേണ്ട ഉപവിഭാഗം നിയമസങ്കീർത്തനങ്ങൾ എന്ന പേരിൽ അറിയപ്പെടുന്നവയാണു്[14]. കൃത്യമായി പറഞ്ഞാൽ 19 ബി, 119 എന്നീ സങ്കീർത്തനങ്ങൾ മാത്രമെ ഇതിൽ ഉൾപ്പെടുന്നുള്ളു. വിജ്ഞാനപാരമ്പര്യം കൂടുതൽ കാണപ്പെടുന്നുണ്ടെങ്കിലും ഒന്നാം സങ്കീർത്തനവും

www.malankaralibrary.com

ഇവയിൽ ഉൾപ്പെടുത്താവുന്നതാണ്. 19b, സങ്കീർത്തനം 19-ാം സങ്കീർത്തനത്തേക്കാൾ കാവ്യാത്മകമാണ്. 119-ാമത്തേതിൽ വിജ്ഞാനമാനത്തോടൊപ്പം തന്നെ യാചനയുടേയും വിലാപത്തിൻേറയും കൃതജ്ഞതാപ്രകടനത്തിൻേറയും അനേക ഘടകങ്ങൾ ഉൾക്കൊള്ളുന്നു.

സങ്കീർത്തനം 19 ബിയിൽ തോറാ (Torah)യെ പ്രകാശത്തിലും മഹത്വത്തിലും വിശുദ്ധിയിലും സൂര്യനോടാണ് ഉപമിച്ചിരിക്കുന്നത്. ഇതു് അവതരണമായി എഴുതിച്ചേർത്തിരിക്കുന്ന 19 എയിലും കാണുവാനുണ്ടു്. യാഹ്‌വെയുടെ കല്പനകൾ പരിപൂർണ്ണവും വിശ്വസ്തവും ഋജുവും വ്യക്തവും നിഷ്കളങ്കവും സത്യവും നീതിയുക്തവുമാണ്. അവ ആത്മാവിനു് നവജീവനും ഭോഷന്മാർക്കു് വിജ്ഞാനവും ഹൃദയത്തിനു് സന്തോഷവും കണ്ണുകൾക്കു് പ്രകാശവുമാകുന്നു. യാഹ്‌വെയുടെ നിയമങ്ങളെ സ്തുതിക്കുന്നവയിൽ സങ്കീർത്തകൻ വികാരവിവശനാകുന്നു.

....“അവ പൊന്നിലും തങ്കക്കൂമ്പാരത്തിലും അഭിലഷണീയവും
....തേനിലും തേൻകട്ടയിലും മാധുര്യമുള്ളവയുമത്രേ.”

(സങ്കീ. 19: 10).

കഠിനാദ്ധ്വാനിയും നിയമങ്ങളോട്ടു് വിശ്വസ്തത പുലർത്തുന്നവനുമായ ഒരു വിദ്യാർത്ഥിയുടെ, അസ്വാഭാവികവും വളരെ ദൈർഘ്യമേറിയതുമായ ഒരു കൃതിയാണ് 119-ാം സങ്കീർത്തനം. 176 വാക്യങ്ങളോട്ടുകൂടിയ ഇതു് നമ്മുടെ സങ്കീർത്തനമാലയിലെ ഏററവും നീളംകൂടിയ സങ്കീർത്തനമാണ്. ഇതു് അക്ഷരമാലാടിസ്ഥാനത്തിലുള്ള ഒരു സങ്കീർത്തനമാണ്. ഓരോ അക്ഷരം ഉപയോഗിച്ചും എട്ടു വാക്യങ്ങൾ വീതം എഴുതിയിട്ടുണ്ടു്. കവിത (Poetry)എന്നതിലുപരി ഇതു് പദ്യനിർമ്മാണ (Versification)മാണ്. 1 മുതൽ 16 വരെയുള്ള വാക്യങ്ങളിൽ നിയമത്തിനു് പത്തു് പര്യായങ്ങൾ ഉപയോഗിച്ചിട്ടുള്ളതായി കാണാം. Torah (നിയമം, പ്രബോധനം), edot (സാക്ഷ്യം, ഡിക്രി,) derakim (വഴികൾ), Piqqudim (Precepts, അനുമാനങ്ങൾ), huqqim (statutes), miswot (കല്പനകൾ), msshpatim (പരമ്പരാഗത നിയമങ്ങൾ, വിധികൾ,) debarim(വാക്കുകൾ, നിർദ്ദേശങ്ങൾ), imra (പ്രഘോഷണം. വാക്കു്, വാഗ്ദാനം), orhot (വഴികൾ).

യാഹ്‌വെയുടെ നിയമങ്ങൾ അവൻെറ ജനപദങ്ങൾക്കു് ഒരു ഭാരമല്ല; നേരെമറിച്ചു് അവ അവരെ സ്വതന്ത്രരാക്കുകയാണ്. സങ്കീർത്തകൻ പറയുന്നു:

“അങ്ങയുടെ കല്പനകൾ അന്വേഷിക്കുന്നതിനാൽ
സ്വതന്ത്രനായി ഞാൻ നടക്കും” (വാ. 45).

യാഹ്‌വെയുടെ നിയമങ്ങളെ സങ്കീർത്തകൻ സ്നേഹിക്കുന്നു (വാ. 47). കാരണം, അവയെ സ്നേഹിക്കുന്നവർക്കു് സമാധാ

www.malankaralibrary.com

നം ലഭിക്കുന്നു (വാ. 65). അവ അവൻെറ ഹൃദയത്തെ ആനന്ദിപ്പിക്കുകയും അവയിൽ അവൻ സന്തോഷം കണ്ടെത്തുകയും ചെയ്യുന്നു. 'sus' (ആനന്ദിക്കുക) എന്ന ക്രിയാരൂപം വാ. 14—ലും: "അങ്ങേ കല്പനകളിലാണ് എൻെറ ആനന്ദം" വാ. 162—ലും "അങ്ങയുടെ വാഗ്ദാനത്തിൽ ഞാൻ ആനന്ദിക്കുന്നു" കാണുന്നു. നാമരൂപം 111—ാമത്തെ വാക്യത്തിൽ മാത്രമെ കാണുന്നുള്ളു. യാഹ്‌വെയുടെ കല്പനകൾ എൻെറ ഹൃദയാനന്ദമാണ് (Seson libbi). എന്നാൽ Shaashua (ആനന്ദം) എന്ന വാക്ക് ഒരു പല്ലവിപോലെ 24, 77, 92, 143, 174. തുടങ്ങിയ വാക്യങ്ങളിൽ കാണുന്നു.

"ആനന്ദം" എന്ന ആശയം ആകെക്കൂടി പന്ത്രണ്ടു വിധങ്ങളിൽ പ്രകാശിപ്പിച്ചിട്ടുണ്ട്. 19 ബി സങ്കീർത്തനത്തിലേതുപോലെതന്നെ ഇവിടേയും യാഹ്‌വെയുടെ കല്പനകൾ സ്വർണ്ണത്തേയും വെള്ളിയേയുംകാൾ മൂല്യമുള്ളതും (വാ. 72) തേനിനേക്കാൾ മധുരമുള്ളതുമാണ് (വാ. 103). അവ അവനെ തൻെറ എതിരാളികളെക്കാൾ വിജ്ഞാനിയും തൻെറ നിയമദാതാക്കളെക്കാൾ ബുദ്ധിശാലിയുമാക്കുന്നു (വാ. 98). അവ അവനെ പ്രായമായവരെക്കാൾ വിവേകമതിയുമാക്കുന്നു (വാ.98—100). തൻെറ കല്പനകളിൽക്കൂടി യാഹ്‌വെ അവനെ ജീവിപ്പിക്കുന്നു (വാ. 93). അവിടുത്തെ പ്രബോധനങ്ങൾ അവൻെറ കാലുകൾക്ക് ജീവൻെറ വഴിയിലേക്കുള്ള ഒരു വിളക്കുമായിരിക്കും (വാ. 105).

ഈ അത്യാനന്ദക വിശേഷണങ്ങളും, നിയമങ്ങളുടെ വിശേഷണങ്ങളും വിശദീകരണങ്ങളും, യാഹ്‌വെയുടെ പ്രമാണങ്ങളും നിർദ്ദേശങ്ങളും, പരിചിന്തിക്കുന്നതു് അന്തിമമായി, അവിടുത്തെ നന്മ, സ്നേഹം, ഇസ്രായേലിനോടുള്ള രക്ഷാകരചിത്തം എന്നിവയെക്കുറിച്ചാണ്. ഇതു് Torah—യുടെ നിഷ്പക്ഷവും നിയമാനുസൃതവുമായ വ്യാഖ്യാനത്തിനു് അവശ്യമാവശ്യമായ ഒരു മറുവശമായി പരിണമിക്കുകയും ചെയ്യുന്നു.

ഈ രണ്ടു കീർത്തനങ്ങളും നേരിട്ടു് തോറായുടെ സ്തുതിപ്പുകളാണെങ്കിലും വാസ്തവത്തിൽ അവ സീനായ്മലയിൽവച്ച് മോശയുടെ കരങ്ങൾവഴി ഇസ്രായേലിനു് ഈ മഹനീയദാനം നൽകിയ യാഹ്‌വെയുടെ സ്തുതിപ്പും പുകഴ്ചയുമാണ്. ആവർത്തനപുസ്തകത്തിൽ ഇസ്രായേൽ സമൂഹത്തോടു് മോശ പറയുന്നതുപോലെ, "നമ്മുടെ എല്ലാ യാചനകൾക്കും നമ്മുടെ ദൈവം സമീപസ്ഥമായിരിക്കുന്നപോലെ തങ്ങളുടെ ദേവന്മാർ സമീപസ്ഥരായ വേറൊരു ജനതയില്ല. ഞാൻ ഇന്നു നിങ്ങൾക്കു നൽകുന്ന ആചാരങ്ങളും ന്യായവിധികളും നിയമങ്ങളുമുള്ള ഇത്ര ശ്രേഷ്ഠമായ വേറെ ഏതൊരു ജനതയാണുള്ളതു്? (ആവ. 4:7—8).

www.malankaralibrary.com

## ഉപസംഹാരം

ദൈവസ്തുതിയുടെ രൂപഭാവങ്ങളിൽ സങ്കീർത്തനങ്ങളും, സുമേറിയൻ_ അക്കാഡിയൻ കീർത്തനങ്ങളുംകൂ 15 സമാന്തരമാണെങ്കിലും അവ തമ്മിൽ അന്തരം ഉണ്ടെന്ന വസ്തുത നാം വിസ്മരിക്കരുതു്.

"സങ്കീർത്തനസമാഹാരത്തിലെ കീർത്തനങ്ങൾ സൃഷ്ടി, ചരിത്രം, വിധി മുതലായവയിലുള്ള ദൈവത്തിൻെറ മഹത്വം, ശക്തി, മാഹാത്മ്യം എന്നിവയെ പുകഴ്ത്തുകയും ബാബിലോണിയൻ പ്രാർത്ഥനകളിലെ കീർത്തനങ്ങളോടു് സാധാരണ കൂട്ടിച്ചേർക്കുന്ന അപേക്ഷകൾ പഴയനിയമത്തിൻെറ പശ്ചാത്തലത്തിൽ മാത്രം ഒതുങ്ങിനിൽക്കുകയും ചെയ്യുന്നുവെന്നുമുള്ളതു് സ്വാർത്ഥചിന്തയുടെ കണികപോലുമേൽക്കാത്തതും ദൈവത്തെ പ്രഖ്യാപിക്കുവാനും അവിടുന്നിൽ ലയിക്കുവാനും തയ്യാറുള്ള ഒരു വിശ്വാസത്തിൻെറ അവിഭാജ്യമായ ജീവാത്മകതയെ സ്പഷ്ടമാക്കുന്നു 16".

ചരിത്രത്തിൻെറ വിധാതാവായൊ പ്രകൃതിയുടെ നിയന്താവായൊ യാഹ്‌വെയെ പുകഴ്ത്തുമ്പോൾ സങ്കീർത്തകർ എന്തുമാത്രം ദൈവാനുഭൂതിയിൽ ലയിക്കുന്നുവെന്നു് ഈ പ്രബന്ധത്തിൽ നാം കണ്ടു. ഈ കീർത്തനങ്ങളിലെ പ്രതിപാദ്യം ഇസ്രായേൽ തങ്ങളുടെ ചരിത്രത്തിൽ ദർശിച്ച, തങ്ങളോടു് വ്യക്തിപരമായി ഒരു ബന്ധം സ്ഥാപിക്കുവാൻപോലും തുനിഞ്ഞ ദൈവത്തിൻെറ ഉടമ്പടിയിലധിഷ്ഠിതമായ സ്നേഹവും (hesed) വിശ്വസ്തതയുമാണു് (emet).

ഈ കണ്ണുനീർത്താഴ്‌വരയിലെ മനുഷ്യഹൃദയത്തിൻെറ തേങ്ങലുകളും വിലാപങ്ങളും ഹൃദയസ്പർശിയായ ഭാഷയിൽ കവികളും വിശുദ്ധരും ആവിഷ്ക്കരിച്ചിട്ടുണ്ടു്. എന്നാൽ വളരെക്കുറച്ചു കീർത്തനങ്ങൾ മാത്രമെ ഹെബ്രായ സങ്കീർത്തകരുടെ നിസ്വാർത്ഥമായ സ്തുതിപ്പുകളോടു് താരതമ്യപ്പെടുത്തുവാൻ കഴിയുകയുള്ളൂ. യഹ്‌വെയ്ക്കു് നൽകുന്ന ഈ സ്തുതികൾ അവിടുത്തെ പ്രസാദിപ്പിച്ചു് നമ്മുടെ അർത്ഥനകൾ പ്രാപിക്കുന്നതിനായുള്ള ഒരു മാർഗ്ഗമല്ല 17. യാഹ്‌വെയുടെ മഹത്വം, ശക്തി, അതീന്ദ്രിയത, വിശുദ്ധി, നന്മ മുതലായവ തങ്ങളെ ചിലപ്പോൾ സ്വയം മറന്നു് യാഹ്‌വെയുടെ സ്തുതിപ്പുകൾ പാടത്തക്കവിധം സ്വാധീനിക്കുന്നു.

"കർത്താവേ, ഞങ്ങളുടെ കർത്താവേ, ലോകമൊക്കെയിലും അങ്ങയുടെ നാമമെത്ര വിസ്മയനീയം" (സങ്കീ. 8: 2). "നമ്മുടെ ദൈവമായ കർത്താവിനെപ്പോലെ ആരുണ്ടു് (സങ്കീ. 113: 5).

www.malankaralibrary.com

യാഹ്‌വെയുടെ നന്മയും മഹത്വവും അനുഭവിച്ച സങ്കീർത്തകർ അവിടത്തെ സ്വയം പുകഴ്ത്തുക മാത്രമല്ല മററുള്ളവരെയും മററുള്ളവയെയുംകൂടി അതിനായി ക്ഷണിക്കുന്നു (സങ്കീ. 148).

യൂറോപ്യൻ ഭാഷകളിൽ ഏററവും പ്രചാരം സിദ്ധിച്ച ഹെബ്രായപദങ്ങളിലൊന്ന് അതിന്റെ ലത്തീൻരൂപത്തിൽ "ഹല്ലേലൂയ്യ" (Alleluia) ആണ് എന്നതിൽ അത്ഭുതപ്പെടാനില്ല. യാഹ്‌വെയെ ഞങ്ങൾ സ്തുതിക്കുന്നു എന്നതാണ് അതിന്റെ വാച്യാർത്ഥം.

റുയി ദ മെനസസ് എസ്. ജെ.

വിവ: ലൂക്ക് പൂത്തൃക്കയിൽ.

Notes:

1. H. Gunkel- J. Begrich, *Einleitung in die Psalmen,* Göttingen 1975, accepts only Ps 93, 97 and 99 under this category but gives cross references to Ps 47., 96 and 98.

H. J. Kraus, *Psalmen,* Neukirchen 1960, accepts Ps 47; 93; 96-99. The Soncino Bible accepts even more of them, viz. 93; 95-100. Ps 47 is not mentioned under this category but is entitled 'God the King' and mention is made of its being sung in the Synagogue on New Year's Day.

2. Gunkel-Begrich, *op. cit.*, p. 140.

3. H. J. Kraus, Psalmen, Neukirchen 1960, *Exkurs 4b: Wurde in Jerusalem ein 'Thronbestei gungsfeft Jahwes' gegeben?*, p. 202.

4. Gunkel-Begrich, *op. cit.*, p. 140.

5. A. Weiser, *Die Psalmen* ATD, Göttingen 7th rev. ed., p. 44s. The English translation however renders the expression as 'The Ideal Prince' The Grail translation of the Psalms has A Pattern for rulers'.

6. O. Eissfeldt, *Baal Zaphou, Zeus Kasios and der Durchzug der Israeliten durchs Meer: Beiträge zur Religionsgeschichte des Altertums* 1 (1932) 14ff. W. F. Albright, Baal Zaphon, *Festschrift A. Bertholet* (1950) pp. 2ff.

7. Gunkel-Begrich, *op.cit.*, p. 323.

8. *Ibid.*, p. 324 (See also footnote 1).

9. Kraus, *op. cit., Einleitung*, paragraph 6. n. 7, p. LIV.

10. Gunkel-Begrich, *op. cit.*, pp. 325f.

11. Kraus, *op. cit.*, pp. 156f.

12. *ANET* 369. 71.

13. A. Weiser, *The Psalms*, p. 60.

14. Kraus, *op. cit., Einleitung*, paragraph 6, n. 8, *Die Thorapsalmen*, p. LIV.

15. *Ibid.*, paragraph 6, n. 2, *Der Hymnus*, p. XLIV.

16. Weiser, *op. cit.*, p. 65.

17. *Ibid.*, p. 83, where he speaks of the flatteries in the Byablonian laments.

www.malankaralibrary.com

# സങ്കീർത്തനങ്ങൾ അഥവാ പ്രാർത്ഥിക്കുന്ന ഇസ്രായേൽ

വിശുദ്ധ ഗ്രന്ഥത്തിലെ സങ്കീർത്തനങ്ങൾ മതത്തിന്റെ അടിസ്ഥാനഘടകമല്ല; പ്രത്യുത, അതിന്റെ പ്രദ്യോതകമാണ്. മതം പഞ്ചഗ്രന്ഥിയിലടങ്ങിയിരിക്കുന്ന നിയമം ആധാരമാക്കി സംഘടിപ്പിച്ചിട്ടുള്ളതാണ്. അടുത്തതായി, ചരിത്രഗ്രന്ഥങ്ങൾ സമൂഹത്തിന്റെ, പ്രത്യേകിച്ചും, ദരിദ്രവിഭാഗങ്ങളുടെ, ദൈവനിയമാനുസാരിയായ പ്രവർത്തനങ്ങൾ പരാമർശിക്കുന്നു. ജനങ്ങളെ ദൈവത്തിങ്കലേയ്ക്കു് തിരിച്ചുകൊണ്ടുവരുവാൻ അവരുടെ വിധിയാളന്മാരായി അറിയപ്പെട്ടുന്നവരാണ്<sup></sup> പ്രവാചകന്മാർ. നിയമഗ്രന്ഥങ്ങൾ, ചരിത്രഗ്രന്ഥങ്ങൾ, പ്രവാചകഗ്രന്ഥങ്ങൾ എന്നിവയ്ക്കു പുറമെ പ്രവാചകരുടെ ഒരു മറുഘടകമെന്നപോലെ സങ്കീർത്തനപ്പുസ്തകവുമുണ്ട്. പ്രാർത്ഥനയിൽ ദൈവവുമായി സംയോജിക്കുന്ന ഇസ്രായേലിനെയാണ് നാമിതിൽ കാണുക. പഴയനിയമത്തിന്റെ ഹൃദയമെന്നും വിശുദ്ധ ഗ്രന്ഥഭക്തിയുടെ നിലക്കണ്ണാടിയെന്നും സങ്കീർത്തനങ്ങളെ വിളിക്കുന്നതു് തികച്ചും ന്യായമാണ്.

സങ്കീർത്തനങ്ങളെ വിശുദ്ധ ഗ്രന്ഥത്തിന്റെ മുഴുവൻ പശ്ചാത്തലത്തിലും കണ്ടതിനുശേഷം അടുത്തതായി അവയെത്തന്നെ, അവയുടെ ഉള്ളടക്കത്തെ നമുക്കു പരിശോധിക്കാം.

മററു പ്രാർത്ഥനകളിൽനിന്നു് വിഭിന്നങ്ങളാണ് സങ്കീർത്തനങ്ങൾ. കാരണം, അവ ദൈവനിവേശിതങ്ങളത്രെ. അതിനാൽ തന്നെ അവ പ്രാധാന്യമർഹിക്കുന്നു. ഉത്തമമായൊരു പ്രാർത്ഥന മനുഷ്യന്റെ ജീവിതസാഹചര്യങ്ങളിൽനിന്നു് ഉയിർക്കൊള്ളുന്നതായിരിക്കണം. പ്രസ്തുത സാഹചര്യങ്ങൾ വിശ്വസ്തതയോടും ഉദാരതയോടുംകൂടെ അഭിമുഖീകരിക്കാൻ കഴിവുററതുമായിരിക്കണം. ഇതു് തന്നെയാണ് സങ്കീർത്തനങ്ങൾവഴി സാധിച്ചിരിക്കുന്നതു്. സങ്കീർത്തനങ്ങൾ അവയുടെ സൂക്ഷ്മമായ വ്യാപ്തിയിൽ എല്ലാ മാനുഷികാനുഭവങ്ങൾക്കും രൂപവും ഭാവവും നൽകുവാൻ പോരുന്നവയാണ്. അടിസ്ഥാനപരമായി അവ വൈയക്തികാനുഭവങ്ങളായതുകൊണ്ടു് സാർവ്വത്രികമായ സ്വീകരണം അവയ്ക്കു ലഭ്യമായിട്ടുണ്ടു്. സ്വാത്മപ്രേരിതവും ക്രമീകൃതവുമായ പ്രാർത്ഥനകളുടെ സമാഹാരമെന്ന നിലയ്ക്കു സങ്കീർത്തനങ്ങളുടെ സ്ഥാനം അതുല്യമത്രെ.

www.malankaralibrary.com

മനുഷ്യാസ്തിത്വം മുഴുവൻ സ്പർശിക്കുന്ന മൂന്നു ആദ്ധ്യാത്മിക ഭാവങ്ങൾ അടിസ്ഥാനമാക്കി ആകെയുള്ള 150 സങ്കീർത്തനങ്ങളെ മൂന്നു മുഖ്യവിഭാഗങ്ങളായി തിരിക്കാം. ആവശ്യങ്ങളുടെ തീക്ഷ്ണതയും ദൈവസഹായമഭ്യർത്ഥിക്കേണ്ടതിന്റെ ആവശ്യകതയും നമുക്കനുഭവപ്പെടുന്ന അവസരങ്ങൾ കുറച്ചൊന്നുമല്ല. എണ്ണത്തിൽ ഏററവും കൂടുതലുള്ള (51) യാചനാസങ്കീർത്തനങ്ങളുടെ പ്രസക്തി ഇവിടെയാണ്. ഒരു വശത്ത് മനുഷ്യജീവിതത്തിലെ സന്തതസഹചാരികളായ പ്രയാസങ്ങൾ; മറുവശത്ത് ജീവിതം വിജയകരമാക്കുന്നതിനു നമ്മെ സഹായിക്കാനുള്ള സങ്കീർത്തനങ്ങൾ. നമുക്ക് ജീവിതത്തിൽ ഏററവും കൂടുതൽ ലഭിക്കുന്നതുതന്നെ ഏററവും കൂടുതൽ സങ്കീർത്തനങ്ങളിൽനിന്നും ലഭിക്കുന്നു.

ദൈവം നമ്മുടെ സഹായാർത്ഥനകൾക്കു പ്രത്യുത്തരം നൽകുമ്പോൾ—അവിടുന്നു സദാ അങ്ങനെ ചെയ്യുന്നു, സ്വന്തം രീതിയിലാണെങ്കിലും— നമ്മുടെ ഭാഗത്തുനിന്നു ചെയ്യാനുള്ളത് അവിടുത്തേക്ക് കൃതജ്ഞത പ്രകാശിപ്പിക്കലാണ്. ഇങ്ങനെ കൃതജ്ഞതാപ്രകാശനസങ്കീർത്തനങ്ങൾ യാചനാസങ്കീർത്തനങ്ങളുടെ മറുഘടകങ്ങളായിത്തീരുന്നു.

പ്രാർത്ഥനകളിൽ ദൈവികനിർവൃതിയിലാമഗ്നരായി നാം സ്വന്തം തനിമയെ വിസ്മരിക്കുന്ന സന്ദർഭങ്ങളുണ്ടാകും. തദവസരത്തിൽ നാം സ്വന്തം ആവശ്യങ്ങൾ മറക്കുകയും ദൈവത്തിന്റെ മഹത്വം, ശക്തി, സ്നേഹം എന്നിവയെക്കുറിച്ചുമാത്രം ചിന്തിക്കുകയും ചെയ്യും. ഇത്തരുണത്തിൽ ദൈവത്തിന്റെ അപ്രതിരോധ്യവും സർവ്വവ്യാപകവുമായ മഹത്വത്തെമാത്രം സങ്കീർത്തകൻ ഉദ്ഗാനം ചെയ്യുന്നു. സ്തുതിപ്പുകളുടെ ഉള്ളടക്കം ഇതാണ്.

വേറൊരു ലേഖനത്തിനു വിഷയമാക്കാവുന്ന ഇതരസങ്കീർത്തനവിഭാഗങ്ങൾ— അവയെ ഞാൻ അനാഥസങ്കീർത്തനങ്ങൾ എന്നാണു വിളിക്കുന്നത്— ഉപേക്ഷിച്ചുകൊണ്ട് മുകളിൽ പറഞ്ഞ മൂന്നു വിഭാഗങ്ങളെക്കുറിച്ച് പ്രതിപാദിക്കാം.

വിവേകിയായ ഒരു മനുഷ്യന്റെ, അപകടസന്ധിയിലും ആവശ്യങ്ങളിലുമുള്ള പ്രതികരണം എന്ന് യാചനാസങ്കീർത്തനങ്ങളെ നിർവ്വചിക്കാം. പ്രഥമവും പ്രധാനവുമായി അവന്റെ പ്രതികരണം ദൈവോന്മുഖമാണ്. സങ്കീർത്തകന്റെ ജീവിതത്തിൽ പ്രാർത്ഥനവെറും ഉപരിപ്ലവമല്ല, സർവ്വപ്രധാനമാണ്; അധികമായ ഒന്നല്ല, അവശ്യമായതാണ്. അദ്ദേഹം ഏററവും ആദ്യം ആശ്രയിക്കുക പ്രാർത്ഥനയിലാണ്. മാനുഷിക ശക്തിയും സ്വാഭാവികമാർഗ്ഗങ്ങളുമുണ്ടെങ്കിലും അവയ്ക്കു രണ്ടാം സ്ഥാനമേയുള്ളൂ.

www.malankaralibrary.com

ആമുഖം, മുഖ്യഭാഗം, ഉപസംഹാരം എന്നിവ എല്ലാ യാചനാസങ്കീർത്തനങ്ങളിലും കാണുന്നുണ്ട്. ഇതു സങ്കീർത്തകന്റെ മുൻകൂട്ടി തയ്യാറാക്കിയ പഠനമല്ല; പ്രത്യുത, പ്രാർത്ഥനയിലുള്ള സ്വാഭാവികമായ പ്രവാഹം മാത്രമാണ്. ഹൃദയത്തിന്റെ താളാത്മകതയ്ക്കു് സ്വതന്ത്രമായും സുരക്ഷിതമായും അദ്ദേഹം സ്വയം സമർപ്പിക്കുന്നു.

'യാഹ്‌വെ'–തർജ്ജമകളിൽ കർത്താവു് എന്നു കാണുന്നു– എന്നു് ദൈവത്തെ വിളിക്കുന്നതു് എല്ലാ ആമുഖങ്ങളിലുമുണ്ടു്. പ്രാരംഭത്തിലുള്ള ഈ ദൈവനാമോച്ചാരണം പ്രാർത്ഥനയിൽ ഏററവും മൗലികമായ ദൈവവുമായുള്ള ഐക്യം സ്ഥാപിക്കുന്നതിനു പുറമെ പ്രാർത്ഥനയുടെ ഫലം തനിക്കു് അനുകൂലമായിരിക്കുമെന്ന ഒരു പ്രതീക്ഷ സങ്കീർത്തകനിൽ അങ്കുരിപ്പിക്കുകയും ചെയ്യുന്നു. നിരുപാധികമായി തങ്ങളെ സഹായിക്കാൻ സദാ സന്നദ്ധനും, താനാഗ്രഹിക്കുന്നതുപോലെ പ്രവർത്തിക്കാൻ പൂർണ്ണസ്വാതന്ത്ര്യമുള്ളവനുമാണു് യാഹ്‌വെയെന്നു് ഇസ്രായേൽക്കാർ അറിഞ്ഞു (പുറ. 3:13–15). ദൈവത്തിന്റെ ഔദാര്യവലയത്തിൽ കയറിപ്പററാനുള്ള ഏററം സുകരമായ മാർഗ്ഗമായിരുന്നു, ഈ പ്രഖ്യാപനം.

സങ്കീർത്തകനെ അലട്ടുന്ന പ്രയാസത്തിന്റെ വിവരണമാണു് സങ്കീർത്തനത്തിലെ മുഖ്യഭാഗം. പ്രയാസങ്ങൾ, മർദ്ദനം (സങ്കീ. 3), ക്ഷാമം (സങ്കീ. 4), രോഗം (സങ്കീ. 6) എന്നിങ്ങനെ പലതുമാകാം. അദ്ദേഹത്തിന്റെ വർണ്ണന സജീവവും ഹൃദയസ്പർശിയുമായിരിക്കും. കാരണം സ്വന്തം ആത്മാവിന്റെ നൊമ്പരങ്ങളാണു് അദ്ദേഹം വരച്ചുകാട്ടുന്നതു്, സ്വന്തം രക്തം കൊണ്ടെഴുതിയാലെന്നപോലെ. ഇതിനെ തുടർന്നു് തീവ്രമായ പരാതികളാണു്. വേദനയുടെ ആധിക്യം പരാതികളെ നിർബ്ബന്ധപരവും വർണ്ണപ്പകിട്ടാർന്നതുമാക്കുന്നു. "കർത്താവേ, ഉണരുക" (7:6). "എന്തുകൊണ്ടു് അങ്ങു ദൂരെ നില്ക്കുന്നു?" (10:1). "കർത്താവേ, പുറം തിരിയുക" (6:4). "എന്തുകൊണ്ടാണു് അങ്ങു് ഉറങ്ങുന്നതു്" (44:23).

മനുഷ്യസദൃശമായ ഈ പരാതികൾ പ്രതിഫലിപ്പിക്കുന്നതു് മനുഷ്യന്റെ അനുഭവത്തിലെ വേദനയുടെ വാസ്തവികതയും തീവ്രതയുമാണു്. നമ്മുടെ ആവശ്യങ്ങൾ പരിഗണിക്കാത്ത നിഷ്ക്രിയനായ ഒരു കാഴ്ചക്കാരൻ, മനുഷ്യനീതിക്കുവേണ്ടി സ്വരമുയർത്തേണ്ടപ്പോൾ മൗനം ദീക്ഷിക്കുന്നവൻ, കർമ്മോത്സുകനാകേണ്ടപ്പോൾ അലസനായിരിക്കുന്നവൻ, നമ്മുടെ വ്യക്തിപരമായ ജീവിതത്തിലും ലോകത്തിലുമുള്ള പ്രശ്നങ്ങളെ പരിഹരിക്കാത്തവൻ എന്നിങ്ങനെ എത്രയോ പ്രാവശ്യം നാം ദൈവത്തെക്കുറിച്ചു് വിചാരിച്ചിട്ടുണ്ടു്! ഒരു വ്യക്തിക്കുവേണ്ടി

www.malankaralibrary.com

നമുക്കൊന്നും ചെയ്യുവാനില്ലാത്തപ്പോൾ നാം അവനിൽനിന്നും മുഖം തിരിച്ചുകളയും. ദൈവവും ഇതുതന്നെ ചെയ്യുന്നുവെന്നാണ് നമ്മുടെ പരാതി. സഹായം ഏററവും ആവശ്യമുള്ളപ്പോൾ അവിടുന്ന് പുറം തിരിക്കുന്നുവെന്നാണ് നമ്മുടെ തോന്നൽ. ആകയാൽ സങ്കീർത്തകൻ അപേക്ഷിക്കുന്നു, "കർത്താവേ, തിരിയുക," ദയവായി, എൻെറ നേരെ, നോക്കുക, സുസ്മേരത്തോടെ എന്നെ കടാക്ഷിക്കുക. ഹൃദയഭേദകങ്ങളായ ഈ പരാതികളിൽ സങ്കീർത്തകൻ പ്രകാശിപ്പിക്കുന്നതു് സ്വന്തം വികാരങ്ങളാണ്, അദ്ദേഹത്തിൻെറ തന്നെ ഒരു ഭാഗമാണ്; എന്നാൽ തന്നെത്തന്നെ മുഴുവനായോ ഏററവും പ്രധാനപ്പെട്ട ഭാഗമോ അല്ല. അതുകൊണ്ടാണ് അദ്ദേഹത്തിൻെറ വികാരങ്ങളുടെ പ്രകാശനത്തെ തുടർന്ന് പ്രയാസത്തിൻെറ കാഠിന്യമനുസരിച്ച് സാവധാനത്തിലോ വേഗത്തിലോ വിശ്വാസത്തിൻെറ പ്രകാശനവും ചേർത്തിട്ടുള്ളതു്. സദാ സർവ്വശ്രീലാളിതമാകുന്ന വിശ്വാസവും വികാരങ്ങളും തമ്മിലുള്ള സംഘട്ടനം യാചനാസങ്കീർത്തനങ്ങളിൽ പതിവായികാണുന്ന ഒരു സവിശേഷതയാണ്. ജീവിതത്തിൽ നിശ്ചലമായി നില്ക്കാതെ നടന്നു നീങ്ങേണ്ട അവസരങ്ങളുമുണ്ട്.

അനുയോജ്യരല്ലാത്ത ഉദ്യോഗാർത്ഥികളുടെ അപേക്ഷകൾ നിരസിക്കപ്പെടുന്നതുപോലെതന്നെ ശക്തമായ കാരണങ്ങൾ വ്യക്തമാക്കാതെയുള്ള സഹായാഭ്യർത്ഥനകളും നിഷ്ഫലമായിത്തീരും. ഈ നടപടി ദൈവത്തോടുള്ള തൻെറ സമീപനത്തിലും സംഭവിച്ചേക്കാമെന്ന് സങ്കീർത്തകനു തോന്നുന്നു. അതിനാൽ തൻെറ അഭ്യർത്ഥനകൾക്ക് ഉപോദ്ബലകമായ കാരണങ്ങൾ കൂടി വ്യക്തമാക്കാൻ അദ്ദേഹം വ്യഗ്രത കാട്ടുന്നു. ദൈവതിരുമുമ്പിൽ തൻെറ യോഗ്യതകൾ അദ്ദേഹം അവതരിപ്പിക്കുന്നു. ഈ ദൃശമായ അനേകം യോഗ്യതകളിൽ ഒന്ന് ദൈവം പ്രാർത്ഥനകൾ കൈക്കൊള്ളുമെന്ന അചഞ്ചലവിശ്വാസമാണ്. മുൻകാല പ്രാർത്ഥനകളെല്ലാം അവിടുന്ന് ശ്രവിച്ചിട്ടുണ്ട് എന്നതാണ് ഈ വിശ്വാസത്തിനടിസ്ഥാനം. "കർത്താവേ, ഭൂതകാലങ്ങളിൽ അങ്ങുന്ന് എന്നെ സഹായിച്ചു; തുടർന്നും അതുതന്നെ ചെയ്യണമേ. ഇപ്പോൾ എന്നെ സഹായിക്കണമേ" (സങ്കീ. 4:1) എന്നു പറയുന്നതുപോലെയാണതു്. ഇത്തരം നല്ല അഭിപ്രായം, ദൈവത്തെയെന്നല്ല ഏതൊരു ബോധമുള്ള മനുഷ്യനേയും സഹായം ചെയ്യുവാൻ പ്രേരിപ്പിക്കും. ഇതിൻെറ ആഴമായ അർത്ഥം, ദൈവം നമുക്ക് ആരായിരുന്നുവെന്ന് നാം ചിന്തിച്ചിരുന്നുവോ അതു തന്നെയാണ് ഇപ്പോഴും എന്നത്രെ. സുവിശേഷഭാഷയിൽ പറഞ്ഞാൽ, നമ്മുടെ പ്രാർത്ഥനക്കടിസ്ഥാനം വിശ്വാസമാണ്.

സങ്കീർത്തകൻ ആവർത്തിക്കുന്ന മറെറാരു യോഗ്യത ദൈവത്തിൻെറ മഹത്വമാണ്. മനുഷ്യരുടെ കാര്യത്തിലെന്നതു

www.malankaralibrary.com

പോലെ സഹായിക്കുന്നതു്, ദൈവത്തിനും മഹത്വദായകമാണു്. സങ്കീർത്തകനുമുൾക്കൊള്ളുന്ന അപേക്ഷകരുടെ അഭ്യർത്ഥനകൾ അവിടുന്നു് അവഗണിച്ചാൽ അതുവഴി ദൈവത്തിനും അവിടുത്തെ സ്നേഹിതന്മാർക്കുമാണു് അപമാനം വന്നുചേരുക. വിശ്വാസികളുടെ പ്രാർത്ഥനകൾ ഫലശൂന്യങ്ങളാണെന്നു കാണുമ്പോൾ മതം അവഹേളനാപാത്രമാകാറുണ്ടു്. ഇത്തരം ഘട്ടങ്ങളിൽ വാസ്തവത്തിൽ ദൈവത്തിനാണു് നഷ്ടം. അതിനാൽ ദൈവം അവിടുത്തെ വിശ്വസനീയത പ്രവൃത്തിയിൽ തെളിയിക്കണമെന്നു് സങ്കീർത്തകൻ വാദിക്കുന്നു: "അങ്ങയുടെ നാമത്തെപ്രതി, കർത്താവേ" (സങ്കീ. 25: 11).

സങ്കീർത്തകന്മാർ തങ്ങളുടെ ശക്തികേന്ദ്രങ്ങളായി ഉപയോഗിച്ചിരുന്ന രണ്ടു മുഖ്യയോഗ്യതകളെക്കുറിച്ചുകൂടി പ്രതിപാദിക്കാം— ഇതര യോഗ്യതകളില്ലെന്നു പറയുന്നില്ല. നമ്മുടെ ആവശ്യങ്ങൾക്കു പരിഹാരമുണ്ടാക്കുന്നതിൽ നമുക്കുള്ള കഴിവില്ലായ്മ ഏററുപറയുകയാണു്, അവയിലൊന്നു്. അനുദിനജീവിതാനുഭവം ഇവിടെ നിരർത്ഥകവും വിപരീതഫലം ഉളവാക്കുന്നവയുമാണു്. നിങ്ങളുപയോഗിക്കുന്ന ഏററം സങ്കീർണ്ണമായ ഒരു ഉപകരണത്തിനു്, ഉദാ: ട്രാൻസിസ്റ്റർ, ഏററവും പുതിയ മോഡൽ, കേടുവന്നുവെന്നു കരുതുക. കേടുപാടു തീർക്കാനുള്ള 'സ്പെയർ പാർട്ടു്' അന്വേഷിച്ചു് നിങ്ങൾ അലഞ്ഞുതിരിയുന്നു. അവസാനം ഒരു കടയിൽ നിങ്ങളതു് കണ്ടെത്തുമ്പോൾ, നിങ്ങൾ അത്രയും നേരം തിരക്കിയ കഥയും, ഈ കടയിൽ മാത്രമെ ഈ 'സ്പെയർപാർട്ടു്' ലഭിക്കുകയുള്ളുവെന്നും കടയുടമസ്ഥനോടു പറയുമോ? തീർച്ചയായും ഇല്ല. കാരണം അങ്ങനെ പറഞ്ഞാൽ കൂടുതൽ വിലകൊടുക്കാൻ നിങ്ങൾ നിർബ്ബന്ധിതരാകും. നിങ്ങളുടെ ആത്മാർത്ഥതയും അശ്രദ്ധയുംകൊണ്ടു് അദ്ദേഹത്തെ ഒരു രക്ഷകനായി കരുതിയാൽ നിങ്ങൾ വഞ്ചിതനാകും. എന്നാൽ ദൈവത്തെ രക്ഷകനായി സ്വീകരിച്ചാലുള്ള അനുഭവം ഇതല്ലെന്നു് സങ്കീർത്തകനറിയാം. അദ്ദേഹം പ്രഖ്യാപിക്കുന്നു, "എന്നെ സഹായിക്കുവാൻ എനിക്കു തന്നെയോ സൃഷ്ടങ്ങളിലേതെങ്കിലുമെന്നിനോ കഴിവില്ല. ദൈവമേ, എല്ലാം അങ്ങയെ, അങ്ങയെമാത്രം ആശ്രയിച്ചാണിരിക്കുന്നതു്." നമ്മെ നിരുപാധികമായും പൂർണ്ണമായും ദൈവത്തിനു സമർപ്പിച്ചാൽ അവിടുന്നു നമ്മെ വഞ്ചിക്കുമോ? തീർച്ചയായും ഇല്ല. ഇതിനാലാണു് നമ്മെ ദൈവത്തിന്റെ ഫലാനുഭോക്താക്കളെന്നു വിശേഷിപ്പിക്കുന്നതു്. ഇപ്രകാരം ദൈവത്തോടു് വിജയകരമായി പ്രാർത്ഥിക്കുന്നതിനുദാഹരണമാണു് സങ്കീ: 3: 8.

മുൻഖണ്ഡികയിൽ രണ്ടു വിശേഷണങ്ങൾകൂടി പ്രതിപാദിക്കാനുണ്ടെന്നു പറഞ്ഞതു് ഒന്നിന്റെതന്നെ രണ്ടു വ്യത്യസ്ത

www.malankaralibrary.com

വശങ്ങളെ ഉദ്ദേശിച്ചാണ്. ദൈവത്തിൽനിന്നും സഹായം ലഭിക്കുന്നതിനു്, നമ്മുടെ കഴിവില്ലായ്മയുടെ മറെറാരു വശമായി നമുക്കു് ദൈവത്തിലാരോപിക്കാവുന്ന ഏററവും ഫലപ്രദമായ വിശേഷണം, വിശേഷണത്തിൻെറ അഭാവം തന്നെയാണു്: "അങ്ങയുടെ കാരുണ്യം, അങ്ങയുടെ അത്ഭുതകരമായ കാരുണ്യം പ്രദർശിപ്പിക്കണമേ" (സങ്കീ. 17: 7; 6: 4). ദൈവത്തെക്കുറിച്ചു് യാതൊന്നും അവകാശപ്പെടാതിരിക്കുമ്പോൾ വാസ്തവത്തിൽ നാം ദൈവത്തെ സ്വാധീനിക്കയാണു്.

ഭാവിയിൽ പ്രാർത്ഥന ശ്രവിക്കപ്പെടുമെന്ന പ്രതീക്ഷയോ ലഭിച്ച നന്മകൾക്കുള്ള കൃതജ്ഞതാപ്രകാശനമോ ആണു് യാചനാസങ്കീർത്തനങ്ങളുടെ സമാപനം. പ്രസ്തുത പ്രതീക്ഷയും നന്ദിയും തമ്മിലുള്ള വ്യത്യാസം വേർതിരിച്ചു കാണുവാൻ പ്രയാസമാണു്. കാരണം, സാധിതമായ ഒരു സംഗതി പോലെതന്നെയാണു് യഥാർത്ഥത്തിൽ, സുനിശ്ചിതമായ പ്രതീക്ഷ. എന്തിനുവേണ്ടി ദൈവത്തിനു മുൻകൂട്ടി നന്ദി പ്രകാശിപ്പിച്ചുവോ അതു് നല്കുവാൻ അവിടുത്തെ പ്രേരിപ്പിക്കുന്ന മനപ്പൂർവ്വവും ഭക്തിപരവുമായ ഒരു സൂത്രമായും അനുഗ്രഹലബ്ധിക്കുമുമ്പുള്ള ഈ കൃതജ്ഞതാപ്രകടനത്തെ കണക്കാക്കാം. ദൈവത്തോടുള്ള നമ്മുടെ സമീപനങ്ങളിൽ ഈദൃശ അനൗചിത്യങ്ങൾ ഉചിതങ്ങൾ തന്നെയാണു്.

കൃതജ്ഞതാപ്രകാശനസങ്കീർത്തനങ്ങൾ ഒടുവിലേക്കു മാററിവച്ചുകൊണ്ടു്, അടുത്തതായി, സ്തുതിപ്പുകളുടെ സങ്കീർത്തനങ്ങൾ നമുക്കു് പരിശോധിക്കാം. ഈ ക്രമീകരണത്തിൻെറ കാരണം താഴെ വ്യക്തമാകും.

മുഖ്യമായും നിസ്വാർത്ഥമായ ഒരു പ്രാർത്ഥനയും മതത്തിൻെറ അന്തഃസത്തയുമാണു് ഒരു കീർത്തനം. ദൈവത്തിലേയ്ക്കു തിരിഞ്ഞു് അവിടുത്തെ വിശേഷണങ്ങൾ വിവരിക്കുകയും പ്രകൃതിയിലും മനുഷ്യജീവിതത്തിലും പ്രതിഫലിക്കുന്ന രക്ഷാകര കൃത്യങ്ങൾ വർണ്ണിക്കുകയും ചെയ്യുന്നതിൽ സങ്കീർത്തകൻ അത്യാനന്ദമനുഭവിക്കുന്നു. ഇതനുസരിച്ചു് കീർത്തനങ്ങൾ വിശ്വപരമോ മാനുഷികമോ ആണു്. ഇവ രണ്ടിൻേറയും സംയുക്തരൂപത്തിനു് ഉത്തമോദാഹരണമാണു് സങ്കീർത്തനസമാഹാരത്തിലെ അമൂല്യനിക്ഷേപങ്ങളിലൊന്നായ എട്ടാംസങ്കീർത്തനം.

ദൈവത്തെ 'പിതാവേ', എന്നു വിളിക്കുന്നതിനു തുല്യമായി അവിടുന്നു് നമുക്കു് ആരായിരിക്കുന്നുവോ അഥവാ അവിടുന്നു നമുക്കെന്തു ചെയ്യുന്നുവോ എന്നതെല്ലാം ഏററു പറയുകയാണു് ദൈവസ്തുതിയുടെ അർത്ഥം. തൻെറ ശിശുവിൻെറ 'പിതാവേ,' എന്ന വിളി ആദ്യം കേൾക്കുന്ന പിതാവു് പ്രത്യേകവും ന്യായയുക്തവുമായ ആനന്ദമനുഭവിക്കുന്നു. താനായിരിക്കുന്നതും

www.malankaralibrary.com

തനിക്കുള്ളതുമെല്ലാം പിതാവിൻേറതാണെന്നു ഏറ്റുപറയുക യാണു്, ഈ ഒററ വാക്കിലൂടെ. ദൈവത്തിൻെറ ശിശുവാണു് പ്രകൃതിയെങ്കിലും അവിടുത്തെ പിതാവേ, എന്നു വിളിക്കാൻ അതു അശക്തമാണു്. ഈ അപര്യാപ്തത തീർക്കുവാൻ മനുഷ്യൻ തനിക്കുവേണ്ടിയും ലോകം മുഴുവനുവേണ്ടിയും ദൈവത്തെ പിതാവേ, എന്നു് അഭിസംബോധന ചെയ്യുന്നു. മനുഷ്യനെ കൂടാതെയുള്ള പ്രകൃതി ഒരു ശിരശ്ഛേദിതവ്യക്തിയും നിരർത്ഥകസംഭവവുമത്രെ. മനുഷ്യൻ അവൻെറ ബുദ്ധിയും നാവും അചേതന പ്രകൃതിക്കു നല്കിക്കൊണ്ടു് അതിനെ അർത്ഥപൂർണ്ണവും സ്തുതികളാൽ ബൌദ്ധികവും വാചാലവുമാക്കിത്തീർക്കുന്നു.

മാനവചരിത്രത്തിൽ ദൈവം പ്രവർത്തിച്ച മഹാകാര്യങ്ങൾ ബന്ധപ്പെടുത്തുമ്പോൾ അഥവാ പ്രകൃതിയിലെ വിവിധ വിഷയങ്ങൾ വിവരിക്കുമ്പോൾ സങ്കീർത്തകൻെറ മനോധർമ്മമെന്തായിരുന്നുവെന്നു് ഈ പശ്ചാത്തലത്തിൽ നമുക്കു വ്യക്തമാകുന്നു. സങ്കീർത്തനങ്ങൾ സംബന്ധിച്ചു് യാതൊരു അറിവുമില്ലാതെ, ഉപരിപ്ലവമായി, കാഴ്ചക്കാരെപ്പോലെ അവയെ സമീപിക്കുന്നവർക്കു മാത്രമെ, ഇത്തരം നീണ്ട പട്ടികകൾ നിരർത്ഥകവും വിരസവുമായി തോന്നുകയുള്ളു. വാസ്തവത്തിൽ ഇവ ഒരു ആനന്ദമാണു് സങ്കീർത്തകനു്. ഏഴു വർണ്ണങ്ങളാണു് മഴവില്ലു് ഇത്രയും മനോഹരമായിരിക്കുന്നതിനു കാരണം. ദൈവസ്തുതിക്കായി എടുത്തു പറയുന്ന ഓരോ വിഷയവും സങ്കീർത്തനത്തിൻെറ നിറങ്ങളാണു് ഇവ ഓരോന്നും സങ്കീർത്തനത്തിൻെറ മനോഹാരിത പ്രവൃദ്ധമാക്കുന്നു.

ഈ ലേഖനത്തെ നിയതമായ പരിതികളിൽ ഉൾക്കൊള്ളിക്കുവാൻവേണ്ടിയാണു് സങ്കീർത്തനസമാഹാരത്തിലെ കീർത്തനങ്ങളെക്കുറിച്ചു സംക്ഷിപ്തമായി മാത്രം നാം പ്രതിപാദിച്ചതു്. ഒരു യാചനാസങ്കീർത്തനത്തിൻെറ പകുതിയും ഒരു സ്തുതിപ്പിൻെറ പകുതിയും കൂട്ടുന്നതാണു് ഒരു കൃതജ്ഞതാപ്രകാശന സങ്കീർത്തനമെന്നു് സംഗ്രഹരൂപത്തിൽ പറയാം. യാചനാസങ്കീർത്തനത്തിൽ ചെയ്യുന്നതുപോലെ ഇതിലും ഒരു പ്രത്യേക പ്രയാസം വിവരിക്കുന്നുണ്ടു്. ഇപ്പോൾ അഭിമുഖീകരിക്കുന്ന പ്രശ്നമാണു് പ്രതിപാദ്യം. യാചനാസങ്കീർത്തനങ്ങളിൽ പരാമർശിക്കുക ഭൂതകാലത്തേതാണു്. കൃതജ്ഞതയുടെ ശരിയായ ഭാഗം സഹായദായകനായ ദൈവത്തിനുള്ള സ്തുതിയുമായി ഏകീഭവിക്കുന്നു. സങ്കീർത്തകന്മാർക്കു് ദ്വിവിധങ്ങളായ അനുസ്മരണങ്ങളുണ്ടായിരുന്നു; ഓർമ്മിക്കുന്ന മനസ്സിനെക്കുറിച്ചുള്ളതും നന്ദി പ്രകാശിപ്പിക്കുന്ന ഹൃദയത്തെക്കുറിച്ചുള്ളതും.

ഫാ. എഫ്. റിപ്പോൾ എസ്. ജെ.
വിവ: ജോർജ്ജ് അമ്പഴത്തുങ്കൽ ബോംബെ.

www.malankaralibrary.com

# ദേവാലയവും കർത്താവിൻെറ ഭവനവും

സങ്കീർത്തനങ്ങളിൽ പലപ്പോഴും ജറുസലേം ദേവാലയത്തെക്കുറിച്ചു് സൂചനകൾ ഉണ്ടു്. "ഹയ്ക്കൽ" (Heikal) "മിക്ഡാഷ്" (Mikdash), "ബയിത്‌യാഹ്‌വെ (Beit YHWH) എന്നിവയാണു് അവിടെ പ്രയോഗിച്ചിട്ടുള്ള പദങ്ങൾ. ആദ്യത്തെ രണ്ടു വാക്കുകൾ യഥാക്രമം ദേവാലയം, വിശുദ്ധ സ്ഥലം എന്നിവയല്ലാതെ ഇതര പദങ്ങളിലേക്കു് പരിഭാഷപ്പെടുത്താറില്ല. എന്നാൽ "ബയിത്‌യാഹ്‌വെ"—യാഹ്‌വെയുടെ ഭവനം — എന്നപദം പദാനുപദവും ആലങ്കാരികവുമായി പരിഭാഷപ്പെടുത്താം.

യേശുവിൻെറ കാലത്തു് അവിടുത്തെ അനുയായികളും സുവിശേഷ രചയിതാക്കളും ഈ വാക്കു് രണ്ടു അർത്ഥങ്ങളിൽ ഉപയോഗിച്ചിരുന്നു. യോഹ. 2:16 ൽ കാണുന്ന "എൻെറ പിതാവിൻെറ ഭവനം" ദേവാലയസൗധമോ അതിൻെറ ഒരു ഭാഗമോ ആണു്. ദേവാലയം കച്ചവടസ്ഥലമാക്കരുതെന്നു് യേശു വിക്രേതാക്കൾക്കു് മുന്നറിയിപ്പു നല്കിയെന്നാണു് രേഖപ്പെടുത്തിയിരിക്കുന്നതു്. പക്ഷെ, യോഹ. 14:2 ൽ യേശു പറയുന്നു, എൻെറ പിതാവിൻെറ ഭവനത്തിൽ അനേകം വാസസ്ഥലങ്ങൾ ഉണ്ടെന്നും അവിടെ ശിഷ്യന്മാർക്കു സ്ഥലമൊരുക്കാൻ താൻ പോകുമെന്നും; ഭൗതികമായ ഒരു ദേവാലയമല്ല അവിടുന്നു വിവക്ഷിക്കുന്നതെന്നു വ്യക്തം. ദൈവനാമത്തിൻെറ സ്ഥാനത്തു്, "പിതാവു്" എന്നു് ചേർത്തുകൊണ്ടു് ഈ രണ്ടു സ്ഥലങ്ങളിലും അവിടുന്നു് സങ്കീർത്തകൻെറ ഭാഷയിൽ ഒരു "ഭവന"ത്തെക്കുറിച്ചു് സംസാരിക്കുകയാണു്.

ഈ ദ്വിവിധ അർത്ഥങ്ങളും നാം സങ്കീർത്തനങ്ങളിൽ കാണുന്നുണ്ടോ?

എല്ലാവരുമല്ലെങ്കിലും കുറെ വ്യാഖ്യാതാക്കൾ "ബയിത്‌യാഹ്‌വി"നെ നിർഭാഗ്യവശാൽ, ഒരു യഥാർത്ഥ ഭൗതികദേവാലയമായാണു് മനസ്സിലാക്കിയതു്— ഈദൃശവ്യാഖ്യാനത്തിൻെറ അസാദ്ധ്യതയെ അവഗണിച്ചുകൊണ്ടുപോലും. ഇതു് രണ്ടു മുൻവിധികളുടെ ഫലമാണു്.

i എല്ലാ സങ്കീർത്തനങ്ങളും സാധിക്കുന്നിടത്തോളം അതതിൻെറ ആചാരസംബന്ധവും ചരിത്രപരവുമായ 'ജീവിതപശ്ചാത്തല'ത്തിൽ (Sitz in leben) ചിത്രീകരിക്കുന്നതിനുള്ള

www.malankaralibrary.com

ശ്രമം. ഓരോ സങ്കീർത്തനവും വിരചിതമായ പ്രത്യേക കാല ഘട്ടം അജ്ഞാതവും വിശുദ്ധ ഗ്രന്ഥത്തിൽ നിർദ്ദേശിക്കുകയും വിശദീകരിക്കുകയും ചെയ്തിട്ടില്ലാത്ത ദേവാലയാനുഷ്ഠാനങ്ങളെ കുറിച്ചുള്ള അറിവു് അനുമാനാധിഷ്ഠിതവുമായിരിക്കെ, അത്തര മൊരു യത്നം പരാജയപ്പെടാനേ തരമുള്ളൂ.

ii സങ്കീർത്തനങ്ങൾ ദേവാലയാവശ്യങ്ങൾക്കായി എഴുതപ്പെട്ടവയോ, അവയുമായി അടുത്തു ബന്ധപ്പെട്ടവയോ ആണു് എന്ന നിഗമനം. ഈ നിഗമനം അടിസ്ഥാനരഹിതമാണു്. എല്ലാം അല്ലെങ്കിൽ കുറെയെങ്കിലും സങ്കീർത്തനങ്ങൾ ദേവാല യാരാധനക്രമത്തിൽ ഉപയോഗിച്ചിരുന്നിരിക്കാമെങ്കിലും കേവ ലം ഏതാനും ഭക്തിഗാനങ്ങളുടെ സമാഹാരമാണിവ എന്ന വ സ്തുത അവശേഷിക്കുന്നു. ഇവയെല്ലാം ആരാധനക്രമത്തിൽ ഉപ യോഗിക്കാനായി എഴുതപ്പെട്ടുവെന്നതു് അസംഭവ്യമായി തോ ന്നുന്നു. വളരെയധികം സങ്കീർത്തനങ്ങൾ ഹൃദയത്തിൽ നിന്നുള്ള അകൃത്രിമമായ നിലവിളികളത്രെ. കുറെയെണ്ണം നിപുണരായ കവികളുടെ സംഭാവനകളുമാണു്. ഇത്രയധികം കവികൾ ഇത്ര യധികം കവിതകൾ ഒരു പ്രത്യേക ഉദ്ദേശ്യത്തിനായി ആരുടെ യെങ്കിലും കല്പന അനുസരിക്കാനെന്നപോലെ എഴുതിയെന്നു് ചിന്തിക്കുക പ്രയാസം. അങ്ങനെ ഒരു പ്രത്യേക ലക്ഷ്യത്തോടു കൂടിയാണു് അവരെഴുതിയതെങ്കിൽ ആചാരാനുഷ്ഠാനകർമ്മവി ധികൾ തമോവൃതമാകാത്ത വിധം കുറച്ചെങ്കിലും സൂചിപ്പി ക്കേണ്ടതായിരുന്നില്ലേ?

സശ്രദ്ധം മുൻവിധികൾ കൂടാതെ സങ്കീർത്തനങ്ങൾ വാ യിച്ചാൽ ചില സ്ഥലങ്ങളിലെങ്കിലും "യാഹ്‌വെയുടെ ഭവനം" ജറൂസലേത്തുള്ള ഭൗതിക ദേവാലയത്തേക്കാളുപരി മറ്റെന്തിനേ യോ ആണു് സൂചിപ്പിക്കുന്നതെന്നു് വ്യക്തമാകും.

സംഗീതമൂല്യമുള്ള സങ്കീർത്തനങ്ങളിലൊന്നായ 52-ാം സങ്കീർത്തനത്തിൽ "നീതിമാൻ" "ദൈവത്തിൻെറ ഭവന ത്തിൽ നടപ്പെട്ടതായും" "അവിടുത്തെ അങ്കണത്തിൽ പൂത്തു നില്ക്കുന്ന"തായും പറയുന്നു. തീർച്ചയായും ഇവിടെ വിവക്ഷിക്കു ന്നതു് ആലങ്കാരികമായ ഭവനമോ, അങ്കണമോ ആണു്.

കർത്താവിൻെറ "മഹത്വ" (Kabod) ത്തിൻെറ ആവാ സസ്ഥലമായ അവിടുത്തെ ഭവനത്തിലെ "താമസത്തെക്കുറി ച്ചു് 26-ാം സങ്കീർത്തനകർത്താവും പ്രതിപാദിക്കുന്നു. ("കാ ബോദ്‌" എന്നതിനു് ദൈവത്തിൻെറ വെളിപ്പെടുത്തുന്ന സാ ന്നിദ്ധ്യമെന്നാണർത്ഥം). മരുഭൂമിയെക്കുറിച്ചുള്ള വർണ്ണനകളിൽ വിശുദ്ധ കൂടാരത്തിൻെറ മുകളിൽ ദൈവ"മഹത്വം" ഇറങ്ങി



www.malankaralibrary.com

വരുന്നതായി പറഞ്ഞിട്ടുള്ള സ്ഥിതിക്ക് ഈ പ്രയോഗം, ദേവാലയ സൗധമാണ് സൂചിപ്പിക്കുന്നതെന്നു തോന്നുന്നു. ഈ അർത്ഥത്തിലാണോ കവി "ഭവനം" എന്ന പദം ഉപയോഗിച്ചിരിക്കുന്നതു്? അതോ ദേവാലയത്തിന്റെ ഭൗതിക ഘടനയേക്കാളുപരി എന്തെങ്കിലും അദ്ദേഹം ഉദ്ദേശിക്കുന്നുണ്ടോ? സങ്കീ. 26 ലെ സംഭാഷണം മുഴുവൻ സമൂർത്തഭാവത്തിലാണ്: ദൈവിക സത്യത്തിൽ "നടക്കുക", കപടഹൃദയരോടുകൂടി "ഇരിക്കുക", "ദുഷ്ടരുടെ സമൂഹത്തിലെ അംഗമായിരിക്കുക" എന്നിങ്ങനെ. എന്നാൽ ദുഷ്ടരുടെ സമൂഹം എന്നൊന്നും പ്രത്യക്ഷത്തിൽ അന്നുണ്ടായിരുന്നില്ല. ഇരിക്കുക, നടക്കുക തുടങ്ങിയ പദപ്രയോഗങ്ങൾ മാനസികാവസ്ഥയും പ്രവൃത്തിയുമാണ് ദ്യോതിപ്പിക്കുന്നതു്. വിശ്വാസസത്യങ്ങൾ മുറുകെപ്പിടിക്കയും ദൈവത്തിനു പ്രീതികരമായവ അനുഷ്ഠിക്കുകയും ചെയ്തിരുന്നതുകൊണ്ടു്, നിഷ്കളങ്കനായി, കൈകൾ കഴുകി, നിർമ്മലനായി സ്തോത്രഗീതങ്ങളാലപിച്ചുകൊണ്ടു് ബലിപീഠത്തിനു പ്രദക്ഷിണം വയ്ക്കുവാൻ തനിക്കു കഴിയുമെന്നു സങ്കീർത്തകൻ പ്രത്യാശിക്കുന്നു. ഈ അനുഭൂതിയിൽനിന്നും ഉയിർക്കൊള്ളുന്ന സാശ്ചര്യഭാവം നിറഞ്ഞ ഒരു പ്രകീർത്തനമാണ് അടുത്ത ഈരടി—"കർത്താവേ, അങ്ങു വസിക്കുന്ന ഭവനവും, അങ്ങയുടെ മഹത്വത്തിന്റെ കൂടാരവും എനിക്കു് പ്രിയങ്കരമാണ്". സങ്കീർത്തനത്തിന്റെ ശേഷഭാഗം പൂർണ്ണമായും ആലങ്കാരികമായിരിക്കുകയും ദേവാലയത്തെക്കുറിച്ചും ബലിപീഠത്തെക്കുറിച്ചും നമുക്കു് മററുമാർഗ്ഗങ്ങളിൽക്കൂടി അധികമൊന്നും അറിയുവാൻ സാധിക്കാതിരിക്കുകയും ചെയ്യുമ്പോൾ, നിഷ്കളങ്കതയിലുള്ള പ്രക്ഷാളനവും, പ്രദക്ഷിണമായി നീങ്ങുന്നതുമെല്ലാം അക്ഷരാർത്ഥത്തിൽ മനസിലാക്കുന്നതിനെ നീതീകരിക്കുവാൻ കഴിയുമോ?

ഹൃദയസ്പർശിയായ 27–ാം സങ്കീർത്തനവും— ഇതിന്റെ ആദ്യഭാഗം 23–ാം സങ്കീർത്തനത്തെ അനുസ്മരിപ്പിക്കുന്നു— "കർത്താവിന്റെ ഭവനത്തെക്കുറിച്ചു് പറയുന്നുണ്ടു് (വാ. 4). "ഒരു കാര്യം ഞാൻ ആഗ്രഹിക്കുകയും അന്വേഷിക്കുകയും ചെയ്യുന്നു". അഗാധത്തിനു മുകളിൽക്കൂടി ഒരു കവി മററൊരു കവിയെ വിളിക്കുന്നു 'ജലാലുദിൻ റൂമി' (Jalaludin Rumi) യുടെ വാക്കുകളോടു് വിസ്മയകരമാംവിധം സാമ്യമുള്ള ഒരു ശൈലിയാണിതു്. "ജീവിതകാലം മുഴുവനും കർത്താവിന്റെ ഭവനത്തിൽ വസിക്കുവാനും അവിടുത്തെ മാധുരി ആസ്വദിക്കുവാനും, അവിടുത്തെ ഭവനത്തിൽ അന്വേഷണം (7)" നടത്തുവാനുമാണ് അദ്ദേഹം ആഗ്രഹിക്കുന്നതു്. പുരോഹിതന്മാരേയും ഔദ്യോഗികമായി നിയമിക്കപ്പെട്ടവരേയുമല്ലാതെ— അതും കൃത്യനിർവ്വഹണത്തിനുമാത്രം— മററാരേയും ഒരിക്കലും ദേവാലയത്തിൽ പ്രവേശിപ്പിച്ചിരുന്നില്ല. യഥാർത്ഥത്തിലുള്ള ദേവാലയസൗധത്തെയല്ല അദ്ദേഹം ഇവി

www.malankaralibrary.com

ടെ അർത്ഥമാകുന്നതു്. 5–ാം വാക്യം ഈ നിഗമനത്തെ സ്ഥിരീകരിക്കുന്നു. "അനർത്ഥദിനങ്ങളിൽ അവിടുന്നു് എന്നെ തന്റെ വാസസ്ഥലത്തു് ഒളിപ്പിക്കും. തന്റെ ദിവ്യകൂടാരത്തിന്റെ സങ്കേതത്തിൽ എന്നെ മറച്ചുവയ്ക്കും." സോളമന്റെ കാലത്തേയോ, വിപ്രവാസാനന്തരദേവാലയത്തേയോ അല്ല, മരുവാസകാലത്തിലെ വിശുദ്ധകൂടാരത്തെയാണു്, ദിവ്യകൂടാരമെന്നും ദേവാലയമെന്നുമുള്ള വാക്കുകൾകൊണ്ടു് ഇവിടെ വിവക്ഷിക്കുന്നതു്. ഒരു മനുഷ്യനു് തന്റെ ജീവൻ അപകടത്തിലാകുമ്പോൾ— ഉദാ. കൊലപാതകി— ദിവ്യകൂടാരത്തിന്റെ സങ്കേതത്തിൽ അവനു് അഭയം തേടുവാൻ കഴിഞ്ഞിരുന്നതായി തോന്നുന്നു. ഇത്തരമൊരു വിപത്തു് തനിക്കുതന്നെ ഉള്ളതായിട്ടു് സങ്കീർത്തകൻ മുൻകൂട്ടി കണ്ടിരിക്കാൻ സാദ്ധ്യതയില്ല. ദേവാലയത്തിലെ വിശുദ്ധസ്ഥലത്തിന്റെ അന്തർഭാഗത്തു്, ദൈവവും ആരേയും മറച്ചുവച്ചിരിക്കയില്ല. കവനഭാഷയിൽ കവി വ്യക്തമാക്കുന്നതു് ഇതാണു്: അദ്ദേഹം കർത്താവിന്റെ അഭയസങ്കേതത്തിലേക്കു് തിരിയുന്നു. ആവശ്യം അല്ലെങ്കിൽ അപകടം എത്ര വലുതാണോ അത്രമാത്രം അടുത്തു് അദ്ദേഹം കർത്താവിൽ അഭയം പ്രാപിക്കുന്നു.

65–ാം സങ്കീർത്തനം അപകടങ്ങളിൽ സഹായാഭ്യർത്ഥനയും തെററായതോ അപരാധബോധമുള്ളതോ ആയ പ്രവൃത്തികളുടെ ഏററുപാച്ചിലുമാണു്. 4–ാം വാക്യത്തിൽ കവിയുടെ ആശ്ചര്യഭാവം പ്രത്യക്ഷമാകുന്നുണ്ടു്. അങ്ങു് തെരഞ്ഞെടുത്തു് അവിടുത്തെ സന്നിധിയിൽ വസിക്കുന്നതിനായി സമ്മാനിതനാകുന്നവൻ അനുഗൃഹീതനാണു്. എന്തുകൊണ്ടെന്നാൽ അവൻ നിന്റെ സന്നിധിയിൽ നിവസിക്കും." ഇതിന്റെ സമാന്തരവാക്യം ഇപ്രകാരമാണു്: "അങ്ങയുടെ വിശുദ്ധ ആലയത്തിലെ നിധികൾകൊണ്ടു് ഞങ്ങൾ തൃപ്തരാക്കപ്പെടും." ഇവിടെ ആലയത്തെ ദേവാലയത്തിനോടു് തത്തുല്യപ്പെടുത്തുകയാണു്; "സങ്കേതത്തിലെ" "നിവാസത്തെ"ക്കുറിച്ചു് ഒരു സംശയം ഇനിയും അവശേഷിക്കുന്നു എങ്കിലും.

വ്യാഖ്യാതാക്കളെ കാര്യവ്യഗ്രരാക്കിയ ഒരു സങ്കീർത്തനമാണു് 69–ാമത്തേതു്. ദൈവത്തിന്റേയും തദ്വാരാ ഇസ്രായേലിന്റേയും ഇഷ്ടാനിഷ്ടങ്ങളുമായി പൂർണ്ണമായും താദാത്മ്യം പ്രാപിച്ചതിനാൽ തന്റെ സ്വന്തക്കാർപോലും അവനെക്കുറിച്ചു് ലജ്ജിതരാകത്തക്കവിധത്തിൽ അധിക്ഷേപിപ്പനും സുശക്തരായ ശത്രുക്കളാൽ വലയം ചെയ്യപ്പെട്ടു് സഹനത്തിനു് വിധേയനുമായ ഒരു മനുഷ്യന്റെ സാഹചര്യമാണു് സുവ്യക്തമായ കാര്യം. സങ്കീർത്തനങ്ങളിൽ പലപ്പോഴും കാണുന്നതുപോലെ അവന്റെ ശത്രുക്കൾ ദൈവത്തിന്റെയും ശത്രുക്കളാണു്. "അങ്ങയുടെ ഭവന

www.malankaralibrary.com

ത്തെക്കുറിച്ചുള്ള തീക്ഷ്ണത എന്നെ വിഴുങ്ങിക്കളഞ്ഞു". ദൈവത്തിന്റെ നേരെയുള്ള അവന്റെ "നിർഭർത്സനങ്ങൾ" അവന്റെ തന്നെ തലയിൽ "നിപതിച്ചു"— ദേവാലയശുശ്രൂഷകളുടെ വിശുദ്ധിയിലുള്ള തീക്ഷ്ണതയായി ഈ വാക്യത്തെ ചില വ്യാഖ്യാതാക്കൾ കാണുന്നതു് വിചിത്രമായിരിക്കുന്നു. യഥാർത്ഥത്തിൽ സങ്കീർത്തകൻ ദേവാലയശുശ്രൂഷയെ ലഘൂകരിച്ചിരിക്കുകയാണു്. സ്തുതികീർത്തനവും കൃതജ്ഞതാസ്തോത്രവും കർത്താവിനു് കാളയേയും, കൊമ്പും കുളമ്പുമുള്ള കന്നുകാലികളേയും ബലി കൊടുക്കുന്നതിനേക്കാൾ പ്രിയങ്കരമാണെന്നു് സങ്കീർത്തകൻ 30, 31 എന്നീ വാക്യങ്ങളിൽ വളരെ വ്യക്തമായി പറഞ്ഞിരിക്കുന്നു. 22 മുതൽ 29 വരെയുള്ള വാക്യങ്ങളുടെ ഉത്ഭവം ജെറമിയാസിൽനിന്നാണെന്നു് വിസമ്മതിക്കുന്നവർപോലും ഇവിടെ അദ്ദേഹത്തെ സ്മരിച്ചുപോകും. കർത്താവിന്റെ ഈ ഭവനം സത്യത്തിൽ ദേവാലയമന്ദിരത്തേക്കാളും, സങ്കീർത്തകൻ നിസ്സാരമായിക്കരുതുന്ന അവിടുത്തെ ആചാരാനുഷ്ഠാനങ്ങളേക്കാളും മഹത്തരമാണു്. "അങ്ങേ ഭവനത്തെക്കുറിച്ചുള്ള തീക്ഷ്ണത" എന്നതുകൊണ്ടു് നാം മനസ്സിലാക്കേണ്ടതു് ദൈവത്തിനു് പ്രീതിജനകമായ എല്ലാത്തിനേയും, പ്രത്യേകിച്ചു് ജനങ്ങളേയും അവരുടെ ധാർമ്മികഭദ്രതയേയുംകുറിച്ചുള്ള തീക്ഷ്ണത എന്നാണു്.

തീർത്ഥാടകരുടെ സംഗീതമായി ചിലരെല്ലാം വ്യാഖ്യാനിക്കുന്ന മനോഹരമായ 84-ാം സങ്കീർത്തനത്തിൽ, സങ്കീർത്തനകർത്താവു് "കർത്താവിന്റെ അങ്കണ"ത്തിനായി വിളിച്ചപേക്ഷിക്കുകയും "കർത്താവേ, അങ്ങയുടെ ഭവനനിവാസികൾ ഭാഗ്യവാന്മാർ" എന്നു് ഉദ്ഘോഷിക്കുകയും ചെയ്യുന്നു.

ദേവാലയത്തിന്റെ ഒരു പ്രണേതാവിനെയാണു് ഇവിടെ നാം ദർശിക്കുന്നതു്. 'കരികിൽപക്ഷിയും മീവൽപക്ഷിയും ദേവാലയത്തിൽ കൂടു കണ്ടെത്തി എന്ന ശൈലിയിൽനിന്നും അതു് മനസ്സിലാക്കാം. ദൈവത്തിന്റെ അതേ അനുഗ്രഹംതന്നെ തന്റെമേലും വർഷിക്കണമേയെന്നു് കവി അനുനയരൂപേണ അഭ്യർത്ഥിക്കുകയാണു്. 8, 9 എന്നീവാക്യങ്ങളിൽ ദൈവം തന്നെ ശ്രവിക്കണമെന്നും അവിടുത്തെ അഭിഷിക്തനെ കടാക്ഷിക്കണമെന്നും പ്രാർത്ഥിക്കുന്നു. ആരാണീ അഭിഷിക്തൻ? രാജാവോ പുരോഹിതനോ ആകാം. യൂദയായിലെ രാജാവിനെ ഒരു പ്രസംഗകനോ, ഇത്ര ഉൽക്കടമായ അഭിവാഞ്ഛ പ്രകടിപ്പിക്കുവാൻ തക്ക സാഹചര്യത്തിൽ ആയിരിക്കുന്നവനോ ആയി എടുത്തു കാണിക്കുവാൻ വൈമനസ്യമുണ്ടു്. ഒരുപക്ഷെ ദാവീദു് അങ്ങനെ ആയിരുന്നിരിക്കാം. എന്നാൽ അദ്ദേഹത്തിന്റെ കാലത്തു് ദേവാലയം ഉണ്ടായിരുന്നില്ല! ദേവാലയത്തിന്റെ പ്രാന്തപ്രദേശങ്ങളിൽ അരമനയുള്ള ഒരു പില്ക്കാല മന്നവൻ എന്നു

www.malankaralibrary.com

കൊണ്ടു്. ദേവാലയത്തിലോ ദേവാലയത്തിനരികേയോ വസിക്കുവാൻ തീവ്രമായി ആഗ്രഹിക്കണം?, അല്ലെങ്കിൽ ഇതു് തീർത്ഥാടകരുടെ സങ്കീർത്തനമാണു് എന്ന ഊഹാപോഹം കണക്കിലെടുക്കുമ്പോൾ കർത്താവു് അവരുടെ പ്രാർത്ഥന കേൾക്കണമെന്നും രാജാവിനെ തൃക്കൺപാർക്കണമെന്നും എന്തുകൊണ്ടു് അവർ അപേക്ഷിക്കണം? നാടു കടത്തപ്പെട്ടവനാകാൻ സാദ്ധ്യതയുള്ള, ജറുസലത്തു് അസന്നിഹിതനായിരിക്കുവാൻ നിർബന്ധിക്കപ്പെട്ട ഒരു പുരോഹിതൻ, അതായതു് മറെറാരു അഭിഷിക്തൻ ആണു് ഈ പ്രസംഗകൻ എന്നു് തോന്നുന്നു. അതെന്തുമാകട്ടെ, കവി ദേവാലയത്തിനായി തീവ്രമായി ആഗ്രഹിക്കുന്നു എന്ന കാര്യം സുവ്യക്തമാണു്. എന്നാൽ ഈ ആഭിവാഞ്ഛ ദേവാലയത്തിനോടു മാത്രമാണോ? 2-ാം വാക്യത്തിൽ പറയുന്നു; "കർത്താവിന്റെ അങ്കണം കാണുവാൻ എന്റെ ആത്മാവു് അത്യാശാപൂർവ്വം കാത്തിരിക്കുന്നു, അത്യുൽക്കടമായ ആഗ്രഹത്താൽ വിഗതവീര്യനായിരിക്കുന്നു" എന്നു്. അതിന്റെ സമാന്തര വാക്യം ഇപ്രകാരമാണു്, "എന്റെ ആത്മാവും ശരീരവും ജീവനുള്ള ദൈവത്തെ ഉൽക്രോശിക്കുന്നു"— ദൈവസാന്നിദ്ധ്യത്തെയാണു് അദ്ദേഹം അതിയായി ആഗ്രഹിക്കുന്നതു്. ഈ ദൈവസാന്നിദ്ധ്യം ഏററവുമധികം അനുഭവവേദ്യമാകുന്നതോ ദേവാലയത്തിലും. യേശുവിന്റെ "ഭവനം"സ്സംബന്ധിച്ച രണ്ടു പരാമർശങ്ങളോടും വളരെ അടുത്തുവരുന്ന സങ്കീർത്തകനാണിദ്ദേഹം.

വിശുദ്ധഗ്രന്ഥഹീബ്രുവിൽ "കുടുംബം" എന്നതിനു് സാധാരണ ഉപയോഗിച്ചിട്ടുള്ളതു് "പിതാവിന്റെ ഭവനം" (beit ab) എന്നാണു്. "കുടുംബ"ത്തിനു തത്തുല്യമായ റോമൻ പദമാണു് "ഫാമീലിയ" (familia). "ഫമീലിയാ"യുടെ തലവനാണു് "പാത്തർ ഫമീലിയാസ്" (Pater familias). "ഭവനം" എന്നു വാച്യാർത്ഥമുള്ള ഗ്രീക്കുപദമാണു് "ഓയികോസ്" (Oikos). ഇന്നു് കുടുംബത്തിനുള്ള സങ്കുചിതാർത്ഥമല്ല പണ്ടു് ഉണ്ടായിരുന്നതു്. കൂട്ടുകുടുംബമാണു് കുടുംബം എന്നതുകൊണ്ടു് അർത്ഥമാക്കിയിരുന്നതു്. കുടുംബനാഥൻ, അദ്ദേഹത്തിന്റെ ഭാര്യ അല്ലെങ്കിൽ ഭാര്യമാർ, ഉപപത്നികൾ, പുത്രന്മാരും അവരുടെ ഭാര്യമാരും കുട്ടികളും, അവിവാഹിതരായ പെൺമക്കൾ, ആശ്രിതർ, അടിമകൾ, ഭൂമി, ഗൃഹോപകരണങ്ങൾ തുടങ്ങിയ ചലനാത്മകവും നിശ്ചലവുമായ എല്ലാം ഉൾക്കൊള്ളുന്നതായിരുന്നു "ഓയിക്കോസ്" അഥവാ "ഫമീലിയാസ്". അത്തരം കുടുംബത്തിലെ അംഗങ്ങൾ ഒത്തൊരുമിച്ചു് അദ്ധ്വാനിക്കുകയും ഒരുമിച്ചു് പ്രതിഫലം അനുഭവിക്കുകയും ചെയ്തിരുന്നു. സാമ്പത്തികാടിസ്ഥാനത്തിലുള്ള ഒരു ഘടകമായിരുന്നു അതു്. ഈദൃശ കുടുംബസംവിധാനത്തിനു് ഉപോൽബലകമായ വേദപുസ്തക വാക്യങ്ങളുണ്ടു്.

www.malankaralibrary.com

ഉദാ: ദാവീദും അവൻെറ സഹോദരന്മാരും. പ്രായപൂർത്തിവന്ന തിനുശേഷവും അവരെല്ലാവരും പിതാവിനോടുകൂടി വസിച്ചു. യാക്കോബിൻെറ സഹോദരന്മാരും അദ്ധ്വാനിച്ചതും വിദേശ യാത്രചെയ്തതും താമസിച്ചതുമെല്ലാം പിതൃസമേതമായിരുന്നു. "ഓയികോസ്", "ബയ്ത്" എന്നീ പദങ്ങൾക്കും ഭവനം, കെട്ടിടം അഥവാ കെട്ടിടങ്ങളുടെ കൂട്ടം എന്നൊക്കെ അർത്ഥമുണ്ട്. എന്നാൽ, "കുടുംബ"ത്തിൻെറ സാമൂഹ്യവും നൈയാമികവുമായ യാഥാർത്ഥ്യങ്ങൾ ഉൾക്കൊള്ളുന്ന ഒന്നായിത്തീർന്നു "ബയിത് ആബ്" എന്ന പ്രയോഗം. ഈ പ്രയോഗം ഇന്നും സർവ്വസാധാരണമാണ്. ഉദാ: വൈററ്ഹൗസ്, പാർലമെൻറ്, വത്തിക്കാൻ, ബോൺ, ഇസ്ലമബാദ് എന്നെല്ലാം പറയുമ്പോൾ നാം ഉദ്ദേശിക്കുന്നത് അവിടങ്ങളിലുള്ള സ്ഥാപനങ്ങളാണ്; അല്ലാതെ കെട്ടിടങ്ങളോ സ്ഥലങ്ങളോ അല്ല. ഒരു ഭരണാധിപനെ അഥവാ ഭരണസമിതിയെ ഈ പദങ്ങളെല്ലാം ദ്യോതിപ്പിക്കുന്നു.

പ്രസ്തുത പ്രയോഗവും സാമൂഹ്യയാഥാർത്ഥ്യങ്ങളുമായി പരിചയമുണ്ടായിരുന്ന സങ്കീർത്തകൻ "ബയിത് യാഹ്വെ എന്നു പറഞ്ഞപ്പോൾ ദേവാലയസൗധത്തെയനുസ്മരിച്ചു എന്നതു് ശരി. പക്ഷെ, അപ്പോൾ സർവ്വപ്രധാനമായി അദ്ദേഹത്തിനു തോന്നിയതു് കർത്താവിൻെറ "ഭവനവും" അവിടത്തെ കർത്തൃത്വവുമാണ്; അല്ലാതെ, ഒരു സാധാരണ കുടുംബനാഥൻെറ ലൗകികാധികാരമല്ല. അദ്ദേഹം ചിന്തിച്ചതു് ദേവാലയത്തിലെ സമ്പത്തിനേയോ വസ്തുവകകളേയോകുറിച്ചല്ല; കർത്താവിൻെറ അതുല്യവും പരമപരിശുദ്ധവുമായ അധീശത്വത്തെക്കുറിച്ചാണ്. ആദ്ധ്യാത്മികവും ധാർമ്മികവുമായ ഒരു മേഖലയാണതു്, ഒരു വിശുദ്ധ ഭവനം. കർത്താവിൻെറ അനുഗ്രഹപാത്രങ്ങളും അവിടത്തെ കുടുംബാംഗങ്ങളുമായ നീതിമാന്മാരെ പാർപ്പിക്കുന്ന സ്ഥലമാണതു്. 69-ാം സങ്കീർത്തകൻ ഏതൊരു ഭവനത്തെ പ്രതി അപമാനം സഹിക്കുകയും അപകടങ്ങൾ നേരിടുകയും ചെയ്തുവോ ആ "ഭവന"മിതാണ്. 27-ാം സങ്കീർത്തനരചയിതാവു് ഏതൊരു "ഭവന"ത്തിൽ വസിച്ചുകൊണ്ടു് ജീവിതകാലം മുഴുവൻ കർത്താവിൻെറ മഹത്വം കാണുവാൻ അതിയായി ആഗ്രഹിച്ചുവോ ആ ഭവനവും ഇതല്ലാതെ മററൊന്നല്ല. മുൻപറഞ്ഞതെല്ലാം വെറും ഒരു സൗധത്തെ—അതെത്ര വിശുദ്ധവും മനോഹരവും ആയാലും—കുറിച്ചാണെന്നു് വ്യാഖ്യാനിക്കുക നിരർത്ഥകമായിരിക്കും. 27-ാം സങ്കീർത്തകനെപ്പോലെ അനുഗൃഹീതനും ഭക്തനുമായ ഒരു മനുഷ്യൻ ദേവാലയത്തിലെ ശില്പകലകളെ ദൈവമായി തെററിദ്ധരിച്ചു് അവയെ കണ്ടുകൊണ്ടിരിക്കുന്നതിൽ തീർച്ചയായും സംതൃപ്തനാകില്ല—നിത്യമായി അവിടെ താമസിക്കുവാൻ സാധിച്ചാൽപോലും. ജീവിതകാലം മുഴുവൻ "കരുണയും നന്മയും"

www.malankaralibrary.com

തന്നോടുകൂടി ഉണ്ടായിരിക്കുമെന്നു് ഉദ്ഘോഷിച്ച 23_ാം സങ്കീർത്തകൻ തദനന്തരം, "അവസാനംവരെ" ദേവാലയത്തിൽ വസിക്കുമെന്ന പറയുന്നതു് അദ്ദേഹത്തിനു് രസാവരോഹണം അല്ലെങ്കിൽ പിന്നെ എന്താണു്? ഈ കവിസത്തമന്മാർ ഉദ്ദേശിച്ചതു് "കുടുംബം" അഥവാ ദൈവത്തിന്റെ "ഓയികോസു്" അഥവാ യേശുവിന്റെ വാക്കുകളിലെ അവിടുത്തെ "ഭവനം" അഥവാ ദൈവികസാമീപ്യമാണു്. "യാഹ്‌വെ" എന്നതിനു പകരം "പിതാവു്" എന്നുപയോഗിച്ച ക്രിസ്തുനാഥൻ തദ്വാരാ ചെയ്തതു് തന്റെ പൂർവ്വികരുടെ ആശയം പ്രസ്പഷ്ടമാക്കുകയാണു്. യേശുവിന്റെ പ്രബോധനങ്ങളിൽ ദൈവത്തിന്റെ "ഭവന" ത്തിനു്, പിതാവിന്റെ ഭവനം (Beit ab) അഥവാ പിതാവിന്റെ അധീശത്വം എന്ന അതിന്റെ മൂലാർത്ഥം തിരികെ കിട്ടി.

ഡോ. (മിസ്) വി. മെല്ലർ, പാററ്ന.

വിവ: ഫ്രാൻസിസ് കൊടിയൻ.

www.malankaralibrary.com

# ബൈബിൾ ആരാധനക്രമത്തിൽ

## ജൂലൈ 1 ശ്ലീഹാ അഞ്ചാം ഞായർ എഫേ. 2:1–10

### ക്രിസ്തുവിൽ പുന:സൃഷ്ടിക്കപ്പെട്ടവർ

ആമുഖം

മാമോദീസാ സ്വീകരിക്കുന്നതോടെ ഒരു വ്യക്തി നവീനവ്യക്തിത്വം ധരിക്കുന്നു. ബലഹീനനും പാപിയുമായ മനുഷ്യൻ ക്രൈസ്തവവിശ്വാസം സ്വീകരിക്കുന്നതോടെ അവനിൽ സമഗ്രമായ മാററങ്ങളുണ്ടാകും. ഇക്കാര്യം വ്യക്തമാക്കുവാൻ ക്രിസ്ത്യാനി ആകുന്നതിനുമുമ്പും അതിനുശേഷവുമുള്ള അവസ്ഥകളെ താരതമ്യപഠനത്തിനു വിധേയമാക്കുകയാണ് പൗലോസ് ശ്ലീഹാ, എഫേ. 2:1–10 ൽ.

(വാ. 1) നിങ്ങൾ മൃതരായിരുന്ന കാലം:

വിജാതീയരായ അനുവാചകരാണ് 'നിങ്ങൾ'. പാപത്തിന്റെ ഫലമായുണ്ടാകുന്ന ആദ്ധ്യാത്മികമായി മരിച്ച സ്ഥിതിയാണ് ഇവിടെ വിവക്ഷിക്കുന്നത് (cf. എസെ. 37:1–14; റോമ 7:24; കൊളോ 2:13).

(വാ. 2) ദുഷ്ടാരൂപിയുടെ കർതൃത്വം.

ക്രിസ്തുവിനെ സ്വീകരിക്കാത്തവരിൽ പ്രവർത്തിക്കുന്നത് ലൗകികശക്തികളാണ്, ദുഷ്ടാരൂപികളാണ്. അവിശ്വാസികളെ തിന്മചെയ്യാൻ പ്രേരിപ്പിക്കുകയും അവരുടെ തിന്മകളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നവനാണ് ഇവിടെ ശ്ലീഹാ ഉദ്ദേശിക്കുന്ന ദുഷ്ടാരൂപി.

(വാ. 3) യഹൂദരും വിജാതീയരും തുല്യർ.

ക്രൈസ്തവവിശ്വാസം സ്വീകരിക്കുന്നതുവരെ ഇരുകൂട്ടരും ആദ്ധ്യാത്മികമായി മൃതരായിരുന്നു. തങ്ങൾ വിജാതീയരേക്കാൾ ഉയർന്നവരാണെന്ന് യഹൂദന്മാർ വമ്പുപറയേണ്ടെന്നു സാരം (റോമ 3:9–10). അവർ ദൈവകോപത്തിന്റെ നിഴലിലായിരുന്നു അന്ന്.

(വാ. 4) കരുണാസമ്പന്നനായ ദൈവം.

എഫേസോസുകാർക്കുള്ള ലേഖനത്തിൽ അഞ്ചുപ്രാവശ്യം 'കരുണാസമ്പന്നൻ' എന്ന വിശേഷണമുപയോഗിച്ചിരിക്കുന്നു. ദൈവത്തിന്റെ കാരുണ്യാതിരേകം ഊന്നിപ്പറയുന്നത് ഈ ഗ്രന്ഥകാരന്റെ ഒരു പ്രത്യേകതയാണ്.

വാ. (5,6) ഈശോമിശിഹായോടുകൂടി നമ്മെ രക്ഷിച്ചു.

ജീവിപ്പിച്ചു, ഉയിർപ്പിച്ചു, ഇരുത്തി, എന്നീ ക്രിയകൾക്കുമുമ്പിൽ മിശിഹായോടുകൂടി എന്നു എടുത്തുപറഞ്ഞിരിക്കുന്നത്, ക്രിസ്തുവും ക്രൈസ്തവനും തമ്മിലുള്ള അഭേദ്യമായ ബന്ധമാണ് വ്യക്തമാക്കുന്നത്.

www.malankaralibrary.com

(വാ. 7–10) ക്രൈസ്തവവിശ്വാസം ദൈവദാനം.

തൻെറ നവ്യവ്യക്തിത്വത്തിൽ ക്രിസ്ത്യാനിക്കു് അഭിമാനിക്കാനൊന്നുമില്ല. അവനെ രക്ഷിച്ച വിശ്വാസം ദൈവദാനമാണു്, അവൻെറ അവകാശമോ യോഗ്യതയോ അല്ല. ആകയാൽ ക്രൈസ്തവർ ദൈവത്തോടു് വിശ്വസ്തതയും കൃതജ്ഞതയും ഉള്ളവനാകണം.

## ജൂലൈ 8 ശ്ലീഹാ ആറാം ഞായർ ഫീലി 2:12–18

### നിത്യരക്ഷയ്ക്കായി അദ്ധ്വാനിക്കുവിൻ

ആമുഖം

ലൂക്കാസുവിശേഷകനമൊത്തു് പൗലോസു് നടത്തിയ രണ്ടാമത്തെ പ്രേഷിതപര്യടനവേളയിൽ എ. ഡി. 50_ നോടടുത്തു് ഫീലിപ്പോസിൽ സഭ സ്ഥാപിതമായി. പ്രസ്തുത സഭയിലെ തൻെറ പ്രേഷിതപ്രവർത്തനത്തിൻെറ ഫലം വിലയിരുത്തുകയാണു് പൗലോസു്ശ്ലീഹാ 2:12–18ൽ. കൂടാതെ ആത്മധൈര്യവും പ്രത്യാശയും കൈവെടിയാതെ, സ്വാർത്ഥമോഹങ്ങളാലും ഭിന്നതകളാലും നയിക്കപ്പെടാതെ, വിജാതീയർക്കു മാതൃകയായി ക്രൈസ്തവർ ജീവിക്കണമെന്നു് അദ്ദേഹം ആഹ്വാനം ചെയ്യുന്നു.

ശ്ലീഹാ വിദൂരത്തായിരിക്കുമ്പോഴും ക്രിസ്ത്യാനികരം ഉത്തമജീവിതം നയിക്കണമെന്ന ഉപദേശമാണു് 12–ാം വാക്യം. ''ഭയത്തോടും വിറയലോടുംകൂടി'' എന്നതു് ഒരു പഴയനിയമശൈലിയാണു് (പുറ. 15:16; ഇസ 19:16; സങ്കീ. 2:11; ജൂദിത്തു് 2:28). ഈ ശൈലി സൂചിപ്പിക്കുന്നതു' ക്രൂരയായ ദേവതയോടോ, അപ്രതിരോധ്യമായ വിധിയോടോ തോന്നുന്ന വിജാതീയരുടെ ഭയമല്ല; പിന്നെയൊ, ദൈവവിശ്വാസത്തിൽനിന്നുദ്ഭവിക്കുന്ന വിനയസമന്വിതമായ ബഹുമാനവും ആശ്രയവുമത്രെ. ''നിങ്ങളുടെ രക്ഷയ്ക്കുവേണ്ടി അദ്ധ്വാനിക്കുവിൻ'' എന്ന ഉപദേശം സ്വർഗ്ഗപ്രാപ്തിയിൽ ഓരോ മനുഷ്യനുമുള്ള വ്യക്തിപരമായ ഉത്തരവാദിത്വത്തെ സൂചിപ്പിക്കുന്നു.

''ദൈവം നിങ്ങളിൽ പ്രവർത്തനനിരതനായിരിക്കുന്നു (വാ. 13) എന്ന പ്രസ്താവന രക്ഷയിലേക്കുള്ള പ്രയാണത്തിൽ ക്രിസ്ത്യാനികളെ കർമ്മോത്സുകരാക്കാൻ പര്യാപ്തമാണു്. സ്വസുതനായ ക്രിസ്തുവിലൂടെയാണു് അവിടുന്നു് പ്രവർത്തിക്കുക (റോമ 1:4; 1 കോറി 6:14; ഫിലെ. 3:10).

(വാ. 14) ക്രൈസ്തവർ മുറുമുറുപ്പുകൂടാതെ വ്യാപരിക്കണം (cf സംഖ്യ. 14; 1 കോറി 10: 9–10).

(വാ. 15–16) വക്രതയുള്ളതും വഴിപിഴച്ചതുമായ തലമുറയുടെ നടുവിൽ (cf ആവ. 32:5) നിഷ്കളങ്കരും മാർഗ്ഗദീപങ്ങളുമായി (cf മത്താ 5:14–16) ക്രിസ്ത്യാനികരം സദാ ജീവിക്കണം. ശ്ലീഹായുടെ പ്രേഷിതവേല വിജയിച്ചുവെന്നതിനു തെളിവായിരിക്കുമതു്. 'മിശിഹായുടെ ദിവസം' എന്നതുകൊണ്ടു് ഉദ്ദേശിക്കുന്നതു് അവിടുത്തെ ദ്വിതീയാഗമനമാണു് (ഫീലി 1:6; cf 2 തെസ 2:4; 1കോറി 1:8).

തൻെറ അജഗണത്തിനുവേണ്ടി ജീവൻ ബലികഴിക്കേണ്ടിവരുന്നതിൽ പൗലോസിനു് സന്തോഷമേയുള്ളു (വാ. 17). പ്രസ്തുതാനന്ദത്തിൽ പങ്കുകൊള്ളുവാനുള്ള ക്ഷണമാണു് 18–ാം വാക്യം.

www.malankaralibrary.com

## ജൂലൈ 15 ശ്ലീഹാ ഏഴാംഞായർ 1 യോഹ. 3:11–18

### സഹോദരസ്നേഹത്തിൻെറ അപരിത്യാജ്യത

ആമുഖം

തങ്ങളുടെ ഗുരുവും നാഥനുമായ ക്രിസ്തുവിനെപോലെ അവിടുത്തെ അനുയായികളായ ക്രൈസ്തവരും സഹോദരന്മാരെ സ്നേഹിക്കുകയും വേണ്ടി വന്നാൽ അവക്കുവേണ്ടി ജീവൻ ബലികഴിക്കുകയും വേണം. ''നിങ്ങറം പരസ്പരം സ്നേഹിക്കുവിൻ'' (യോഹ. 13:34) എന്ന പ്രമാണത്തിൻെറ പൂർത്തീകരണമായിരിക്കണം ക്രിസ്തീയ ജീവിതം. കായേൻെറ പകയും വഞ്ചനയും ശപിച്ചുതള്ളിക്കൊണ്ടു് ക്രൈസ്തവസ്നേഹത്തിൻെറ ശ്രേഷ്ഠതയും ആവശ്യകതയും ഊന്നിപ്പറയുകയാണു് യോഹന്നാൻശ്ലീഹാ, ഈ ലേഖനഭാഗത്തിൽ.

പരസ്പരസ്നേഹം, ആദിമുതൽ കേട്ടിട്ടുള്ള സന്ദേശം (വാ.11.)

സ്നേഹത്തിൻെറ വിപ്ലവകാരിയായ ക്രിസ്തുവിൻെറ പ്രേഷ്ഠശിഷ്യനായ യോഹന്നാൻ എപ്പോഴും ഉപദേശിച്ചിരുന്നതു് 'നിങ്ങറം പരസ്പരം സ്നേഹിക്കുവിൻ'എന്നാണു് (1യോഹ. 2:24; 2യോഹ. 5). 'ആദിമുതൽ' എന്നതുകൊണ്ടുദ്ദേശിക്കുന്നതു് 'മാനസാന്തരവേളമുതൽ' എന്നാണു്.

കായേനെപ്പോലെയാകരുതു് (വാ. 12).

അന്യോന്യം സ്നേഹിക്കാൻ കടപ്പെട്ടവരായ ക്രിസ്ത്യാനികറം കായേൻെറ ദുർമാതൃക അനുകരിക്കരുതെന്നു് യോഹന്നാൻ താക്കീതുചെയ്യുന്നു. ആബേലിൻെറ നിർമ്മലതയും കായേൻെറ ദുഷ്ടതയും അദ്ദേഹം എടുത്തു കാണിക്കുന്നു.

സ്നേഹിക്കാത്തവൻ മൃതനാണു് (വാ. 13–15).

സ്നേഹിക്കുന്നതു് ജീവൻെറ ലക്ഷണമാണു്. സഹോദരനെ വെറുക്കുന്നവൻ കൊലപാതകിയത്രെ. ക്രിസ്തുവിൽ ഉയിർത്തെഴുന്നേററവരായ ക്രിസ്ത്യാനികറം സ്നേഹിക്കാതെ മൃതരായിത്തീരരുതു്.

സ്നേഹം പ്രായോഗികമാക്കുക (വാ. 16–18).

ക്രിസ്തു സ്നേഹത്തെക്കുറിച്ച് പഠിപ്പിക്കുകമാത്രമല്ല സ്വന്തം ജീവിതത്തിൽ അതു് പകർത്തിക്കാട്ടുകയും ചെയ്തു. അതുപോലെ ക്രിസ്ത്യാനികറം സ്നേഹത്തെക്കുറിച്ചു് ധ്യാനിക്കുകയും പ്രസംഗിക്കുകയും മാത്രം ചെയ്താൽ പോരാ അതു് പ്രവൃത്തിപഥത്തിൽ മററുള്ളവക്കു കാണിച്ചുകൊടുക്കണം. കാണപ്പെടുന്ന സഹോദരനെ സ്നേഹിക്കാതെ കാണപ്പെടാത്ത ദൈവത്തെ സ്നേഹിക്കുക അസാദ്ധ്യമാണു്.

## ജൂലൈ 22 ഫലാഗമകാലം ഒന്നാംഞായർ ഗാലാ 5:16–25

### ആത്മാവിനാൽ നയിക്കപ്പെടുക

ആമുഖം

ശരീരത്തിൻെറ അഭിനിവേശങ്ങളും ആത്മാവിൻെറ മന്ത്രണങ്ങളും പരസ്പരവിരുദ്ധങ്ങളാണു്. സ്വന്തം ദുരാശകളെ ക്രിസ്തുവിനോടുകൂടി ക്രൂശിച്ചു്

www.malankaralibrary.com

ദൈവാത്മാവിനെ സ്വീകരിച്ച ക്രൈസ്തവർ ശരീരത്തിന്റെ ആഗ്രഹങ്ങറംക്ക് വഴിപ്പെടാതെ ആത്മാവിന്റെ ഫലങ്ങറം പുറപ്പെടുവിക്കണമെന്നാണ് വി. പൗലോസ് ഗാലാത്തിയാക്കാരെ ഉദ്ബോധിപ്പിക്കുന്നതു്.

ആത്മാവിനാൽ നയിക്കപ്പെട്ടവിൻ (വാ. 16).

ക്രിസ്തീയ പുത്രസ്വീകാര്യത്തിന്റെ മൗലികതത്വമായ പരിശുദ്ധാത്മാവുതന്നെയാണ് ക്രിസ്തീയ പ്രവർത്തനങ്ങളുടേയും മൗലികതത്വം (റോമ 8:14).

നന്മചെയ്യുക വിഷമമാണു് (വാ. 17).

നന്മയുടേയും തിന്മയുടേയും ശക്തികറം ഓരോ മനുഷ്യനിലും പരസ്പരം കലഹിച്ചുകൊണ്ടിരിക്കുന്നു. ഈ യാഥാത്ഥ്യം മനസ്സിലാക്കിക്കൊണ്ടുതന്നെ സത്പ്രവൃത്തികറം ചെയ്യാൻ ക്രൈസ്തവൻ മുന്നോട്ടു വരണം. ഈ വിഷയം റോമ 7:15–20 ൽ പൗലോസ്ശ്ലീഹാ വിശദമായി പ്രതിപാദിക്കുന്നുണ്ടു്.

ക്രൈസ്തവൻ (യഥാത്ഥ) നിയമത്തിനതീതൻ. (വാ. 18).

ശരീരത്തിന്റെ ദുരാശകറംക്കു വശംവദരാകുന്നവരെ കടിഞ്ഞാണിട്ടു പിടിക്കുവാനാണ് നിയമങ്ങറം. ക്രൈസ്തവനാകട്ടെ ദുരാഗ്രഹങ്ങളെയെല്ലാം ക്രൂശിച്ചവനാണ്. ഈ അത്ഥത്തിൽ അവനെ നിയമത്തിന്റെ ചട്ടക്കൂട്ടിലടക്കേണ്ട കാര്യമില്ല. മാനുഷികനിയമങ്ങളുടെയെല്ലാം മകുടമായ സ്നേഹത്തിന്റെ പ്രമാണമാണ്, ആത്മാവിന്റെ പ്രചോദനങ്ങളാണ് അവനെ നയിക്കുന്നതു്.

വാ. 19–20 ൽ ജഡത്തിന്റെ പ്രവൃത്തികളേവയെന്നും വാ. 22 ൽ ആത്മാവിന്റെ ഫലങ്ങളേതെന്നും പൗലോസ്ശ്ലീഹാ വിവരിക്കുന്നു. നന്മകളുടേയും തിന്മകളുടേയും പട്ടികകറം സഭയിലുപയോഗിച്ചിരുന്ന ഡിഡാക്കേ (didache)യിൽ നിന്നാകാം ശ്ലീഹാക്കു ലഭിച്ചതു്.

വാ. 21 ൽ ശരീരത്തിന്റെ പ്രവണതകറം നിയന്ത്രിക്കണമെന്നും വാ. 24–26 ൽ ആത്മാവിനു യോജിച്ച ഫലങ്ങറം ഉല്പാദിപ്പിക്കണമെന്നും ശ്ലീഹാ ഉപദേശിക്കുന്നു. ശാരീരികദുരാശകളെ ക്രിസ്ത്യാനി ബലികഴിക്കണം (cf. റോമ. 2:19;6:6;8:9,13). ലോകത്തിനും ക്രൂശിക്കപ്പെട്ടവനാണ് ക്രിസ്ത്യാനി (റോമ. 6:14). 2 കോറി. 6:6; കൊളോ 3:12–15; എഫേ 4:2;5:9 എന്നിവിടങ്ങളിലും സത്കൃത്യങ്ങളുടെ പട്ടികകറം കാണാം.

ദേവസ്സി പന്തല്ലൂക്കാരൻ.

## ജൂലൈ 29 ഫലാഗമകാലം രണ്ടാം ഞായർ

## 1 കോറി. 15: 45–50

വി. പൗലോസിന്റെ കാലത്തു് മരിച്ചവരുടെ ഉയിപ്പിനെക്കുറിച്ച് പലയിടങ്ങളിലും സംശയങ്ങറം തലപൊക്കിയിരുന്നു. കോറിന്ത്യരിൽ ചിലർ മരിച്ചവരുടെ ഉത്ഥാനം ഇല്ലെന്നുതന്നെ വാദിച്ചിരുന്നു. ഈ പശ്ചാത്തലത്തിലാണ് വി. പൗലോസ് മിശിഹായുടെ ഉയിപ്പിനെക്കുറിച്ചും, മരിച്ചവരുടെ ഉയിപ്പിനെക്കുറിച്ചും, ശരീരങ്ങളുടെ ഉയിപ്പിനെക്കുറിച്ചുമെല്ലാം സവിസ്തരം പ്രതിപാദിക്കുന്നതു്. മിശിഹായുടെ ഉയിപ്പ് നമ്മുടേയും ഉയിപ്പിന്റെ

www.malankaralibrary.com

അച്ചാരമാണെന്നു് പൗലോസു് വാദിക്കുന്നു. ഉയിപ്പിൽ വിശ്വസിക്കാത്തവർ വെറും വിഡ്ഢികളാണെന്നാണദ്ദേഹം കരുതുക. ഓരോന്നും അതിന്റെ സ്വഭാവമനുസരിച്ചായിരിക്കും പുനരുത്ഥാനത്തിൽ ആയിരിക്കുക. അതിനുപയുക്തമായ മഹത്വം ദൈവം നല്കിക്കൊള്ളും.

ഭൗതികതലത്തിൽ നോക്കുമ്പോൾ മനുഷ്യകുലത്തിന്റെ ശിരസ്സ് ആദമായിരുന്നു. എന്നാൽ ആത്മീയതലത്തിൽ നോക്കുമ്പോൾ അതു് രണ്ടാമത്തെ ആദമായ ക്രിസ്തുവാണു്. സ്വാഭാവികജീവന്റെ ഉറവിടം ആദമായിരിക്കുന്നതുപോലെ അതിസ്വാഭാവികജീവന്റെ ഉറവിടം ക്രിസ്തുവാണു്. മരിക്കുന്നതും അഴുകുന്നതുമായ ജീവൻ എങ്ങനെ ആദത്തിൽനിന്നു ലഭിച്ചുവോ അങ്ങനെ പ്രകാശിതമായ ജീവൻ ക്രിസ്തുവിൽനിന്നും ലഭിച്ചിരിക്കുന്നു. നിത്യമഹത്വം പ്രാപിക്കുന്നതിനു് മനുഷ്യന്റെ നശ്വര ശരീരം രൂപാന്തരം പ്രാപിക്കേണ്ടിയിരിക്കുന്നു. ഭൗതികമായി നമുക്കു് ഒരു ജന്മവും രൂപവുമുണ്ടായതുപോലെ ആത്മീയമായും നമുക്കൊരു ജീവനുണ്ടാകണം. എന്നാൽ നാം ഭൗതികതയിൽത്തന്നെ നിലനിന്നാൽ ആത്മീയത നമ്മിൽനിന്നും വളരെ വിദൂരത്തായിരിക്കും.

ഉല്പത്തി 1: 27; 2 :7എന്നിവയുടെ അടിസ്ഥാനത്തിൽ 'പരിപൂർണ്ണമനുഷ്യൻ' പാപിയായ മനുഷ്യനു മുമ്പനാണെന്ന യവനയഹൂദ വ്യാഖ്യാനത്തെ ഖണ്ഡിക്കുവാനും വി. പൗലോസു് ഉദ്ദേശിക്കുന്നുണ്ടെന്നു തോന്നുന്നു. ആദിമനുഷ്യനായ ആദം പാപിയായിരുന്നെന്നും രണ്ടാം ആദമായ ക്രിസ്തുവാണു് യഥാർത്ഥ ആദമാനെന്നും അദ്ദേഹം പഠിപ്പിക്കുന്നു. മഹത്വീകൃതനായ ക്രിസ്തുവാണു് മനുഷ്യകുലത്തിന്റെ യഥാർത്ഥ പിതാവും നേതാവും മാതൃകയും. ക്രിസ്തുവിന്റെ ഉത്ഥിതശരീരം ഉയിപ്പു് സംബന്ധിച്ചു് ശരിയായ വിശ്വാസം ക്രൈസ്തവരിൽ ജനിപ്പിക്കും. പ്രസ്തുത വിശ്വാസികൾ മാത്രമെ–അക്ഷയ ശരീരം ക്രിസ്തുവിന്റെ അനശ്വര ശരീരവുമായി രൂപാന്തരപ്പെടുത്തുന്നവർ മാത്രമെ–ദൈവരാജ്യത്തിലെ അവകാശികളാവുകയുള്ളൂ.

ജെയ്ക്കബ്ബ് വേഴപറമ്പിൽ.

## ആഗസ്റ്റ് 5 ഫലാഗമകാലം മൂന്നാം ഞായർ
## 1കോറി 12: 12–26

ഏകശരീരം പല അവയവങ്ങൾ

കോറിന്ത്യൻ ക്രൈസ്തവരിൽ ഭൂരിഭാഗവും അടിമകളും താഴ്ന്നനിലയിൽപ്പെട്ടവരുമായിരുന്നു (1 കോറി 1: 26–29). സ്ഥാനമാനത്തേയും പദവിയേയും ചൊല്ലി ആ സഭയിലുണ്ടായ ഭിന്നിപ്പുകൾ (1 കോറി 11: 18) മിശിഹായിൽ അവരെ ജനിപ്പിച്ച ശ്ലീഹായെ (നട 18: 1–8) അസ്വസ്ഥനാക്കി. സ്നേഹരൂപിക്കുനിരക്കാത്ത ചരിദ്രവാസനകളെ ത്യജിച്ചുകൊണ്ടു് ക്രൈസ്തവസ്നേഹത്തിൽ ജീവിക്കാൻ ശ്ലീഹാ അവരെ ഉപദേശിക്കുന്നു. ശരീരത്തിൽ അവയവങ്ങൾക്കെന്നപോലെ (വാ.12) സഭാഗാത്രത്തിൽ വിശ്വാസികൾക്കുള്ള തുല്യപദവിയേക്കുറിച്ചും പങ്കാളിത്തത്തെക്കുറിച്ചും ഉദ്ബോധിപ്പിക്കുകയാണു് ശ്ലീഹാ, ഈ ലേഖനത്തിൽ.

ക്രിസ്തീയഐക്യം

മാമോദീസാവഴി ക്രിസ്തുവുമായി ഒന്നിക്കപ്പെട്ട ക്രൈസ്തവർ എല്ലാവരും പങ്കുപററുന്ന ജീവൻ ഒന്നു്; അവരുടെ വിശ്വാസം ഒന്നു്. പുത്രസ്വീകാ

www.malankaralibrary.com

ര്യത്തിന്റെ അരൂപിയെ സ്വീകരിച്ചിരിക്കുന്ന അവരെല്ലാവരും സ്വർഗ്ഗസ്ഥനായ പിതാവിന്റെ മക്കൾ (ഗാലാ 4:6), ഒരേ മുന്തിരിച്ചെടിയുടെ വിവിധ ശാഖകൾ (യോഹ. 15: 5). ഈ സമൂഹത്തിൽ ഭിന്നിപ്പ് ഒരു വിരോധാഭാസമത്രെ.

## വിവിധത്വം പ്രവൃത്തിയിൽ

ശരീരം ഒരവയവമല്ല, പലതു ചേർന്നതാണ്. സഭാഗാത്രവും ഇതുപോലെയത്രെ. സഭയിലും വിവിധതരം വരദാനങ്ങൾ ലഭിച്ചവരുണ്ട് (1 കോറി. 12: 9–10; എഫേ 4: 11). അതു് സമൂഹത്തിന്റെ നന്മയ്ക്കായിട്ടത്രെ അവർക്കു നൽകപ്പെട്ടിരിക്കുന്നതു് (1 കോറി 12. 7) സഭയിലെ വിവിധത്വം ശ്ലീഹാ ഇവിടെ വ്യക്തമാക്കുകയാണ്. പ്രവർത്തനത്തിലെ ഏകത്വമല്ല നാനാത്വമാണ് സഭാശരീരത്തിനു ഭൂഷണം. മിശിഹായാണ് ഈ ശരീരത്തിന്റെ ശിരസ്സ് (1കോറി 12: 27; എഫേ 4: 12). അവിടുത്തെ ആത്മാവിനെത്തന്നെയാണ് അവരും സ്വീകരിച്ചിരിക്കുന്നതു്. ക്രിസ്ത്യാനികൾക്ക് വിവിധങ്ങളായ വരദാനങ്ങൾ നൽകുന്നതും അവരെ ക്രിസ്തുവിലുള്ള ഐക്യത്തിൽ നിലനിർത്തുന്നതും ഈ ക്രിസ്താരൂപിയത്രെ (1കോറി 12: 11).

അരൂപിയുടെ വിവിധങ്ങളായ ദാനങ്ങളോടു് സഹകരിച്ചുകൊണ്ടു് പരസ്പരം സഹായിച്ചും (ഗാലാ 6:2), ബഹുമാനിച്ചും (1 കോറി 12:16) ഒരുമയോടുകൂടെ മുന്നേറുവാൻ ഉദ്ബോധിപ്പിക്കുകയാണ് ശ്ലീഹാ, ഈ ലേഖനത്തിൽ.

ജോസഫ് കോയിത്താനം

## ആഗസ്ററ് 12 ഏലീയാ സ്ലീബാ മൂശേ കാലം നാലാം ഞായർ

## 1കോറി. 15:22–26

### ക്രിസ്തുവിന്റെ മഹത്വീകരണം

**ആമുഖം**

ക്രിസ്തുവിന്റെ മഹത്വീകരണം അഥവാ ദ്വിതീയ ആഗമനമാണ് പൗലോസ് ശ്ലീഹാ ഇവിടെ ചർച്ചചെയ്യുന്നതു്. അന്നാണ് ക്രിസ്തുവിന്റെ യഥാർത്ഥ മഹത്വം ലോകം മുഴുവൻ ഗ്രഹിക്കുക. ക്രിസ്തുവിനോടുകൂടി അവിടുത്തെ അനുയായികളും ആ മഹത്വത്തിൽ പങ്കുചേരും. ഈ പ്രതീക്ഷയാണ് ശ്ലീഹാ അനുവാചകരിലേയ്ക്കു പകരുന്നതു്.

ക്രിസ്തു മരണത്തിന്റെ ആധിപത്യം അവസാനിപ്പിച്ച് ഉയിർത്തെഴുന്നേററു. ആദ്യത്തെ ആദത്തോടു പങ്കുചേർന്നവർ മരണമടഞ്ഞതുപോലെ രണ്ടാമത്തെ ആദമായ ക്രിസ്തുവിനോടു പങ്കുചേരുന്നവർ മരണത്തെ അതിജീവിക്കും. ക്രിസ്തുവിന്റെ മാതൃകയനുസരിച്ച് അവരും അവസാനദിവസം ഉയിർത്തെഴുന്നേൽക്കും. ഈ സത്യമാണ് 22 ഉം 23 ഉം വാക്യങ്ങളിലുള്ളതു്.

പിതാവു് തന്നെ ഏല്പിച്ചിരിക്കുന്ന രക്ഷാകര പദ്ധതി പുത്രൻ പൂർത്തീകരിച്ചുകഴിയുമ്പോൾ അവസാനം വരും. സകല നാരകീയ ശക്തികളുടേയും മേൽ തന്റെ അധികാരം സ്ഥാപിക്കുകയും തെരഞ്ഞെടുക്കപ്പെട്ടവരെയെല്ലാം തന്റെ ഉയിർപ്പിന്റെ മഹിമയിലേക്കാനയിക്കുകയും ചെയ്യുമ്പോൾ ആ മുഹൂർത്തം സമാഗതമാകും. അന്നു് രാജ്യം സ്വപിതാവിനു് ക്രിസ്തു സമർപ്പിക്കും. (വാ. 24, 25).

www.malankaralibrary.com

26-ാം വാക്യം മരണം എന്ന ശത്രുവിനെക്കുറിച്ചാണ് പറയുന്നത്. ക്രിസ്തു കീഴ്പ്പെടുത്തുന്ന ശത്രുക്കളിൽ അവസാനത്തേതാണ് മരണം. റോമ. 7ലെപ്പോലെ ഇവിടേയും മരണത്തിനു് വ്യക്തിത്വം കല്പിച്ചിരിക്കുന്നു.

'കർത്താവാ'യ (സങ്കീ. 110: 1) ക്രിസ്തുവിന്റെ മഹിമപ്രഭാവം സകലജനതതിക്കും വെളിപ്പെടുവാനിരിക്കുന്ന ആ ദിവസം അക്ഷമരായി കാത്തിരിക്കുന്നവരാണ് ക്രൈസ്തവർ.

സണ്ണി കാരിത്തുരുത്തേൽ

## ആഗസ്റ്റ് 19 ഫലാഗമകാലം അഞ്ചാം ഞായർ

റോമ. 8: 26–30

### ക്രൈസ്തവക്ക് ദൈവാത്മാവിന്റെ സഹായം

### വാ: 26–27: പ്രാർത്ഥനയും അരൂപിയും.

പുതിയനിയമത്തിൽ പ്രാർത്ഥനയെപ്പററി പ്രസ്താവിക്കുന്ന ശ്രദ്ധേയമായൊരു ഭാഗമാണിതു്. ക്രൈസ്തവജീവിതം പ്രാർത്ഥനയുടെ ജീവിതമാണ്. യഥാർത്ഥ പ്രാർത്ഥനയാവട്ടെ മനുഷ്യന്റെ കഴിവുകൊണ്ടും പ്രയത്നംകൊണ്ടും മാത്രം നടക്കുന്ന ഒന്നല്ല. പ്രത്യുത, പ്രാർത്ഥനയ്ക്കു് പ്രഥമവും പ്രധാനവുമായി വേണ്ടതു് അരൂപിയുടെ സഹായമാണ്. ദൈവത്തിന്റെ അരൂപിക്കു മാത്രമെ എന്തു പ്രാർത്ഥിക്കണം, എങ്ങനെ പ്രാർത്ഥിക്കണം എന്നു് അറിയുകയുള്ളു. കാരണം, ബലഹീനമായ മനുഷ്യപ്രകൃതിക്കു് ഓരോ സാഹചര്യങ്ങളിലും യഥാർത്ഥ നന്മയെന്തെന്നു് വിവേചിച്ചറിയുക വിഷമമാണ്. ബാഹ്യമായി നല്ലതെന്നു തോന്നുന്നതെല്ലാം വാങ്ങിത്തരണമെന്നു് മാതാപിതാക്കന്മാരോടു് ശാഠ്യം പിടിക്കുന്ന കുട്ടികളെപ്പോലെയാവരുതു് നാം പ്രാർത്ഥനയിൽ. 'ഇപ്രകാരം' എന്ന പദം 22–23 വാക്യങ്ങളെ സൂചിപ്പിക്കുന്നുണ്ടു്. 'ബലഹീനത'യെന്നതുകൊണ്ടു് വിവക്ഷിക്കുന്നതെന്താണ്? ധാർമ്മികമോ, പ്രാർത്ഥനയിലുള്ള അലസതയോ അഥവാ പൊതുവെയുള്ള ബലഹീനമായ മനുഷ്യപ്രകൃതിയോ? ദൈവത്തിന്റെ സഹായം തേടുവാൻ നമ്മെ നിർബ്ബന്ധിപ്പിക്കുന്ന പൊതുവിലുള്ള ബലഹീനപ്രകൃതിയായിരിക്കാം വി. ശ്ലീഹാ ഇവിടെ വിവക്ഷിക്കുക. നമ്മിലുള്ള അരൂപിയുടെ സഹായത്താൽ ബലഹീനപ്രകൃതിയെ, ശരീരത്തിന്റെ പ്രവണതകളെ നിഹനിക്കുവാൻ നമുക്കു കഴിയും. സ്വാതന്ത്ര്യത്തിന്റേയും പുത്രസ്വീകാര്യത്തിന്റേതുമായ ഈ ആത്മാവുമൂലമാണ് 'പിതാവേ' എന്നു നാം വിളിക്കുന്നതു് (14–15 വാക്യങ്ങൾ). അരൂപി പറയുന്നതെന്തെന്നു് ദൈവം അറിയുന്നു. കാരണം ഈ അരൂപി ദൈവത്തിന്റെ തന്നെ അരൂപിയാണ് (1 കോറി. 2: 10). ദൈവത്തിന്റെ തിരുവിഷ്ടത്തിനു് വിധേയമായാണ് ഈ അരൂപി നമുക്കുവേണ്ടി മാദ്ധ്യസ്ഥ്യം വഹിക്കുന്നതു്. ചുരുക്കത്തിൽ പ്രാർത്ഥനയെന്നതു് അരൂപിയുടെ നമ്മിലുള്ള പ്രവൃത്തിയാണ്.

28 – 30 വാക്യങ്ങളിൽ ദൈവത്തിന്റെ ദാനമായ 'രക്ഷ'യാണ് പ്രതിപാദ്യം. ദൈവത്തെ സ്നേഹിക്കുന്നവക്ക് സകലതും നന്മയ്ക്കായി ഭവിക്കുന്നു. ദൈവത്തോടുള്ള നമ്മുടെ സ്നേഹമാവട്ടെ ദൈവത്തിനു് നമ്മോടുള്ള അനന്തമായ സ്നേഹത്തിനു് നാം നൽകുന്ന പ്രത്യുത്തരമത്രെ. ദൈവമാണ് ആദ്യം നമ്മെ സ്നേഹിച്ചതു് (cfr. യോഹ. 4: 10, 19). ക്രിസ്തു തന്റെ മരണവും പുനരുത്ഥാനവുംവഴി നാമേവരും ചരിക്കേണ്ട ജീവന്റെ പാത തുറന്നു. അങ്ങനെ അവിടുന്നു് അനേക സഹോദരരുടെ ഇടയിൽ ആദ്യ ജാതനായിത്തീർന്നു (Ref ഹെബ്രാ. 2: 10). 'സ്വീകാര്യരാക്കി, "വിളിച്ചു" എന്നിവ സെന്റ്

www.malankaralibrary.com

പോളിന്റെ വീക്ഷണത്തിൽ ഗതകാലാനുഭവങ്ങളാണ്; എന്നാൽ മഹത്വീകരണമാവട്ടെ ഭാവിയിൽ വരാനിരിക്കുന്നതും.

ജോസഫ് പാനാമ്പുഴ.

## ആഗസ്റ്റ് 26 ഫലാഗമകാലം ആറാം ഞായർ

## 1 പത്രോ. 4: 12–16.

### ക്രിസ്തുവിനെപ്രതി പീഡകൾ സഹിക്കുക

പീഡനവും കഷ്ടപ്പാടും ക്രൈസ്തവരെ സംബന്ധിച്ചിടത്തോളം അപരിചിതമല്ലെന്നും ക്രൈസ്തവജീവിതംതന്നെ ക്രിസ്തുവിന്റെ പീഡാസഹനവുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കെ, ക്ലേശങ്ങളും പീഡനങ്ങളും കണ്ട് മനംമടുക്കേണ്ടതില്ലെന്നും ഏഷ്യാമൈനറിന്റെ വടക്കും കിഴക്കും ഭാഗങ്ങളിൽ താമസിച്ചിരുന്ന യഹൂദേതര ക്രൈസ്തവരെ, അപ്പസ്തോലൻ ബോദ്ധ്യപ്പെടുത്തുകയാണ് 12 മുതൽ 16–വരെ വാക്യങ്ങളിൽ. ലോകത്തിൽ എന്നും ക്ലേശങ്ങളുടെ മദ്ധ്യേ ജീവിച്ചിട്ടുള്ളവരാണ്, ക്ലേശങ്ങളുടെ രുചി ശരിക്കും അറിഞ്ഞിട്ടുള്ളവരാണ് യഹൂദർ. എന്നാൽ വിജാതിയരുടെ സ്ഥിതി അതല്ലല്ലോ. പീഡനങ്ങളുടെ കാഠിന്യം എന്തെന്നറിഞ്ഞിട്ടില്ലാത്ത ഇവർ, ഭാവിയിൽ പീഡനങ്ങളുടെ എരിതീയിൽ കിടന്നു നട്ടംതിരിയുമ്പോൾ അസ്വസ്ഥരാകാതിരിക്കേണ്ടതിന് മുൻകൂട്ടി അവരെ ബോദ്ധ്യപ്പെടുത്തുകയാണ് അപ്പസ്തോലൻ.

കഠിനമായ പീഡനങ്ങൾക്കിടയാകുമ്പോൾ അപരിചിതരെപ്പോലെ അസ്വസ്ഥരാകരുത്; പ്രത്യുത, സന്തോഷിക്കുകയാണ വേണ്ടതെന്ന് ശ്ലീഹാ ഉപദേശിക്കുന്നു (വാ. 12–13). ക്ലേശങ്ങളുടെ മുമ്പിൽ പുഞ്ചിരി പൊഴിക്കണം ക്രിസ്ത്യാനി. അതാണവനെ അക്രൈസ്തവരിൽനിന്നും വേർതിരിക്കുന്നത്. കാരണം ഒരു ക്രിസ്ത്യാനി ലോകത്തിന്റേതല്ല. ലോകത്തിന്റേതല്ലാത്തവൻ ഈ ലോകത്തിന്റെ മൗഢ്യതകളാൽ ആക്രമിക്കപ്പെടും. അപ്പോൾ ലോകത്തിൽനിന്ന് അവനെ വേർതിരിക്കുന്ന ക്രിസ്തു അവന്, സഹനത്തിന്റെ ശക്തി പ്രദാനം ചെയ്യുന്നു.

മിശിഹായെപ്രതി പീഡകൾ സഹിക്കുന്നവന്റെ മേൽ മഹത്വത്തിന്റേയും ദൈവത്തിന്റേയും ആത്മാവ് ആവസിക്കുന്നു (വാ. 14). ക്രിസ്തുവിൽ, ക്രിസ്തുവിനോടുകൂടി സഹിക്കുക. പുതിയനിയമത്തിൽ ഉടനീളം പ്രത്യേകിച്ച് വി. പൗലോസിന്റെ ലേഖനങ്ങളിൽ ഈ ആശയം കാണാം. ''അവിടുത്തോടൊപ്പം സഹിക്കുന്നെങ്കിൽ അത് അവിടുത്തോടൊപ്പം മഹത്വീകൃതനാകേണ്ടതിനത്രെ (റോമ. 8: 17). സഹനത്തിനൊരു പ്രത്യേക ലക്ഷ്യമുണ്ട്– പുനരുത്ഥാനം. പുനരുത്ഥാനത്തിലുള്ള പ്രത്യാശയാണ് ക്രിസ്ത്യാനിയ്ക്ക് സഹനത്തിനുത്തേജനം നല്കുന്നത്. 'അവിടുത്തെ മരണത്തോടു താദാത്മ്യപ്പെട്ട് അവിടുത്തെ സഹനത്തിൽ പങ്കുചേരുന്നതുവഴി മരിച്ചവരിൽനിന്നുള്ള പുനരുത്ഥാനം പ്രാപിക്കാമെന്ന്' പ്രത്യാശിക്കുന്നു (ഫിലി. 3: 10).

ക്രിസ്തുവിനോടുകൂടിയുള്ള സഹനത്തിന് പ്രത്യേകതയുണ്ട്. ഒരുവൻ അവന്റെ ദുഷ്പ്രവൃത്തിയുടെ ഫലമായി പീഡിപ്പിക്കപ്പെടുന്നെങ്കിൽ അതൊരിക്കലും ക്രിസ്തീയമല്ല (വാ. 15–16). ക്രിസ്തുവിനുവേണ്ടി നിലകൊള്ളുമ്പോൾ, ലോകത്തിന്റേതായ പീഡനങ്ങൾക്കും ക്ലേശങ്ങൾക്കും ഇരയാകുമ്പോൾ, അതാണ് മഹത്വീകരണത്തിനു കാരണമാകുന്നത്. അപ്രകാരമുള്ള സഹനത്തിലാണ് ക്രിസ്ത്യാനി ആനന്ദംകൊള്ളേണ്ടത്.

അബ്രാഹം കൊല്ലിത്താനത്ത്.

www.malankaralibrary.com

## സെപ്റ്റംബർ 2 ഫലാഗമകാലം ഏഴാം ഞായർ

**റോമ. 13: 1–10**

### അധികാരികളെ അനുസരിക്കുക

രാഷ്ട്രീയ അധികാരികളോടും നിയമങ്ങളോടും വിശ്വാസികൾ എന്തു മനോഭാവം പുലർത്തണമെന്നാണ് വി. പൗലോസ് ഈ ലേഖനഭാഗത്തിൽ ഉദ്ബോധിപ്പിക്കുന്നത്. കൂടാതെ സ്നേഹത്തിന്റെ മഹനീയത ഊന്നിപ്പറയുകയും ചെയ്യുന്നു. നിലവിലുള്ള ഭരണസംവിധാനങ്ങൾ സമൂലം തറപററിക്കുവാൻ അക്ഷീണം യത്നിച്ചിരുന്ന രാഷ്ട്രീയ തീവ്രവാദികളെ (zealots) മുമ്പിൽ കണ്ടുകൊണ്ടാണ് അപ്പസ്തോലൻ ഈ ഭാഗം എഴുതിയിട്ടുള്ളത്.

(വാ. 1–2) അധികാരികളെ ധിക്കരിക്കുന്നവൻ ദൈവത്തെ ധിക്കരിക്കുന്നു. കാരണം സർവ്വാധികാരങ്ങളുടെയും ഉറവിടം അവിടുന്നാണ്. നിയമലംഘകർ ദൈവകോപത്തിനിരയാകുകയും ചെയ്യും.

(വാ. 3–4) ധർമ്മസംസ്ഥാപനാർത്ഥം ദൈവത്തിന്റെ ശുശ്രൂഷകനായി പരിശ്രമിക്കുന്നവനാണ് അധികാരി. തിന്മ പ്രവർത്തിക്കുന്നവരെ മാത്രമെ അദ്ദേഹം ശിക്ഷിക്കുകയുള്ളൂ. അതിനാൽ നന്മ ചെയ്യുന്നവർ അവനെ ഭയപ്പെടേണ്ട കാര്യമില്ല. അധികാരികളെ അനുസരിക്കേണ്ടതു് രണ്ടു കാരണങ്ങൾ കൊണ്ടാണ്; ദൈവകോപത്തിൽ നിന്നൊഴിഞ്ഞുമാറാനും മനസ്സാക്ഷിയുടെ പേരിലും. അധികാരസ്ഥാനങ്ങളിലിരിക്കുന്നവർ സ്വാർത്ഥമോഹികളല്ല, ജനസേവകരാണ്. അദ്ദേഹം ധരിച്ചിരിക്കുന്ന 'വാൾ' രാഷ്ട്രീയ അധികാരത്തെ ദ്യോതിപ്പിക്കുന്നു.

(വാ. 6–7). യഥാർത്ഥത്തിൽ ദൈവശുശ്രൂഷികളും ജനസേവകരുമായി അധികാരികൾ വ്യാപരിക്കുമ്പോൾ അവർ ആവശ്യപ്പെടുന്നതെന്തും നല്കുവാൻ ഭരണീയർ ന്യായമായും ബാദ്ധ്യസ്ഥരാണ്: ബഹുമാനം, നികുതി, ചുങ്കം മുതലായവ.

(വാ. 8–10). സർവ്വപ്രമാണങ്ങളുടേയും സംഗ്രഹവും പൂർത്തീകരണവുമാണ് സ്നേഹത്തിന്റെ പ്രമാണം. സഹോദരനെ സ്നേഹിക്കുന്നവൻ എല്ലാ നിയമങ്ങളും അനുസരിക്കുന്നവനത്രെ. നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ എന്ന പുതിയ കല്പന (യോഹ. 13; 34) ആവർത്തിച്ചു പഠിപ്പിക്കുകയാണ് വി. പൗലോസ്. അടിച്ചേല്പിക്കുന്ന നിയമാനുഷ്ഠാനങ്ങളേക്കാൾ എത്രയോ ശ്രേഷ്ഠമാണ് സ്നേഹജന്യമായ പരോപകാരപ്രവൃത്തികൾ?

ജോസഫ് മൈലാടിയിൽ.

## സെപ്റ്റംബർ 9 ഏലിയാ ഒന്നാം ഞായർ

**2 പത്രോ. 1:16–21**

### വിശ്വാസത്തിനുള്ള പ്രേരകശക്തികൾ

ക്രിസ്തുവിന്റെ ദ്വിതീയാഗമനം ക്ഷിപ്രസംഭവ്യമാണെന്നു ധരിച്ചുവശായ ഏതാനും ക്രിസ്ത്യാനികൾ ക്രമേണ അവിടുന്ന് വീണ്ടും വരും എന്ന വിശ്വാസം കൈവെടിഞ്ഞു. ഇത്തരുണത്തിൽ അവരിൽ വിശ്വാസം പുനർജ്ജീവിപ്പിക്കുവാൻ പരിശ്രമിക്കുകയാണ് വി. പത്രോസ്, ഈ ലേഖന

www.malankaralibrary.com

ത്തിൽ. പ്രസ്തുത വിശ്വാസത്തിന് ഉപോത്ബലകമായ രണ്ടു പ്രേരകശക്തികളാണ് ഇന്നത്തെ ലേഖനഭാഗത്തിൽ അപ്പസ്തോലൻ വിവരിക്കുന്നത്.

### 1. ക്രിസ്തുവിന്റെ രൂപാന്തരീകരണം സംബന്ധിച്ച അപ്പസ്തോലന്റെ സാക്ഷ്യം (വാ. 16–18)

കൗശലപൂർവ്വം നിർമ്മിച്ച കല്പിതകഥകളല്ല അപ്പസ്തോലന്റെ പ്രബോധനങ്ങൾ. അദ്ദേഹം സംസാരിക്കുന്നത് സ്വന്തം ജീവിതത്തിൽ അനുഭവിച്ചറിഞ്ഞ, സാക്ഷ്യം വഹിച്ച കാര്യങ്ങളാണ് (cf 1 യോഹ. 1:1–3). ക്രിസ്തുവിന്റെ രൂപാന്തരീകരണവേളയിൽ പത്രോസും വിശുദ്ധ മലയിലുണ്ടായിരുന്നു (മത്താ. 17:1–8; മർക്കോ. 9:2–8; ലൂക്കാ. 9:28–36). അപ്പസ്തോലന്റെ വീക്ഷണത്തിൽ പ്രസ്തുത സംഭവം അവിടുത്തെ ദ്വിതീയാഗമനത്തിന്റെ മുന്നാസ്വാദനമാണ്. എന്നാൽ, അവിടുത്തെ ഉത്ഥാനത്തിന്റെ മുന്നാസ്വാദനമായാണ് ഇതിനെ സാധാരണ പരിഗണിക്കുക. അപ്പസ്തോലന്റെ ഈ സാക്ഷീകരണം ക്രൈസ്തവരുടെ വിശ്വാസത്തെ സ്ഥിരപ്പെടുത്തും.

### 2. പ്രവാചകസാക്ഷ്യം (വാ. 19–21)

19–ാം വാക്യത്തിലെ 'ഏററം ഉറപ്പുള്ള' എന്ന പ്രയോഗം രണ്ടു തരത്തിൽ വ്യാഖ്യാനിക്കാം: 1) അപ്പസ്തോലന്റെ സാക്ഷീകരണത്തേക്കാൾ ശക്തമാണ് പ്രവാചകവാക്യം; 2) ക്രിസ്തുവിന്റെ രൂപാന്തരീകരണം, അവിടുത്തെ രണ്ടാമത്തെ വരവിനെക്കുറിച്ചുള്ള പ്രവചനങ്ങളെ ദൃഢതരമാക്കുന്നു.

പ്രവചനത്തിന്റെ സ്വഭാവമാണ് ഇരുപതും ഇരുപത്തൊന്നും വാക്യങ്ങളിലെ പ്രതിപാദ്യം. പ്രവാചകവചനങ്ങൾ ഇഷ്ടംപോലെ വ്യാഖ്യാനിക്കാവുന്നവയല്ല. പരിശുദ്ധാത്മാവിന്റെ പ്രചോദനം അവയ്ക്കു പിന്നിലുള്ളതിനാൽ ദൈവനിവേശിതരായവർ മാത്രമെ അവ കൈകാര്യം ചെയ്യാവൂ. മുൻവിധികൾകൂടാതെ, സ്വാർത്ഥപരമായ ലക്ഷ്യങ്ങൾ മാററിവച്ചുകൊണ്ടു വേണം തിരുലിഖിതങ്ങൾ വായിക്കുന്നതും ശ്രവിക്കുന്നതും.

വ്യാജപ്രബോധകർക്ക് വശംവദരാകാതെ (2:1) ക്രിസ്തുവിന്റെ ദ്വിതീയാഗമനത്തിൽ ഉറച്ചു വിശ്വസിക്കുവാൻ വി. പത്രോസ് ക്രൈസ്തവരെ ആഹ്വാനം ചെയ്യുകയാണ്.

ജോർജ്ജ് ഊന്നുകല്ലേൽ

## സെപ്ററംബർ 16 സ്ളീവാ ഒന്നാം ഞായർ
## 1 കോറി. 1:17–25

ഒരു കച്ചവടകേന്ദ്രമായിരുന്ന കോറിന്ത് എല്ലാവിധ തിന്മകളുടേയും കേന്ദ്രമായിരുന്നു. ക്രിസ്തുമതം സ്വീകരിച്ചവർതന്നെയും പിന്നീട് ലൗകായതികതയിൽ മുഴുകി കക്ഷിമത്സരങ്ങൾക്കും മററു തിന്മകൾക്കും അടിപ്പെട്ട്, ക്രിസ്തീയതത്വങ്ങൾ ബൗദ്ധികമായിമാത്രം സ്വീകരിക്കുന്നവരായി. ഈ അവസരത്തിലാണ് പൗലോസ്ശ്ലീഹാ കുരിശിന്റെ സന്ദേശത്തിന്റെ അതുല്യത എടുത്തുകാട്ടുന്നത്.

വെറും മാനുഷികവിജ്ഞാനംകൊണ്ടുമാത്രം ക്രിസ്തീയതത്വങ്ങൾ വിലയിരുത്തിയ ഗ്രീക്കുകാർക്കും നിയമത്തിന്റെ പരിധിക്കുള്ളിൽ നിന്നുകൊണ്ടു മാത്രം ചിന്തിക്കുന്ന യഹൂദന്മാർക്കും കുരിശിന്റെ സന്ദേശം ഭോഷത്തമാണ്.



www.malankaralibrary.com

ഐസയാസ് പ്രവാചകന്റെ പുസ്തകത്തിൽനിന്നു രണ്ടുദ്ധരണികാം (ഇസ. 29:14; 33:18) എടുത്തുകൊണ്ടു്, എപ്രകാരമാണു് മാനുഷികവിജ്ഞാനംമാത്രം പിൻതുടരുന്നവർ നാശമടയുന്നതെന്നു് വ്യക്തമാക്കുകയാണു് വി. പൗലോസ്.

ദൈവത്തെ അറിയാനുള്ള ഏകമാർഗ്ഗം ദൈവികപദ്ധതിയുടെ ആവിഷ്ക്കാരമായ ക്രിസ്തുവിനെ സ്വീകരിക്കുകയാണു്. ഈ ആശയമാണു് നടപടിപുസ്തകത്തിൽ പത്രോസ്ശ്ലീഹായുടെ പ്രസംഗങ്ങളിൽ കാണുക. a) കർത്താവിന്റെ സ്വീകാര്യസമയം വന്നുകഴിഞ്ഞു.' b) അതു് ക്രിസ്തുവിന്റെ ജീവിതത്തിലൂടെയും മരണത്തിലൂടെയും ഉത്ഥാനത്തിലൂടെയുമാണു് പൂർത്തീകരിക്കപ്പെട്ടതു്. c) അവയെല്ലാം പ്രവചനങ്ങളുടെ പൂർത്തീകരണമായിട്ടാണു് സംഭവിച്ചതു്. d) ക്രിസ്തു ഇനിയും ആഗതനാകും. e) എല്ലാവരും മാനസാന്തരപ്പെട്ടു് പരിശുദ്ധാത്മാവിന്റെ ദാനമായ ക്രിസ്തുരഹസ്യത്തെ ഹൃദയപൂർവ്വം സ്വീകരിക്കണം.

ഈ സന്ദേശം യഹൂദനു് ഇടർച്ചയാണു്. കാരണം ക്രൂശിക്കപ്പെട്ടവൻ ദൈവത്താൽ തിരസ്കൃതനാണവനു് (ആവ. 21:23). ഇസ. 53-ൽ കാണുന്ന സഹിക്കുന്ന യാഹ്വെയുടെ ദാസനെ അവർക്കു മനസ്സിലാക്കാൻ കഴിഞ്ഞില്ല.

ഗ്രീക്കുകാരെ സംബന്ധിച്ചിടത്തോളം വേദനയും സങ്കടവും അനുഭവിക്കാൻ ദൈവത്തിനു കഴിയുകയില്ല. കാരണം അങ്ങനെയുള്ള ദൈവം മനുഷ്യരാൽ സ്വാധീനിക്കപ്പെടും -അതു് വിരോധാഭാസമാണു്, ദൈവികശക്തിക്കു് കുറവാണു്.

എന്നാൽ പൗലോസ്ശ്ലീഹാ ശക്തമായ ഭാഷയിൽ പറയുകയാണു്, യൂദന്മാർക്കും യവനർക്കും കുരിശിന്റെ സന്ദേശം ഭോഷത്തമാണെങ്കിലും വിളിക്കപ്പെട്ടവർക്കു് അവർ യൂദരോ യവനരോ ആകട്ടെ, മിശിഹാ ദൈവത്തിന്റെ ശക്തിയും ജ്ഞാനവുമാണെന്നു്. എന്തെന്നാൽ ദൈവത്തിന്റെ ഭോഷത്തം മനുഷ്യരുടെ വിജ്ഞാനത്തേക്കാളും ദൈവത്തിന്റെ ബലഹീനത മനുഷ്യന്റെ ശക്തിയേക്കാളും മഹത്തരമാണു്.

ദൈവത്തിന്റെ വിജ്ഞാനം അറിയാതെ മനുഷ്യന്റെ വിജ്ഞാനം മാത്രം വിശ്വസിക്കുന്നതു് അജ്ഞതയോ, തെറ്റോ മാത്രമല്ല പാപവുമാണു്- നാശത്തിന്റെ പാത. ക്രിസ്തുവിനു സ്വയം അർപ്പിക്കുന്നവർക്കു കുരിശിന്റെ സന്ദേശം രക്ഷ പ്രദാനം ചെയ്യുന്നു.

ജോസ് മാരാമറ്റം

## സെപ്റ്റംബർ 23 ശ്ലീവാ രണ്ടാംഞായർ

**കൊളോ. 3:1-11**

### ക്രിസ്തുവിൽ നവജീവൻ പ്രാപിച്ചവർ

കൊളോസോസുകാരായ വിശ്വാസികളെ തങ്ങളുടെ മഹത്വവും പ്രായോഗികജീവിതത്തിൽ അനുവർത്തിക്കേണ്ട കാര്യങ്ങളും സംബന്ധിച്ച് ഉപദേശിക്കുകയാണു് വി. പൗലോസ്. ഈ നിർദ്ദേശങ്ങൾ എല്ലാ കാലത്തേയും ക്രൈസ്തവർക്കുള്ള മാർഗ്ഗരേഖകളാണു് എന്നതിൽ തെല്ലും സംശയമില്ല.

www.malankaralibrary.com

ക്രൈസ്തവന് ഒരു നൂതനാഭിമുഖ്യം (വാ. 1_2).

ജ്ഞാനസ്നാനം ഒരുവനെ ക്രിസ്തുവിൻെറ മരണത്തിലും ഉത്ഥാനത്തിലും പങ്കുചേർക്കുന്നു. അതുവഴി, അന്നുവരെയുള്ള ദുഷ്പ്രവൃത്തികൾ ത്യജിച്ച് ആ വ്യക്തി ക്രൈസ്തവനായിത്തീരുന്നു, ഒരു പുതിയ വ്യക്തിത്വത്തിൻെറ ഉടമയാകുന്നു. അദ്ദേഹം ഒരു പുതിയ ചിന്താരീതിയും മനസ്സാക്ഷിയും രൂപപ്പെടുത്തിയെടുക്കണം.

ക്രൈസ്തവൻെറ നിഗൂഢമാഹാത്മ്യം (വാ. 3_4)

ക്രിസ്തുവിൽ നവജീവൻ സ്വീകരിക്കുകവഴി ഒരു അമൂല്യനിധിയാണ് ഒരുവനിൽ സംജാതമാകുന്നത്. ക്രിസ്തുവുമായി ഒന്നാക്കപ്പെടുന്ന അവൻെറ, മാഹാത്മ്യം മനസ്സിലാക്കുവാൻ ലോകത്തിനു സാദ്ധ്യമല്ല. ക്രിസ്തുനാഥൻതന്നെ അന്തിമനാളിൽ ക്രൈസ്തവൻെറ മഹത്വം ലോകത്തിനു വെളിപ്പെടുത്തുമെന്നപ്രതീക്ഷ വി. ശ്ലീഹാ അനുവാചകരിൽ വളർത്തുന്നു.

പഴയമനുഷ്യനെ ഉരിഞ്ഞുമാററുക (വാ. 5_9)

ക്രൈസ്തവവ്യക്തിത്വവുമായി ഒരിക്കലും പൊരുത്തപ്പെടാത്ത തിന്മകളുടെ പട്ടികകളാണ് 5,8, എന്നീ വാക്യങ്ങൾ. ഇവയ്ക്കെതിരെയുള്ള നിരന്തരമായ പോരാട്ടമാണ് ക്രൈസ്തവജീവിതം. ഇത്തരം തിന്മകളിൽനിന്നും തങ്ങളെ രക്ഷിച്ചതിന് ക്രിസ്ത്യാനികൾ സദാ ദൈവത്തിന് കൃതജ്ഞത പ്രകാശിപ്പിക്കണമെന്നും അപ്പസ്തോലൻ ഉദ്ബോധിപ്പിക്കുന്നു.

നവ്യവ്യക്തിത്വം ധരിക്കുക (വാ. 10–11)

ക്രിസ്തുവിൽ നവീകരിക്കപ്പെട്ടവർ ഒരേ മൗതികശരീരത്തിലെ അംഗങ്ങളാകുന്നു. വിശ്വാസത്തിലുള്ള ഐക്യം അവരെ ജാതിമതവർഗ്ഗവിഭിന്നതകളിൽ അധിഷ്ഠിതമായ സങ്കുചിത ചിന്താഗതികൾക്കതീതരാക്കുന്നു. വിശ്വസാഹോദര്യത്തിനു നിദാനമായി വർത്തിക്കേണ്ടതും വിശ്വാസത്തിലുള്ള ഈ ഐക്യമത്രെ. എല്ലാററിലും എല്ലാമായ മിശിഹായിൽ (11:6) കേന്ദ്രീകൃതമായ ഒരു ജീവിതമാണ് ക്രിസ്ത്യാനികൾ നയിക്കേണ്ടതു്.

ജേക്കബ്ബ് മുളളൂർ.

## സെപ്ററംബർ 30 സ്ളീവാ മൂന്നാംഞായർ

### ഫിലി 1:27-30

### വിശ്വാസത്തിനുവേണ്ടിയുള്ള പോരാട്ടം

ആമുഖം

വി. പൗലോസിന് വിശ്വാസത്തെപ്രതി വളരെയധികം ഞെരുക്കങ്ങളും കഷ്ടതകളും സഹിക്കേണ്ടിവന്നു. തദവസരത്തിൽ തന്നോടു സ്നേഹവും അനുകമ്പയും പ്രദർശിപ്പിച്ച, ഫീലിപ്പോസിലെ വിശ്വാസികളോട് നന്ദിയും സ്നേഹവും അറിയിയ്ക്കുകയാണ് ശ്ലീഹാ, ഈ ലേഖനത്തിലൂടെ. അതോടൊപ്പംതന്നെ അവർ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഓർമ്മപ്പെടുത്തുകയും ചെയ്യുന്നു.

www.malankaralibrary.com

''നിങ്ങൾ ഒരേ ആത്മാവോടും ഒരേ മനസ്സോടുംകൂടി മിശിഹായുടെ സുവിശേഷത്തിനു ചേർന്നവിധത്തിൽ മാത്രം വ്യാപരിക്കുവിൻ'' (ഫീലി. 1:27).

വ്യാജോപദേഷ്ടാക്കളിൽനിന്നു് നാശം നേരിടാതിരിക്കാൻ സൂക്ഷിക്കണമെന്നു് അപ്പസ്തോലൻ അനുശാസിക്കുന്നു. അതിനുള്ള പ്രായോഗികമാർഗ്ഗങ്ങളും ചൂണ്ടിക്കാണിക്കുന്നുണ്ടു് അദ്ദേഹം. ആദിമസഭയിൽ കപടോപദേശങ്ങളാൽ വിശ്വാസികളെ വഴിതെററിക്കുവാൻ ദുർമ്മാർഗ്ഗികൾ പരിശ്രമിക്കുകയുണ്ടായി. ഈദൃശ പ്രലോഭനങ്ങൾക്കു് വഴിപ്പെടാതിരിക്കാൻ ശ്ലീഹാ നിർദ്ദേശിക്കുന്നതു് ക്രിസ്തുവിലുള്ള അചഞ്ചലമായ വിശ്വാസമാണു്. അതിനായി ഐക്യവും സ്നേഹവും അവർ അഭംഗം പാലിക്കണമെന്നും അദ്ദേഹം ഉദ്ബോധിപ്പിക്കുന്നു.

ക്രൈസ്തവവിശ്വാസം സംരക്ഷിക്കാൻ വിശ്വാസത്തിൽനിന്നും പ്രതീക്ഷയിൽനിന്നും ഉദ്ഭൂതമായ ആത്മധൈര്യം വേണം. ക്രിസ്ത്യാനി ദൈവരാജ്യത്തിന്റെ അവകാശിയും പൗരനുമാണു്. ''ഇനിമേൽ നിങ്ങൾ........ദൈവഭവനത്തിലെ അംഗങ്ങളുമത്രെ'' (എഫേ. 2:19). എത്രമാത്രം ഈ ദൈവരാജ്യത്തിലെ അംഗത്വത്തോടു് നീതിപുലർത്തുന്നുവോ അത്രമാത്രം അവർ വിശ്വാസത്തിൽ ഉയരുമെന്നു് വി. പൗലോസു് വ്യക്തമാക്കുന്നു. 'അവർ ജാഗ്രതയോടെയിരിക്കുന്ന പടയാളികളായിരിക്കണം' (1 കോറി. 16:13). അതിനായി ഒരേ ആത്മാവിൽനിന്നു് അവർ ശക്തിയാർജ്ജിക്കണം (ഫീലി 4:1). ക്രൈസ്തവർക്കു് ഒരു കർത്താവും ഒരു വിശ്വാസവും ഒരു മാമോദീസായും മാത്രമേയുള്ളു. എല്ലാവരുടേയും ലക്ഷ്യം ഒന്നാകയാൽ മററുള്ളവർക്കുവേണ്ടികൂടിയും അവർ സഹിക്കാൻ സന്നദ്ധരാകണം. വിശ്വാസത്തിലുള്ള ഐക്യത്തിനായി ക്രിസ്തുനാഥൻ പ്രാർത്ഥിച്ചു (യോഹ. 7:21). ദൈവികദാനമായ വിശ്വാസം വിനയവിധേയത്വസമന്വിതം നാം സ്വീകരിച്ചു് അതിൽ നിലനിന്നാൽ അവിടുത്തെ സ്നേഹത്തിന്റേയും കരുണയുടേയും പരിവേഷത്തിൽ ക്രിസ്തുനാഥൻ നമ്മെ ഒതുക്കിനിർത്തും, പരിരക്ഷിക്കും.

ജോസ് മഞ്ചപ്പിള്ളിൽ.

www.malankaralibrary.com

# ബൈബിൾവാർത്തകൾ

## 1 പൊന്തിഫിക്കൽ ബിബ്ലിക്കൽ കമ്മീഷൻെറ

### സമ്മേളനം

പൊന്തിഫിക്കൽ ബിബ്ലിക്കൽ കമ്മീഷൻ 1979 ഏപ്രിൽ 22 മുതൽ 28 വരെ റോമിൽ സമ്മേളിച്ചു. എല്ലാ അംഗങ്ങളും സന്നിഹിതരാവുകയും ചർച്ചകളിൽ പങ്കുകൊള്ളുകയും ചെയ്തു. നാലു ഭൂഖണ്ഡങ്ങളേയും പതിന്നാലു രാഷ്ട്രങ്ങളേയും പ്രതിനിധീകരിക്കുന്ന ഇരുപത്തൊന്നുപേരാണ് - പ്രസിഡണ്ടും സെക്രട്ടറിയുമടക്കം – കമ്മീഷനിലുള്ളത്. അംഗങ്ങളുടെ പേരുവിവരം താഴെച്ചേർക്കുന്നു.

പ്രസിഡണ്ട്—കർദ്ദിനാൾ ഫ്രാൻജോ സെപർ

സെക്രട്ടറി—ബിഷപ് ആൽബർട്ട് ദേകാം (ബൽജിയം)

1. അലോൺസോ ഡയാസ് ജോസ് S. J. (സ്പെയിൻ), 2. ബർത് ലമി ഷാൻ ഡൊമിനിക്(സ്വിററ്സർലൻറ്), 3. ബെനുവ പിയേർ O.P. (ഇസ്രായേൽ), 4. കസേൽ ഹെൻറി P.S.S. (ഫ്രാൻസ്), 5. കുത്തുരിയേ ഗായ് C.S.C (കാനഡാ), 6. ഡയ്സ്ലർ അൽഫോൺസ് (ജർമ്മനി), 7. ദെല പോട്ടറി ഇഗ്നാസ് S.J. (റോം), 8. ദ്യുപോ ഷാക് O.S.B. (ബൽജിയം), 9. ഗ്നിൽകാ ജൊവാകിം (ജർമ്മനി), 10. ഗ്രീഹി ജോൺ (ഐർലൻററ്), 11.ഗ്രെലോ പിയേർ (ഫ്രാൻസ്) 12. ജാൻകോസ്കി അഗ്രസ്തീനേ O. S. B. (പോളണ്ട്), 13. മർടീനി കാർലോ S.J. (റോം), 14. മൊറേനോ കാസ്മിഞ്ഞാന അന്തോനിയോ (തെക്കേ അമേരിക്ക), 15. പെന്നാ ആഞ്ചെലോ C. R. S. A. (ഇററലി), 16. ക്വിൻ ജെറോം (U. S. A.), 17. നാറെ ലാവ്വറാങ് (ആഫ്രിക്ക), 18. വെള്ളാനിക്കൽ മാത്യു (ഇന്ത്യ), 19. വാംബാക് ബഞ്ചമിൻ O. P. (ഇററലി), 20. മരീനോ മാക്റേലി (ടെക്നിക്കൽ സെക്രട്ടറി).

''വിവിധ സംസ്കാരങ്ങളുമായുള്ള പരസ്പര പ്രവർത്തനം വിശുദ്ധ ഗ്രന്ഥത്തിൽ'' (Acculturation in the Sacred Scripture) എന്നതായിരുന്നു ചർച്ചാവിഷയം. മതപരവും സാംസ്കാരികവുമായ ലോകവുമായുള്ള സമ്പർക്കത്തിൽ, വിശുദ്ധഗ്രന്ഥ രചയിതാക്കൾ സ്വീകരിച്ച നിലപാടുകളിലും അവർ പ്രയോഗത്തിൽ വരുത്തിയ അരൂപിയുടെ വിവേചനത്തിലുമാണ് കമ്മീഷൻ ശ്രദ്ധ കേന്ദ്രീകരിച്ചത്. ഇന്നു് വിവിധ സംസ്കാരങ്ങളുമായുള്ള സമ്പർക്കത്തിൽ സഭ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക പരിഹാരം കണ്ടെത്തുവാൻ ബൈബിളിൽ നിന്നും വെളിച്ചം ഉൾക്കൊള്ളുക എന്നതായിരുന്നു ഈ പഠനത്തിൻെറ ഉദ്ദേശ്യം.

സുവിശേഷവത്കരണ പ്രക്രിയയിൽ വിവിധ സംസ്കാരങ്ങളുമായി ബന്ധം പുലത്തുമ്പോൾ ഇന്നു് സഭ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുവാൻ വിശുദ്ധ ഗ്രന്ഥത്തെക്കുറിച്ചുള്ള ശാസ്ത്രീയ പഠനങ്ങൾ സഹാ

www.malankaralibrary.com

യിക്കണമെന്നു് ഏപ്രിൽ 26-ാം തീയതി രാവിലെ കമ്മീഷന പ്രത്യേകം അനുവദിച്ച അഭിമുഖസംഭാഷണത്തിൽ മാർപ്പാപ്പാതിരുമേനി അംഗങ്ങളെ ഉദ്ബോധിപ്പിച്ചു. സമ്മേളനത്തിൽ ചർച്ചക്കെടുത്ത 'Acculturation' എന്ന വിഷയത്തിൻെറ പ്രാധാന്യവും അതിനു് ഇന്നുള്ള പ്രസക്തിയും അദ്ദേഹം എടുത്തുകാട്ടി. കൂടാതെ, കമ്മീഷനിലെ അംഗങ്ങളിൽ തനിക്കുള്ള വിശ്വാസം തിരുമേനി ഊന്നിപ്പറയുകയും ചർച്ചയുടെ വിജയത്തിനായി പരിശുദ്ധാത്മാവിൻെറ പ്രകാശം അവർക്കു ലഭിക്കട്ടെ എന്നാശംസിക്കുകയും ചെയ്തു.

## II W.C.F.B.A യുടെ ദ്വിതീയസമ്മേളനം

വിശുദ്ധഗ്രന്ഥപ്രചരണാത്ഥമുള്ള ലോകകത്തോലിക്കാ സംഘടന (World Catholic Federation of Biblical Apostolate)യുടെ ദ്വിതീയസമ്മേളനം, മാൾട്ടായിൽവെച്ചു് 1978 ഏപ്രിൽ 11 മുതൽ 19 വരെയുള്ള തീയതികളിൽ നടന്നു. 1969 ൽ സ്ഥാപിതമായ ഈ സംഘടന കത്തോലിക്കാസഭയിലെ വിശുദ്ധഗ്രന്ഥ പ്രചാരണത്തിനുവേണ്ടിയാണു് മുഖ്യമായും നിലകൊള്ളുന്നതു്. വിശുദ്ധഗ്രന്ഥത്തെക്കുറിച്ചുള്ള പഠനവും അറിവും വളത്തുകയും അതിനായി പരസ്പര സമ്പക്കവും അന്തർദേശീയ സഹകരണവും പ്രോത്സാഹിപ്പിക്കയും ചെയ്തുകൊണ്ടു് വിശുദ്ധഗ്രന്ഥ പ്രചാരണോദ്യമങ്ങളെ ഇതു സഹായിക്കുകയും പരിപോഷിപ്പിക്കുകയും ഏകീകരിക്കുകയും ചെയ്യുന്നു.

44 രാജ്യങ്ങളിൽ നിന്നുള്ള 76 അംഗങ്ങൾ സമ്മേളനത്തിൽ സംബന്ധിച്ചു. ക്രൈസ്തവമൂല്യങ്ങളിലടിയുറച്ച ഒരു പുത്തൻ സമൂഹത്തെ വാർത്തെടുക്കുകയെന്ന ക്രൈസ്തവരുടെ ദൗത്യം നിവ്വഹിക്കുവാൻ വിശുദ്ധഗ്രന്ഥാധിഷ്ഠിതമായ ഒരു ആദ്ധ്യാത്മികതവഴി മാത്രമേ സാധിക്കു എന്നു് സമ്മേളനം അവരെ ബോദ്ധ്യപ്പെടുത്തി.

## III "നെയോ-വുൾഗാത്ത"

മോൺ. E. ഷീക്കിൻെറ നേതൃത്വത്തിലുള്ള-മോൺ. S. ഗരോഫലോ അദ്ദേഹത്തിൻെറ സഹായിയും-നെയൊ വുൾഗാത്തക്കുവേണ്ടിയുള്ള പൊന്തിഫിക്കൽ കമ്മീഷൻ ദശവഷത്തെ നിരന്തര പരിശ്രമഫലമായി വിശുദ്ധഗ്രന്ഥത്തിൻെറ വുൾഗാത്താ പരിഭാഷാപുന:പരിശോധന പൂർത്തീകരിച്ചിരിക്കുന്നു. പുതിയനിയമത്തിൻേറയും സങ്കീർത്തനങ്ങളുടേയും പുന:പരിശോധന കൗൺസിലിനുമുമ്പുള്ള ലിററർജിക്കൽ കമ്മീഷൻെറ മേൽനോട്ടത്തിൽ 1974 ൽ പൂത്തിയായി. പഴയനിയമത്തിലെ മററു ഗ്രന്ഥങ്ങളുടെ പുന:പരിശോധനയും ഇതാ തീർന്നിരിക്കുന്നു. വി. ജെറോമിൻെറ ആശ്രമത്തിലെ ബെനഡിക്റ്റൈൻസ് വുൾഗാത്തായെക്കുറിച്ചു പ്രസിദ്ധപ്പെടുത്തിയ വിമശനങ്ങളുടെ വെളിച്ചത്തിൽ ജെറോമിൻെറ വുൾഗാത്താ തിരുത്തിയെഴുതുകയാണു് ഇപ്പോൾ ചെയ്തിട്ടുള്ളതു്. വിശുദ്ധഗ്രന്ഥത്തിൻെറ ലത്തീൻ പരിഭാഷയെ ഹീബ്രു-ഗ്രീക്കു മൂലങ്ങളോടു് അനുരൂപപ്പെടുത്തുകയായിരുന്നു പുന:പരിശോധനയുടെ ലക്ഷ്യം. ഏപ്രിൽ 27-ാം തീയതി, നെയോ വുൾഗാത്താക്കുവേണ്ടിയുള്ള പൊന്തിഫിക്കൽ കമ്മീഷനു് പ്രത്യേകം അനുവദിച്ച സംഭാഷണത്തിൽ, അതു നിവ്വഹിച്ച സ്തുത്യർഹമായ ജോലിയിൽ, തനിക്കുള്ള മതിപ്പും അഭിനന്ദനവും പരിശുദ്ധപിതാവു് ജോൺ പോൾ ദ്വിതീയൻ പ്രകാശിപ്പിച്ചു.

ഡോ. മാത്യു വെള്ളാനിക്കൽ.

www.malankaralibrary.com

# 1 ബൈബിൾ: ഉദ്ഭവവും ഉള്ളടക്കവും

ഡോ. ജോസഫ് വലിയമംഗലം

പ്രസാധകർ ദീപനാളം പബ്ളിക്കേഷൻസ്, പാലാ.

1979 pp XII + 252 വില 5 - 25 രൂ.

ബൈബിൾ: ഉദ്ഭവവും ഉള്ളടക്കവും എന്നപേരിൽ ഏതാനും വർഷങ്ങൾക്കു മുമ്പ് പ്രകാശനം ചെയ്യപ്പെട്ട ഒരു ഗ്രന്ഥത്തിൻെറ പരിഷ്കരിച്ച പതിപ്പാണിതു്. ആദ്യപതിപ്പിലെ അദ്ധ്യായങ്ങൾ പലതും പുതുക്കിയെഴുതിയും കൂടുതലദ്ധ്യായങ്ങൾ ചേർത്തുമാണ് ഈ പരിഷ്കരണം സാധിച്ചിരിക്കുന്നതു്. ആശയങ്ങൾ സ്പഷ്ടമാകുന്നതിനുവേണ്ടി ഉപയോഗിച്ച ചെറുകുറിപ്പുകൾ വളരെ വിജ്ഞാനപ്രദങ്ങളാണ്.

പുതിയനിയമത്തിനും പഴയ നിയമത്തിനും മലയാളത്തിൽ ആമുഖങ്ങൾ ഇന്നുള്ള പശ്ചാത്തലത്തിൽ, വിശുദ്ധ ഗ്രന്ഥത്തിനു പൊതുവായൊരു ആമുഖമായി ഈ ഗ്രന്ഥം പ്രകാശിതമായിരിക്കുന്നതു വളരെ നന്നായിരിക്കുന്നു. വിശുദ്ധ ഗ്രന്ഥത്തിൻെറ ദൈവനിവേശിത സ്വഭാവം ഗ്രഹിക്കുവാൻ ബുദ്ധിമുട്ടുള്ള ഒന്നാകയാൽ അനുവാചകക്ക് അതു വിശദമാക്കിക്കൊടുക്കുന്നതിനു് ദൈവനിശ്വസിത ഗ്രന്ഥം, ദൈവനിശ്വസനസിദ്ധാന്തങ്ങൾ എന്നീ അദ്ധ്യായങ്ങളിലൂടെ ഗ്രന്ഥകർത്താവു നടത്തുന്ന ശ്രമം വിജയിച്ചിട്ടുണ്ടു്; ബൈബിളിലെ ദൈവവിജ്ഞാനീയം എന്ന അദ്ധ്യായവും വിജ്ഞാന പ്രദംതന്നെ, ബൈബിൾനാടിൻെറ ഭൂമിശാസ്ത്രം, ചരിത്രം, അവിടെ നടത്തുന്ന പുരാവസ്തു ഗവേഷണങ്ങൾ എന്നിവയെക്കുറിച്ചു ഗ്രന്ഥകാരൻ നല്കുന്ന അറിവും ബൈബിൾ വിജ്ഞാനീയത്തിനു നല്ലൊരു മുതൽക്കൂട്ടുതന്നെ. അനുബന്ധത്തിൽ കാണുന്ന 'പി. ഒ. സി.; മാന്നാനം ബൈബിളുകൾ' എന്ന ശീർഷകത്തിലുള്ള താരതമ്യപഠനം, ഒന്നുകിൽ ഉപേക്ഷിക്കുകയോ അല്ലെങ്കിൽ ഇത്രയും ദീർഘമാക്കാതിരിക്കുകയോ ചെയ്യാമായിരുന്നില്ലേ എന്നു ചിന്തിച്ചുപോകുന്ന അനുവാചകർ കണ്ടേക്കാം.

ബൈബിൾ പഠനത്തിൽ വളരെയധികം താത്പര്യം ജനിച്ചിരിക്കുന്ന ഇക്കാലത്തു ഡോ. ജോസഫ് വലിയമംഗലത്തിൻെറ "ബൈബിൾ ഉദ്ഭവവും ഉള്ളടക്കവും" എന്ന ഗ്രന്ഥം, മലയാളികൾക്കു വളരെ ഉപകാരപ്രദമായിരിക്കുമെന്നതിൽ രണ്ടുപക്ഷമില്ല.

ഡോ. തോമസ് കയ്യാലപറമ്പിൽ

# 2 പുലരിനക്ഷത്രം

ബൈബിൾ ഏകാങ്കങ്ങൾ_ ജിയോ തടിക്കാട്ട്

വിതരണം: ദീപിക ബുക്ഹൗസ്, കോട്ടയം.

വില 4. 50 ക. പേജ് 125 + X

ദൈവമനുഷ്യസമാഗമം നിറഞ്ഞുനില്ക്കുന്ന, നിത്യനൂതനമായ വേദപുസ്തകം വിവിധ രൂപഭാവങ്ങളിൽ ആവിഷ്കരിക്കുന്നതു കാലോചിതമാണ്. കലാസാഹിത്യമണ്ഡലങ്ങളിൽ മനുഷ്യൻെറ താത്പര്യം ഏറിവരുന്ന ഇക്കാലഘട്ടത്തിൽ അതിലെ മുഖ്യവിഷയങ്ങളോ സംഭവങ്ങളോ രംഗീകരി

www.malankaralibrary.com

ച്ച പ്രസിദ്ധീകരിക്കുക സ്വാഗതാർഹമാണ്, ആവശ്യവുമാണ്. ആദ്ധ്യാത്മികാനുഭൂതിയും ദൈവാഭിമുഖ്യവും ലഭിക്കുവാൻ പര്യാപ്തമായവിധം ബൈബിൾ സംഭവങ്ങൾ നാടകീയമായി അവതരിപ്പിക്കുവാൻ നാം വേണ്ടത്ര ശ്രമിച്ചിരുന്നില്ല: എന്നാൽ ഈ വിടവു നികത്തിയിരിക്കുകയാണ് ജിയോ തടിക്കാട്ടിൻെറ തൂലികയിൽ നിന്നുതിർന്നുവീണ "പുലരിനക്ഷത്രം." വിശുദ്ധ ഗ്രന്ഥത്തിലെ ഏതാനും പ്രധാന സംഭവങ്ങളേയും വ്യക്തികളേയും ചരിത്രപശ്ചാത്തലത്തിലും ദൈവികസന്ദേശത്തിലും അടിസ്ഥാനപ്പെടുത്തി, മജ്ജയും മാംസവും നല്കി അവതരിപ്പിച്ചിരിക്കുന്ന മനോഹരങ്ങളായ ഏകാങ്കങ്ങളാണ് ഇതിലെ ഉള്ളടക്കം.

ഗ്രന്ഥകാരൻെറ ആദ്യകൃതിയെങ്കിലും എടുത്തുപറയത്തക്ക പരാധീനതകളൊന്നും ഇതിലില്ല. പ്രതിപാദിച്ചിരിക്കുന്ന വിഷയങ്ങളിൽ നവീനതയില്ലെങ്കിലും അവതരണത്തിൽ സ്വന്തമായ ശൈലിയും തന്മയത്വവും ഭാവരൂപങ്ങളുമുണ്ട്. ഏകാങ്കങ്ങളെല്ലാംതന്നെ രംഗയോജ്യവും അഭിനയയോഗ്യവുമാണ്. പാരിഷ് ലൈബ്രറികളിൽ അവശ്യം ഉണ്ടായിരിക്കേണ്ടതാണ് ഈ ഗ്രന്ഥം. ക്രൈസ്തവസാഹിത്യത്തിനെന്നല്ല, കൈരളിസാഹിത്യത്തിനുതന്നെ അഭിമാനിക്കാവുന്ന ഒരു മുതൽക്കൂട്ടാണിതു്.

ലൂക്കു് പൂതൃക്കയിൽ

# 3 കുരിശിൻെറ വഴിയിൽ

കെ. ജെ. അലക്സാണ്ടർ

സെൻറ് ജോൺസ് പ്രസ്സ്, അഞ്ചൽ. പേജ് 120.

വില 4. 50 ക.

നസ്രായനായ യേശുവിൻെറ ജീവിതവും മരണവും 'ലോകത്തിൻെറ വിധിയും ലോകചരിത്രത്തിൻെറ ഗതിയും മാററിയെഴുതു'വാൻ പോരുന്നതായിരുന്നു. ആ ധന്യജീവിതത്തിൻെറ അവസാനഘട്ടത്തെക്കുറിച്ച് പണ്ഡിതനും പത്തിലധികം ഗ്രന്ഥങ്ങളുടെ രചയിതാവുമായ മി. കെ. ജെ. അലക്സാണ്ടർ എഴുതിയിട്ടുള്ള ഗ്രന്ഥമാണ്, 'കുരിശിൻെറ വഴിയിൽ'. ഇസ്രായേലിൻെറ പാപപരിഹാരബലിവസ്തുവായ ആട്ടിൻകുട്ടിയെ ആണ്ടുതോറും കൊണ്ടുപൊയ്ക്കൊണ്ടിരുന്ന വഴിയിലൂടെ ഈശോ ഗത്സമനിലേയ്ക്കു പോകുന്നതു മുതൽ അവിടുത്തെ സ്വർഗ്ഗാരോഹണത്തിനുശേഷം സഭയുടെ ഉദ്ഘാടനംവരെയുള്ള സംഭവങ്ങളാണ് ഇതിലെ പ്രതിപാദ്യം. എല്ലാ കഥാപാത്രങ്ങളുമായും താദാത്മ്യം പ്രാപിച്ച് അവരുടെ സ്ഥാനത്തുനിന്ന് ഗ്രന്ഥകാരൻ സംഭവങ്ങളുടെ നാനാവശങ്ങളും വിലയിരുത്തുന്നുണ്ടു്. വി. ഗ്രന്ഥത്തിലെ ബന്ധപ്പെട്ട മററു സംഭവങ്ങളും പ്രവചനങ്ങളും പണ്ഡിതോചിതമായി അതാതു സ്ഥലത്തു് എടുത്തു കാട്ടിയിരിക്കുന്നു. ചുരുക്കത്തിൽ യേശുവിൻെറ അവസാന വിനാഴികകളിൽ അവിടുത്തോടൊത്തു് ജീവിക്കുവാൻ ഈ ഗ്രന്ഥം അനുവാചകർക്ക് അവസരം നല്കുകയാണ്. 'പത്രോസിൻെറ പശ്ചാത്താപ'വും 'യൂദാസിൻെറ ദുരന്ത'വും അല്പം നീണ്ടുപോയെന്നു തോന്നുന്നു. ഒന്നു രണ്ടിടത്തു് വാക്കുകളിൽ അക്ഷരപ്പിശകുവന്നിരിക്കുന്നതു് (ഉദാ: p. 10) അ-

www.malankaralibrary.com

ത്ഥവ്യത്യാസത്തിനിടയാക്കിയിട്ടുണ്ട്. ഗ്രന്ഥകാരൻെറ ധ്യാനനിരതമായ അന്ത:രംഗം വായനക്കാർക്ക് ലളിതസുന്ദരമായ ശൈലിയിൽ സമ്മാനിച്ചിരിക്കുന്ന ഈ മനോഹരഗ്രന്ഥം ക്രൈസ്തവർക്കും ഇതരർക്കും ഒരുപോലെ ഉപകാരപ്രദവും ആസ്വാദ്യവുമായിരിക്കുമെന്നതിന് സംശയമില്ല.

– ഡി. കൊല്ലംപറമ്പിൽ.

# 4 പ്രവാചകധർമ്മം

ഗ്രന്ഥകർത്താ: ഫാ. മാത്യു മങ്കുഴിക്കരി

സെൻറ് തോമസ് അപ്പസ്റ്റോലിക് സെമിനാരി, വടവാതൂർ

വില 5. ക. പേജ്, 210.

ഫാ: മാത്യു മങ്കുഴിക്കരിയുടെ പരിപക്വമായ വായനയുടെയും ആഴമായ ചിന്തയുടെയും ദീർഘകാലത്തെ അനുഭവജ്ഞാനത്തിൻെറയും ഫലമാണ് 'പ്രവാചകധർമ്മം.' പ്രവാചകധർമ്മത്തിൻെറ പാവനത, പ്രധാന്യം, പ്രസംഗകനും പ്രസംഗത്തിനും ഉണ്ടായിരിക്കേണ്ട ഗുണങ്ങൾ, പ്രസംഗത്തിനുള്ള ഒരുക്കം, പ്രസംഗസൃഷ്ടി, പ്രസംഗപാഠം, അതിൻെറ അവതരണം, വിവിധതരം പ്രസംഗങ്ങളും ധ്യാനങ്ങളും എന്നിവ നാലു ഭാഗങ്ങളിലായി, ലളിതമായും പ്രായോഗികമാക്കാവുന്ന വിധത്തിലും ഇതിൽ കൈകാര്യം ചെയ്തിട്ടുണ്ട്: വിഷയം കൈകാര്യം ചെയ്യുവാൻ സഹായകമായ ഒരു പുസ്തകസൂചിയും അവസാനം ചേർത്തിരിക്കുന്നു.

പ്രവാചകധർമ്മത്തിലേർപ്പെട്ടിരിക്കുന്നവരും അതിൻെറ ഫലം അനുഭവിക്കുന്നവരുമായ എല്ലാവർക്കും ഈ പുസ്തകം അനുപേക്ഷണീയമാണ്.

ഫാ. ജോസഫ് കോയിക്കക്കുടി.

www.malankaralibrary.com

# പ്രസംഗമഞ്ജരി

**ചീഫ് എഡിററർ– ഫാ. കുര്യൻ മാതോത്തു്.**

സുവിശേഷാധിഷ്ഠിതമായ പ്രസംഗങ്ങൾ

ആഗമനകാലത്തോടെ ആരംഭിക്കുന്ന ആരാധനക്രമവത്സരവൃത്തത്തിലെ എല്ലാ ഞായറാഴ്ചകളിലേയും പ്രസംഗങ്ങൾ.

ഓരോ സുവിശേഷഭാഗത്തെത്തന്നെ ആസ്പദമാക്കി വിവിധങ്ങളായ പ്രതിപാദനങ്ങൾ, മൊത്തം ഇരുനൂറോളം പ്രസംഗങ്ങൾ.

ബൈബിൾ അധിഷ്ഠിതമായ ധ്യാനത്തിനു് ഉത്തമസഹായി.

രണ്ടു വാല്യങ്ങളായി 1979 നവംബറിൽ പ്രസിദ്ധീകരിക്കുന്നു.
മേനിക്കടലാസ് — 800–ൽ പരം പേജുകൾ

വില 30 രൂപാ

# ഈശോയേ വന്നാലും

**ഫാ. സെബാസ്റ്റ്യൻ നടുത്തടം**
**ശ്രീ എസ്. കുര്യൻ വേമ്പേനി.**

എത്ര സമുന്നതനായ ആരും തന്റെ പ്രഥമ ദിവ്യകാരുണ്യസ്വീകരണത്തെ വളരെ സന്തോഷപൂർവ്വമാണു് സ്മരിക്കുന്നതു്. ഈ കൂദാശ സ്വീകരണത്തിനു് ഒരുങ്ങുന്ന അവസരത്തിൽ എന്തെല്ലാം കാര്യങ്ങൾ പഠിക്കണമെന്നു് ഏററവും ലളിതവും സുന്ദരവുമായ ഭാഷയിൽ പ്രതിപാദിക്കുന്നു. ഭംഗിയായി അവതരിപ്പിച്ചിരിക്കുന്ന ബൈബിൾ കഥകൾ, ഉദാഹരണങ്ങൾ ആകർഷണീയമായ ചിത്രങ്ങൾ, ഗാനങ്ങൾ എന്നിവ ഈ ചെറിയ ഗ്രന്ഥത്തിൻ മാററു വർദ്ധിപ്പിക്കുന്നു.

വില 1 . 75 രൂപാ

Contact

Director
Catechetical Centre
Palai 686575.

---

Printing: St. Joseph's Press, Mannanam
Published from St. Thomas Ap. Seminary, Kottayam – 10
By Msgr. Z. Vazhappilly.

www.malankaralibrary.com

Reg. No. R. N. 27314/72


# STEEL INDIA

INDUSTRIAL ESTATE, PALAI

KAROOR P. O. 686 675

KERALA, INDIA.

Phone: Office 337, Director 483

**We manufacture:**

HOSPITAL FURNITURE AND EQUIPMENTS,
HOME AND OFFICE FURNITURE, SAFE,
STRONG BOXES, TABERNACLES,
RUBBER ROLLERS,
GATE GRILLS SAFE DOORS,
GOBARGAS PLANTS Etc.

**We undertake:**

PRECISION JOB WORKS, REQUIRING,
TURNING, MILLING, DRILLING, SHAPING,
SURFACE GRINDING,
ELECTROPLATING WORKS Etc.


www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

Reg. No. R. N. 27314/72


# STEEL INDIA

INDUSTRIAL ESTATE, PALAI

KAROOR P. O. 686 675

KERALA, INDIA.

Phone: Office 337, Director 483

**We manufacture:**

HOSPITAL FURNITURE AND EQUIPMENTS,
HOME AND OFFICE FURNITURE, SAFE,
STRONG BOXES, TABERNACLES,
RUBBER ROLLERS,
GATE GRILLS SAFE DOORS,
GOBARGAS PLANTS Etc.

**We undertake:**

PRECISION JOB WORKS, REQUIRING,
TURNING, MILLING, DRILLING, SHAPING,
SURFACE GRINDING,
ELECTROPLATING WORKS Etc.


www.malankaralibrary.com